# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ

ഇ-മെയിൽ: mltir.ksad@kerala.gov.in

ഫോൺ :

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.ആർ.എം2/110/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ
തീയ്യതി: 31/03/2023
ഇ-മെയിൽ: mltir.ksad@kerala.gov.in
ഫോൺ:

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-24,1-25,1-30,1-32,1-34,2-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.റീജിയിണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്. മേഖല കാര്യാലയം കോഴിക്കോട്(ഉപരിപത്രം സഹിതം)
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.ആർ.എം2/110/2023 തീയ്യതി: 31/03/2023

## മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽ.പി. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 01-08-2022 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2022 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി., ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് മുസ്തഫ.പി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീത് ബാബു.കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിജീഷ് മോഹൻ.ടി., ഓഡിറ്റർ

01-08-2022 മുതൽ 07-08-2022 വരെ
ശ്രീ.ഡാനിഷ്. കെ.ഇസഡ്, ഓഡിറ്റർ
08-08-2022 മുതൽ 28-02-2023 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ. എ.പി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. രാമചന്ദ്രൻ. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 03-05-2021 |
| ശ്രീ.റ്റി.വി.ശിവദാസൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-05-2021 | 15-03-2022 |
| ശ്രീ.ഷെറി.ജി. | സെക്രട്ടറി | 16-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പത്മശ്രീ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. പ്രിൻസി സേവ്യർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ബേബി ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 01-04-2021 | 31-03-2022 |
| സുബ്രമണ്യൻ.പി.വി | ഹെൽത്ത് സൂപ്പർവൈസർ ഇൻ ചാർജ് | 01-04-2021 | 06-07-2021 |
| ജീവരാജ്. ഇ.കെ | ഹെൽത്ത് സൂപ്പർവൈസർ | 07-07-2021 | 31-03-2022 |
| ശ്രീമതി. സക്കീന കുന്നത്ത് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. അബൂബക്കർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഉഷ.പി. | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ അസീസ് | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ശ്രീ. വി. മുഹമ്മദ് | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രഞ്ജിത്ത്. എ | പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജേഷ്.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാമചന്ദ്രൻ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികക്കണക്കിലെ അപാകതകൾ | 1-11 |
| 12 | വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല-വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു. | 1-12 |
| 13 | മാർക്കറ്റ് കെട്ടിടത്തിലെ വാടക വാടക കുടിശ്ശിക-നഗരസഭ ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല | 1-12-1 |
| 14 | ടൌൺ ഹാളിലെ വാടക ഇനത്തിൽ 41990/-രൂപ കുടിശ്ശിക | 1-12-2 |
| 15 | ബസ് സ്റ്റാന്റ് കെട്ടിടത്തിലെ വാടക കുടിശ്ശിക | 1-12-3 |
| 16 | മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള വാടക കുടിശ്ശിക | 1-12-4 |
| 17 | ഷോപ്പിംഗ് കോംപ്ലക്സിലെ വാടക കുടിശ്ശിക | 1-12-5 |
| 18 | തൊഴിൽ നികുതി (ട്രേഡേഴ്സ് ) ഡിമാന്റ് ചെയ്യുത് പിരിച്ചെടുക്കുന്നില്ല | 1-13 |
| 19 | സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-14 |
| 20 | വരുമാന പത്രിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 21 | തൊഴിൽ നികുതി കുടിശ്ശിക ₹44,03,476/-പിരിച്ചെടുക്കാനവശേഷിക്കുന്നു | 1-16 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-17 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല 55,000/-രൂപയുടെ നഷ്ടം | 1-18 |
| 24 | അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ₹ 26,94,535 -നിയമ നടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 25 | വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല- 2,36,92,749/- പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-20 |

| | | |
|---|---|---|
| 26 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 27 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു | 1-22 |
| 28 | എസ്.എസ്.എ.യ്ക്ക് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-30,00,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-23 |
| 29 | ഐ.കെ.എം.ന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-281132/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-24 |
| 30 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-3384776/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-25 |
| 31 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-1806450/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-26 |
| 32 | വയോമിത്രം -സാമൂഹ്യ സുരക്ഷമിഷന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-27 |
| 33 | പി.എം.എ.വൈ ലൈഫ് പദ്ധതി-അപാകതകൾ | 1-28 |
| 34 | പരിരക്ഷാ പാലിയേറ്റീവ് കെയർ-മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല-93621/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-29 |
| 35 | മുൻകൂർ നല്കിയ തുകയുടെ മരുന്നുകൾ ഇതുവരെയും ലഭ്യമാകാത്തത് -800018/-രൂപ തനതു ഫണ്ടിൽ അടവാക്കി | 1-30 |
| 36 | അഗതി രഹിത കേരളം-ആശ്രയ പദ്ധതി-അപാകതകൾ | 1-31 |
| 37 | പട്ടികജാതി കുടുബങ്ങൾക്ക് തുറന്ന കിണർ നിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാതെ മുഴുവൻ തുകയും നല്കി-358445/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-32 |
| 38 | എസ്.സി.വിദ്യാർത്ഥിക്ക് പഠനമുറി-അപാകതകൾ-163900/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-33 |
| 39 | കോവിഡ് 19 രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ- 1177101/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-34 |
| 40 | നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾ - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 41 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - അപാകതകൾ | 1-36 |
| 42 | ടെയിലർ ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമല്ല. | 1-37 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണതീയതിക്ക് ശേഷവും പെൻഷണറുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തു - സർക്കാരിന് നഷ്ടം 5,79,900 രൂപ | 1-38 |
| 44 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ച തുക | 1-39 |

| | | |
|---|---|---|
| | മുഴുവനായും തിരികെ ഈടാക്കിയിട്ടില്ല | |
| 45 | പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത്- തിരിച്ചടവ് തുടർ നടപടി വിവരം ലഭ്യമല്ല | 1-40 |
| 46 | തദ്ദേശ പൊതുതിരഞ്ഞെടുപ്പ് 2020 - സുരക്ഷിത നിക്ഷേപം അനധികൃതമായി പിൻവലിച്ച് സൂക്ഷിച്ചത് - തിരികെ അടവാക്കി | 1-41 |
| 47 | തിരൂർ നഗരസഭയിലെ മാലിന്യ സംസ്കരണം - ശുചിത്വ മിഷൻ അനുവദിച്ച 2,60,15,000/- രൂപ ചെലവ് ചെയ്തില്ല. തുക പാഴായി | 1-42 |
| 48 | പെൻഷൻ പരിഷ്കരണം - പെൻഷൻ ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-43 |
| 49 | സർവ്വീസ് ടാക്സ് പൂർണ്ണമായി ഈടാക്കി സമയബന്ധിതമായി അടവാക്കിയില്ല | 1-44 |
| 50 | ലേല കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. - 2,87,868/- രൂപ കുടിശ്ശിക | 1-45 |
| 51 | പത്രപ്പരസ്യം നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ തുകയും പത്രങ്ങൾക്ക് നല്കി-ചെലവു തുക 5568/-രൂപ നിരാകരിക്കുന്നു. | 1-46 |
| 52 | തനത് ഫണ്ട് ലഭ്യത ഉറപ്പ് വരുത്തി പ്രോജക്ടുകൾക്കുള്ള തുക വകയിരുത്തേണ്ടതാണ്. | 1-47 |
| 53 | പാർക്കിംഗ് പ്ലാസ നിർമ്മാണം -തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചില്ല | 1-48 |
| 54 | വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കരാർ ചമക്കാൻ വൈകിയതിന് പിഴ ₹4172 /-ഈടാക്കിയില്ല. | 1-49 |
| 55 | തിരൂർ നഗരസഭ മാർക്കറ്റ് കോറിഡോർ വികസനം - അപാകതകൾ | 1-50 |
| 56 | അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല | 1-51 |
| 57 | വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 1,90,000 രൂപ നിരാകരിക്കുന്നു | 1-52 |
| 58 | കിഡ്നി രോഗികൾക്ക് മരുന്ന് ലഭ്യമാക്കിയില്ല - 99,992/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-53 |
| 59 | മുനിസിപ്പൽ ബസ് സ്റ്റാന്റിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ചതിലെ അപാകതകൾ | 1-54 |
| 60 | ഗ്യാസ് ക്രിമറ്റോറിയം - പരിപാലനവും നടത്തിപ്പും അപാകതകൾ-3896/- രൂപ നഷ്ടം | 1-55 |
| 61 | സാംസ്കാരിക സമുച്ചയത്തിൽ സോളാർ പാനൽ, മൈക്ക് സിസ്റ്റം സ്ഥാപിക്കൽ- അപാകതകൾ | 1-56 |
| 62 | ബയോബിൻ വിതരണം - വിതരണത്തിലെ അപാകതകൾ -50,79,800 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-57 |
| | ഭാഗം **2** | |
| 1 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല 55,000/-രൂപയുടെ നഷ്ടം | 2-1 |

| | | |
|---|---|---|
| | ഭാഗം **3** | |
| 1 | പത്രപ്പരസ്യം നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ തുകയും നല്കി -5568/-രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 1,90,000 രൂപ നിരാകരിക്കുന്നു | 3-2 |
| 3 | ഗ്യാസ് ക്രിമറ്റോറിയം - പരിപാലനവും നടത്തിപ്പും അപാകതകൾ-3896/- രൂപ നഷ്ടം | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.02.2021തീയതിയിലെ 1ാംതീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2022തീയതിയിലെ 1ാംതീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 26.07.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 148035681.28 |
| വരവ് | 304397202 |
| ആകെ | 452432883.28 |
| ചെലവ് | 331568781 |
| നീക്കിയിരിപ്പ് | 120864102.28 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37926933 | 37926933 | 37925329 | 1604 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12944600 | 12944600 | 6025441 | 6919159 | |
| സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 22311000 | 22311000 | 20121251 | 2189749 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (ACR പ്രകാരം) | 0 | 16854615 | 16854615 | 7362936 | 9491679 | |
| ധനകാര്യ കമ്മീഷൻ (CFC-tied)(ACR പ്രകാരം) | 0 | 22036930 | 22036930 | 14307738 | 7729192 | ബാലൻസ് തുക 2022-23 ലേക്ക് ഉപയോഗിക്കുന്നു. |
| ധനകാര്യ കമ്മീഷൻ (CFC-Untied)(ACR പ്രകാരം) | 0 | 38750217 | 38750217 | 14177037 | 24573180 | ബാലൻസ് തുക 2022-23 ലേക്ക് ഉപയോഗിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| അംഗൻവാടി ന്യൂട്രീഷൻ | | 13185000 | 13185000 | 13185000 | | |
| പി.എം.എ.വൈ. | | 4395000 | 4395000 | 4395000 | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 228167712 | 127 | 116979300 | 45 | 92 | 48.10% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| | | | പ്രോജക്ട് ചെലവുകൾ | ഭരണചെലവുകൾ | ആകെ ചെലവ് | |
| 3749532 | 2569261 | 6318793 | 5598437 | 427574 | 6026011 | 292782 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (വാർഷിക ധനകാര്യപത്രിക പ്രകാരം)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | *ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5040 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 931200 | 59 |
| വിധവാപെൻഷൻ | 27772400 | 1817 |
| വാർദ്ധക്യകാലപെൻഷൻ | 55823300 | 3903 |
| വികലാംഗപെൻഷൻ | 7806700 | 534 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 750400 | 52 |

*നഗരസഭയിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2022, 19.09.2022, 19.10.2022, 18.11.2022, 17.12.2022, 27.01.2023, 27.02.2023ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയതികളിലെല്ലാം ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല.കുടിശ്ശികയായ തുകകൾ കൃത്യമായി കണക്കാക്കാത്തതിനാലും തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാലും വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട തുകകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല. നഗരസഭ ഫണ്ടിന്റെ പ്രധാന ഉറവിടമായ വസ്തു നികുതി, തൊഴിൽ നികുതി ഇനങ്ങളിൽ ഭീമമായ തുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

വിശദാംശങ്ങൾ ഭാഗം 1 ൽ ചേർത്തിട്ടുണ്ട്.

2) പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിറ്ററിംങ്ങ് സമിതികൾ വിലയിരുത്തിയിട്ടില്ല.

3)ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ല. സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി ഓഡിറ്റ് അദാലത്ത് സംഘടിപ്പിച്ചെങ്കിലും ഖണ്ഡികകൾ പരിഹരിക്കുന്നതിനായി നഗരസഭയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ ഇല്ലാത്തതിനാൽ ആയത് ഫലപ്രദമായിരുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിററ് റിപ്പോർട്ടുകളുടെ വിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10 ൽ ചേർത്തിട്ടുണ്ട്.

4)മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

5) നഗരസഭയിലെ വിവിധ സെക്ഷനുകൾക്ക് തൻപതിവേട് രജിസ്റ്ററുകൾ വിതരണം ചെയ്യുന്നുവെങ്കിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുകയോ ആയത് മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.

6)വസ്തുനികുതിയുടെ ദിവസേനയുള്ള മാറ്റങ്ങൾക്കനുസരിച്ച് കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007 ചട്ടം 15 പ്രകാരം പ്രതിമാസ ഡിമാന്റ് സാംഖ്യാ സോഫ്റ്റ്‌വെയറിൽ കൃത്യമായി നൽകാത്തതിനാൽ ടി ഇനത്തിന്റെ കണക്കിൽ കൃത്യതയില്ല.

7)ഓരോ വർഷവും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റും നഗരസഭയിലില്ല.

8)വിവിധ ഇനങ്ങളിലായി നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ ശരിയായ രീതിയിൽ ഡിമാന്റ് ചെയ്യുന്നതിൽ നഗരസഭ വിജയിച്ചിട്ടില്ല. രേഖകൾ പരിശോധിക്കുമ്പോൾ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കാത്ത വളരെ അധികം കെട്ടിടങ്ങൾ നഗരസഭയിലുണ്ട് എന്ന് കാണുന്നു. സാമ്പത്തിക സ്ഥിതി മെച്ചമല്ലാതിരുന്നിട്ടും എല്ലാ നികുതി/നികുതിയേതര വരവുകളും ഡിമാന്റ് ചെയ്യുവാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല.

9)മരാമത്ത് പ്രവൃത്തികളിൽ യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതും, യഥാസമയം പൂർത്തീകരിക്കാത്തതുമായ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുകയോ, ബ്ലാക്ക് ലിസ്റ്റിംഗ് ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. കരാറുകാർ ടെണ്ടർ നോട്ടീസുകളിൽ യഥാസമയം പ്രതികരിക്കാതിരിക്കുകയും, പിന്നീട് റീ-ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത് പ്രവൃത്തി നേടിയെടുക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല എന്നത് വ്യക്തമാണ്.

10)തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് ധാരാളം പ്രോജക്ടുകൾ തൻവർഷം ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

11. പൊതു ടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ നിലവിൽ എത്ര എണ്ണം പൊതു ടാപ്പുകൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമല്ല. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയ്ക്കു നല്കേണ്ട കുടിശ്ശികയെ സംബന്ധിച്ച രജിസ്റ്ററോ ഫയലോ പരിപാലിക്കുന്നില്ല.

12)നഗരസഭയിലെ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകങ്ങൾ നഗരസഭ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ശമ്പള പരിഷ്കരണം, പ്രമോഷൻ തുടങ്ങിയവ പ്രകാരം ശമ്പളം നിജപ്പെടുത്തിയതിന് അതാത് സമയങ്ങളിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഇത് തെറ്റായി ശമ്പള നിർണ്ണയങ്ങൾ വഴി ജീവനക്കാരന് അധിക ശമ്പളം നൽകുവാനും ജീവനക്കാരന് വലിയ ബാദ്ധ്യത ഉണ്ടാകുവാനും പെൻഷൻ ശുപാർശചെയ്യുന്നതിന് കാലതാമസം നേരിടാനും ഇടയാക്കുന്നുണ്ട്. ഈ വിഷയം പലപ്പോഴായി നഗരസഭ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

13. വരവു ചെലവുകളുടെ വിവരമോ ആയത് അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ വിവരമോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

14. പ്രോജക്ട് ഓഫീസർ, യു.പി.എ.സി. ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | |
|---|---|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 21.10.2019 മുതൽ 23.10.2019 വരെ | 2018-19, 2019-20 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2019 | 2018-19 | 07.12.2019 |

## 1-11 വാർഷികക്കണക്കിലെ അപാകതകൾ

നഗരസഭയുടെ 2021-22 വാർഷികക്കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ചുവടെ കൊടുക്കുന്നു.

(1) ബി-17, RP 40 (B) ഷെഡ്യൂളുകൾ പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകളും പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുകളും പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്. ആയത് ക്രമീകരിക്കുന്ന റീകൺസിലിയേഷൻ പത്രികകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ് ബുക്ക് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം കാണുന്നുണ്ട്.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് | റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ്ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | SBI (Own Fund) A/c 57003523639 | 46449149.28 | 48480690.42 | 48072415.28 |
| 2 | AXIS (POS) Own Fund 919020069269643 | 1436379 | 1183205 | 1335733 |
| 3 | SBI (D&O) 38262710501 | 3262334 | 1713273 | 1558613 |

ക്രമ നമ്പർ (1), (2) പ്രകാരമുള്ള ബാങ്കുകളുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷത്തെ മുഴുവൻ തുകയും റീ കൺസിൽ ആയിട്ടുള്ളതാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിക്കുന്ന വ്യത്യാസത്തിന് കാരണം ബാങ്ക് സ്റ്റേറ്റ്മെന്റിലോ, സാംഖ്യ ബാങ്ക് ബുക്കിലോ ഒന്നിൽ കൂടുതൽ എൻട്രികൾ തമ്മിൽ റീകൺസിലിയേഷൻ ചെയ്യുമ്പോൾ ചില സന്ദർഭങ്ങളിൽ മുഴുവൻ തുകയും റീകൺസിൽ ആകാത്തതാണ്. ക്രമ നമ്പർ (3) പ്രകാരമുള്ള ഓൺലൈൻ വരവുകൾ ലഭ്യമാകുന്ന ബാങ്കിലെ റീകൺസിലിയേഷൻ സംബന്ധിച്ച വിഷയം ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ആയതിന്റെ അടിസ്ഥാനത്തിൽ E-payment Gateway യിൽ നിന്നും ലഭ്യമാകുന്ന വിവിധ റിപ്പോർട്ടുകളിൽ ആവശ്യമായ അപ്ഡേഷൻ ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ റീകൺസിൽ ചെയ്യുന്നതിന് ആവശ്യമായ നടപടി നിലവിൽ സ്വീകരിച്ചിട്ടുണ്ട് എന്നാണ് മേൽ അപാകതകൾക്ക് മറുപടി നൽകിയിട്ടുള്ളത്.

(2) B-5 Secured Loans ഷെഡ്യൂളിലെ Loans Under National Slum Development Project ൽ 84,504/- രൂപ തിരിച്ചടവാക്കാൻ ബാധ്യതയുണ്ട്. ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് 2020-21 വർഷത്തെ വാർഷിക കണക്ക് അപാകതകൾ ക്രമ നമ്പർ 3 ന് മറുപടി നൽകിയിരുന്നു. എന്നാൽ ആയത് തിരിച്ചടവാക്കാതെ നഗരസഭ തനത് ഫണ്ടിൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.

B5 Secured Loans ഷെഡ്യൂളിലെ Loans Under Development Project ൽ അടവാക്കാനുള്ള 84,504/- രൂപ 10-02-2016 ലെ 419/2015/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യാമെന്നതിനാലാണ് ആയത് ബന്ധപ്പെട്ട് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസും, പദ്ധതി/ഓഫീസ് ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസ് തുകകൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1972 വർഷം മുതൽ വിവിധ ആവശ്യങ്ങൾക്കായി മുൻ വർഷങ്ങളിൽ നൽകിയ അഡ്വാൻസുകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ 2021-22 വർഷത്തെ മുൻകൂർ രജിസ്റ്ററിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല. B-18 460100400 ഫെസ്റ്റിവൽ അഡ്വാൻസ് ഹെഡ് പ്രകാരം 16,190 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ മുൻകൂർ രജിസ്റ്ററിൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല.

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(4) ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

B7 ഷെഡ്യൂളിലെ നീക്കിയിരുപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെ ഡെപ്പോസിറ്റുകളാണ് തിരികെ നൽകേണ്ടതെന്ന് വ്യക്തമാക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. നഗരസഭ ഈയിനത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

Non Refundable Deposit കൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(5) B-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(6) B-4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ 6088994 രൂപ നീക്കിയിരിപ്പുണ്ട്. 2020-21 വർഷത്തെ വാർഷിക കണക്കു പ്രകാരം ഈ ഇനത്തിൽ ഇതേ തുക തന്നെയാണ് നീക്കിയിരുപ്പ്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങളും പൂർണ്ണമായി ചെലവഴിക്കാത്ത പ്രൊജക്റ്റുകളുടെ വിവരവും മറ്റു വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

32080100 എന്ന ഹെഡിൽ 2021-22 സാമ്പത്തിക വർഷത്തിൽ ട്രാൻസാക്ഷൻ ഉണ്ടായിട്ടുള്ളതാണ്. ലെഡ്ജർ പരിശോധനക്കായി സമർപ്പിക്കുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(7) 2021-22 വർഷത്തെ B-14 ഷെഡ്യൂൾ പ്രകാരം 13,47,748 രൂപയുടെ സ്റ്റോക്ക് ബാലൻസ് ഉണ്ട്. എന്നാൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻ വർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. 2020-21 വർഷത്തെ B-14 ഷെഡ്യൂൾ പ്രകാരം 13,47,748/- രൂപയാണ് സ്റ്റോക്ക് ബാലൻസ്. ഇതിൽ നിന്നും സ്റ്റോക്കുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി റിപ്പോർട്ട് തയ്യാറാക്കി വാർഷിക കണക്കിൽ രേഖപ്പെടുത്തുന്നില്ല എന്ന് വ്യക്തമാണ്.

ബി 14 ഷെഡ്യൂൾ പ്രകാരം ഓപ്പണിംഗ് സ്റ്റോക്ക്, ക്ലോസിംഗ് സ്റ്റോക്ക് എന്നിവയുടെ മൂല്യം മുൻ വർഷങ്ങളിലേത് രേഖപ്പെടുത്താത്തതിനാലാണ് ആയത് രേഖപ്പെടുത്താൻ കഴിയാതിരുന്നത്. 2022-23 വർഷത്തെ എ.എഫ്.എസിൽ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

(8) ഡെപ്പോസിറ്റ് റിസീവ്ഡ് ലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

2021-22 വാർഷിക കണക്കിൽ B7 - Deposit Received തുകയായ രേഖപ്പെടുത്തിയിട്ടുള്ളത് 1,43,83,752/- രൂപയാണ്. യഥാർത്ഥത്തിൽ B7 Deposit Received തുകയായി വരേണ്ട തുക 14041099/- രൂപയാണ്.

| | |
|---|---|
| 2021-22 ലെ വാർഷിക കണക്കിൽ<br>B7 - Deposit Received | 14383752 |
| 2020-21 ലെ വാർഷിക കണക്കിൽ<br>B7 Deposit Received | 13446114 |
| 2021-22 RP 27 (Receipt) | 1386062 |
| 2021-22 RP 27 (Payment) | 791077 |
| 2020-21 B7 Deposit Received +<br>2021-22 RP 27 (Receipts) - | 14041099 |

| | |
|---|---|
| 2021-22 RP 27 (Payment) | |
| വ്യത്യാസം | 3,42,653 |

മറുപടി ലഭ്യമാക്കിയില്ല.

(9) അക്രൂവൽ അടിസ്ഥാനത്തിലല്ലാതെ കണക്കാക്കുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിവ് വിവരങ്ങളും വാർഷിക കണക്കിലെ വിവരവും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ് ലെ ഇൻകം & എക്സ്പെൻഡിച്ചർ |
|---|---|---|---|
| 1 | 140501300 Lorry Taxi, Auto And Other Vehicles' Stand Fees | 157100 | 167000 |
| 2 | 140500900 Public Sanitation Charges | 433200 | 369868 |
| 3 | 140501100 - Bus Stand Fees | 568000 | 350000 |

അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിവ് വിവരങ്ങളും വാർഷിക കണക്കിലെ വിവരവും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| 1 | 130100200 ടൗൺഹാൾ വാടക | 292500 | 265500 |
| 2 | 130100300 സ്റ്റേഡിയം വാടക | 119100 | 131100 |
| 3 | 130101100 കോൺഫറൻസ് ഹാൾ വാടക | 72000 | 74250 |
| 4 | 130109900 ടൗൺഹാളിന്റെയും സ്റ്റേഡിയത്തിന്റെയും മുൻവശം വാടക | 33000 | 59500 |

ഡിമാന്റ് രജിസ്റ്ററിലേയും വാർഷിക കണക്കിലേയും രേഖപ്പെടുത്തലുകൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണം തുക കളക്ട് ചെയ്യുന്ന സമയത്ത് സാംഖ്യയിൽ തെറ്റായ ഹെഡ്ഡിൽ രേഖപ്പെടുത്തിയതാണ്. ആയത് പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10) ഡിമാന്റ് രജിസ്റ്റർ പ്രകാരം 150120300 എന്ന ഹെഡിൽ ചുമർ പരസ്യം ഇനത്തിൽ 40,500 രൂപ ഡിമാന്റ് ചെയത് ഈടാക്കിയതായി കാണുന്നു. എന്നാൽ വാർഷിക കണക്കിൽ RP-5 ൽ ടി ഹെഡിൽ തുക ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.52/2021-22 തീ. 20.02.2023)മറുപടി ലഭ്യമാക്കിയില്ല.

11) ഡിമാന്റ് രജിസ്റ്റർ പ്രകാരം ഫല വൃക്ഷങ്ങളിൽ നിന്നുള്ള ആദായം ഇനത്തിൽ 20,550 രൂപ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ 1-5 ൽ 150100300 ഹെഡിൽ 20550 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-5 ൽ മേൽ തുക ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.52/2021-22 തീ. 20.02.2023)മറുപടി ലഭ്യമാക്കിയില്ല.

12) 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 വർഷത്തിൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,

അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.13 മുതൽ 6.16വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

A. എന്നാൽ 2021-22 ലെ “110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 07/07/2021 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല, സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തലുകൾ ഇല്ല. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്.

B. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

C. ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിയമപ്രകാരമുള്ള ഡിമാന്റ്, റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ഖണ്ഡിക പ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതാണെന്നും വരും വർഷങ്ങളിൽ ഡിമാന്റ് കൃത്യ സമയത്ത് തന്നെ രേഖപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.

13) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ വസ്തു നികുതി ഡി.സി.ബി വിവരങ്ങൾ എ.എഫ്.എസിലെ വസ്തുനികുതി ഡി.സി.ബി വിവരങ്ങളുമായി ചുവടെ കൊടുക്കുന്നത് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 39530435 | 15837686 | 23692749 |
| എ.എഫ്.എസ് | 14823951 | 15837686 | 25437004 |

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 42100000 | 31600127 | 10499873 |
| എ.എഫ്.എസ് | 42100000 | 31600127 | 11024867 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52/2021-22 തീ. 20.02.2023) മറുപടി ലഭ്യമാക്കിയില്ല.

14) ഡി & ഒ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, വിനോദ നികുതി, ടെണ്ടർ ഫോറം വിൽപ്പന, മറ്റു ഫോമുകളുടെ വിൽപ്പന എന്നിവയുടെ ഡി.സി.ബി സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ മേൽ ഇനത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52/2021-22 തീ. 20.02.2023)മറുപടി ലഭ്യമാക്കിയില്ല.

15) ഇ-ടെണ്ടർ ഫോറം ഫീ ഇനത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫോറം ഫീ ഇനത്തിലെ തുക 2021-22 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായുള്ള ടെണ്ടർ ഫീ അസി.എക്സി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ ഏരൂർ റോഡ് ബ്രാഞ്ചിലുള്ള 67295775881 അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. ടി അക്കൗണ്ടിലുണ്ടായിരുന്ന 9,39,045 (ഒമ്പത് ലക്ഷത്തി മുപ്പത്തി ഒമ്പതിനായിരത്തി നാൽപത്തി അഞ്ച് രൂപ) 3-9-2022 ന് നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള 57003523639 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണന്ന് മറുപടി ലഭ്യമാക്കി. ആയത് തുടർ വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

16) എ.സി.ആറിലെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലേയും ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഗ്രാന്റ് | എ.സി.ആർ പ്രകാരം | വാർഷിക കണക്ക് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|
| 1 | മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 7362936 | 6192785 | 6192785 |

| | | | | |
|---|---|---|---|---|
| | അസറ്റ് | | | |
| 2 | മെയിന്റനൻസ് ഫണ്ട് റോഡ് അസറ്റ് | 20121251 | 18821251 | 18821251 |
| 3 | ഡവലപ്മെന്റ് ഫണ്ട് സി.എഫ്.സി ഗ്രാന്റ് ടൈഡ് | 14177037 | 8527175 | 13130706 |
| 4 | ഡവലപ്മെന്റ് ഫണ്ട് സി.എഫ്.സി ഗ്രാന്റ് അൺടൈഡ് | 14307738 | 9384034 | 12866795 |
| 5 | ഡവലപ്മെന്റ് ഗ്രാന്റ് എസ്.സി.പി | 6025441 | 5935441 | 5820441 |
| 6 | ഡവലപ്മെന്റ് ഫണ്ട് ജനറൽ | 37925329 | 37925329 | 42275396 |

2021-22 വർഷം Non-road, Road, SCP, CFC Tied, CFC Untied വിഭാഗങ്ങളിൽ സാംഖ്യയിൽ തയ്യാറാക്കിയ ബില്ലുകൾ വിവിധ സാങ്കേതിക കാരണങ്ങളാൽ Payment നടക്കാതെ Bill At Treasury/Bill To Treasury (25 Bill) യിൽ കാണുന്നു. ആയതിനാൽ ACR പ്രകാരം ചെലവ് വന്നതായും Sulekha യിൽ ചെലവ് കാണിക്കാതിരിക്കുകയും ചെയ്യുന്നു. സൂചന പ്രകാരം അറിയിച്ച വ്യത്യാസം ഇപ്രകാരം വന്നിട്ടുള്ളതാണ്. Development Fund, Gemeral വിഭാഗത്തിൽ 3,79,25,329/- രൂപ ACR പ്രകാരവും 4350067/- രൂപ GO Project വഴിയും ചെലവ് വന്നിട്ടുണ്ട്. സുലേഖ പ്രകാരം ആകെ ചെലവ് 42275396/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

(17) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം ആകെ ചെലവ് (Prior Period കണക്കുകൾ ക്രമീകരിച്ച ശേഷം) (25,909,623/-) B1 Schedule ചേർത്ത് Municipal Fund, Excess Income Over Expenditure എന്നിവയിലെ മുൻ വർഷത്തെ ബാക്കിയുമായി (140445329.78) ക്രമീകരിച്ച് ബാലൻസ് ഷീറ്റിൽ ചേർത്തതിൽ (166359152.78) 4200/- രൂപയുടെ വ്യത്യാസം കാണുന്നു. 350200110 Recoveries Payable Profession Tax ഇനത്തിൽ 4200/- രൂപ മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താതെ 2021-22 വർഷത്തെ ഓപ്പണിംഗ് ബാലൻസായി ഉൾപ്പെടുത്തിയതാണ് ഈ വ്യത്യാസത്തിന് കാരണം.

ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും തൊഴിൽ നികുതി 350200110 എന്ന ഹെഡിലേക്ക് റിക്കവറി നടത്തുകയും ആയത് ഓരോ അർദ്ധവർഷത്തിലും പിരിച്ചെടുത്ത ആനുപാതികമായി ഒരു ജേണൽ എൻട്രി 110100200 എന്ന ഹെഡിലേക്ക് രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്. പ്രസ്തുത വർഷത്തിൽ ജേണൽ എൻട്രി രേഖപ്പെടുത്തിയതിനു ശേഷം തെറ്റായി രേഖപ്പെടുത്തിയ പേയ്മെന്റ് ഓർഡർ ക്യാൻസൽ ചെയ്തതിനെ തുടർന്ന് 4200/- രൂപയുടെ കുറവ് ബന്ധപ്പെട്ട റിക്കവറി ഹെഡിൽ വരുകയും 4200/- രൂപ വരവ് ഹെഡിലേക്ക് അധികമായി രേഖപ്പെടുത്തപ്പെടുകയും ചെയ്തതാണ് ഈ വ്യത്യാസത്തിന് കാരണം. ആയത് 2022-23 വർഷത്തെ എ.എഫ്.എസിൽ പരിഹരിക്കുന്നതാണന്ന് മറുപടി ലഭ്യമാക്കി.

വാർഷികക്കണക്കിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല-വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ/കെട്ടിടങ്ങളിൽ നിന്നും വാടകയഥാസമയം പിരിച്ചെടുക്കുന്നില്ല. ആയതിനാൽ വൻതുക കുടിശ്ശികയായി നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. വാടക കുടിശ്ശിക സംബന്ധിച്ച വിവരം താഴെ നല്കുന്നു.

(തിരൂർ നഗരസഭയുടെ 11.10.2022ലെ 9-ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം 2021-22 സാമ്പത്തിക വർഷം കോവിഡ് ലോക്ഡൌൺ കാലയളവായ 2 മാസങ്ങളിലെ വാടക ഒഴിവ് നല്കാൻ തീരുമാനിച്ചിട്ടുണ്ട്)

## 1-12-1 മാർക്കറ്റ് കെട്ടിടത്തിലെ വാടക വാടക കുടിശ്ശിക-നഗരസഭ ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളിലെ കടമുറികൾ /കെട്ടിട ഭാഗങ്ങൾ തുടങ്ങിയവ

വാടയ്ക്കെടുത്ത വാടകക്കാർ യഥാസമയം വാടക അടവാക്കത്തതിനാൽ കുടിശ്ശിക വരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(തിരൂർ നഗരസഭയുടെ 11.10.2022ലെ 9-ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം 2021-22 സാമ്പത്തിക വർഷം കോവിഡ് ലോക്ഡൌൺ കാലയളവായ 2 മാസങ്ങളിലെ വാടക ഒഴിവ് നല്കാൻ തീരുമാനിച്ചിട്ടുണ്ട്)

മാർക്കറ്റ് കെട്ടിടം

| ക്രമ നം | വാടക രജിസ്റ്ററിലെ ക്രമ നം. | കട നം./ വാടകക്കാന്റെ പേര് | മാസ വാടക | 10 മാസത്തെ മാസത്തെ വാടക (രജിസ്റ്റർ പ്രകാരം) | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 05 | A.G.05<br>കുഞ്ഞായിശു | 2780 | 27800 | 19460 | 8340 |
| 02 | 42 | A.G.42<br>ഇല്ലത്ത് പറമ്പിൽ കുഞ്ഞിമുഹമ്മദ് | 2434 | 24340 | 14604 | 9736 |
| 03 | 95 | AF-01<br>എം.ബാപ്പുട്ടി | 1674 | 16740 | 00 | 16740 |
| 04 | 101 | AF-07<br>സി.എം.മൊയ്തീൻകുട്ടി | 1338 | 13380 | 00 | 13380 |
| 05 | 105 | AF-11<br>സി.പി.ഐ. തിരൂർ മണ്ഡലം ഓഫീസ് | 659 | 6590 | 00 | 6590 |
| 06 | 108 | AF-04<br>പുതുശ്ശേരി പ്രഭാകരൻ | 1338 | 13380 | 8026 | 5354 |
| 07 | 116 | AF-22<br>പി.രാധാകൃഷ്ണൻ | 1606 | 16060 | 00 | 16060 |
| 08 | 118 | AF-24<br>താതാനത്ത് സൈദു | 5910 | 59100 | 35460 | 23640 |
| 09 | 137 | F.02<br>നഫീസ | 3091 | 30910 | 9273 | 21637 |

| | | | | | | |
|---|---|---|---|---|---|---|
| 10 | 140 | F-05<br>മുള്ളമടയിൽ ഹംസ | 2687 | 26870 | 00 | 26870 |
| 11 | 153 | G.F.7<br>എം.ചന്ദ്രു | 4015 | 40150 | 12045 | 28105 |
| 12 | 169 | G.F.22,G.F.23<br>മാനേജർ, കയർ ഫെഡ് | 8236 | 82360 | 00 | 82360 |
| 13 | 178 | 7/297.A<br>K.കുഞ്ഞാവ<br>(കോണിമുറി) | 17345 | 173450 | 00 | 173450 |
| 14 | 179 | F.F.01<br>ഇ.അബ്ദുൾ സലാം<br>കെ.എസ്.ഇ.ബി | 3381 | 33810 | 00 | 33810 |
| 15 | 180,181 | F.F02,F.F.03<br>അബ്ദുൾ സലാം<br>കെ.എസ്.ഇ.ബി | 6795 | 67950 | 00 | 67950 |
| 16 | 182 | F.F04<br>അബ്ദുൾ സലാം<br>കെ.എസ്.ഇ.ബി | 5242 | 52420 | 00 | 52420 |
| 17 | 184 | F.F07<br>കുഞ്ഞിമുഹമ്മദ് എം | *മാസ വാടക വ്യക്തമല്ല | 5604 | 00 | 5604 |
| 18 | 188 | F.F11<br>കുഞ്ഞിമുഹമ്മദ്.എം. | *മാസ വാടക വ്യക്ത മല്ല | 6144 | 00 | 6144 |
| 19 | 198 | F.F21<br>ആർ.എം.ബഷീർ | 2669 | 26690 | 5338 | 21352 |
| 20 | 201 | F.F24<br>അബ്ദുൾ സലാം | 1958 | 19580 | 00 | 19580 |
| 21 | 204 | F.F27<br>പി.മുഹമ്മദ് കബീർ | 1338 | 13380 | 00 | 13380 |
| 22 | 214 | 7/313/G<br>ഐ.പി. മുഹമ്മദാലി ഹാജി | 11798 | 117980 | 106182 | 11798 |
| 23 | 215 | 7/313/J<br>എൻ.പി.മുഹമ്മദ്കുട്ടി ഹാജി | 11444 | 114440 | 102996 | 11444 |
| 24 | 223 | 7/313/Q<br>മാനേജർ, പി.എൻ.ബി<br>(CATM Counter) | 4010 | 48120<br>12മാസം | 24060 | 24060 |
| 25 | 229 | 7/313/F1<br>സുലജ.വി | 4958 | 49580 | 00 | 49580 |

| | | | | | | |
|---|---|---|---|---|---|---|
| 26 | 230 | 7/313/F2<br>സുലജ.വി | 4958 | 49580 | 00 | 49580 |
| 27 | 231 | 7/313/F3<br>റഫീക്ക് | 4887 | 48870 | 00 | 48870 |
| 28 | 233 | 7/313/F6<br>പി.ജമാൽ | 10000 | 100000 | 30000 | 70000 |
| 29 | 235 | 7/313/F7<br>പൂളക്കൽ ബീവി,<br>അസൈനാർ | 5108 | 51080 | 00 | 51080 |
| 30 | 240 | 7/313/F12<br>ഷാജി | 6500 | 65000 | 00 | 65000 |
| 31 | 241 | 7/313/F13<br>അഭിലാഷ് | 5049 | 50490 | 00 | 50490 |
| 32 | 247 | 7/313/F19<br>ദാമോദരൻ | 4957 | 49570 | 34699 | 14871 |
| 33 | 250 | 7/313/F22<br>സി.സി.അബ്ദുൾ ഹക്കീം | 5086 | 50860 | 00 | 50860 |
| | | | | | | 1150135 |

*മാസവാടക വ്യക്തമല്ലാത്തതിനാൽ ബാലൻസായി എടുത്തിരിക്കുന്നത് വാടക രജിസ്റ്ററിലെ തുകയാണ്. മേൽ റൂമുകളുടെ മാസ വാടക ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മത്സ്യ മാർക്കറ്റിലെ വിവിധ ടേബിളുകൾ

| ക്രമ നം | വാടക രജിസ്റ്റർ നമ്പറിലെ ക്രമ നം. | ടേബിൾ നം./ വാടകക്കാരന്റെ പേര് | മാസ വാടക | 10 മാസത്തെ മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 355 | ടേബിൾ 1<br>മുഹമ്മദ്കുട്ടി | 3308 | 33080 | 00 | 33080 |
| 02 | 356 | ടേബിൾ 2<br>അക്ബർ പാഷ | 3308 | 33080 | 00 | 33080 |
| 03 | 357 | ടേബിൾ 3<br>ഒ.പി. അബ്ദുൾ ഖാദർ | 3308 | 33080 | 00 | 33080 |
| 04 | 358 | ടേബിൾ 4<br>മജീദ് | 3308 | 33080 | 00 | 33080 |
| 05 | 359 | ടേബിൾ 5<br>മുഹമ്മദ് മുസ്തഫ | 3308 | 33080 | 00 | 33080 |

| | | | | | | |
|---|---|---|---|---|---|---|
| 05 | 361 | ടേബിൾ 7<br>അർഷാദ് കാവുംപുറത്ത് | 3308 | 33080 | 00 | 33080 |
| 06 | 362 | ടേബിൾ 8<br>സുബൈർ | 3308 | 33080 | 00 | 33080 |
| 07 | 363 | ടേബിൾ 9<br>സെമീർ | 3308 | 33080 | 00 | 33080 |
| 08 | 364 | ടേബിൾ 10<br>സി.കെ.അബ്ദുറഹിമാൻ | 3308 | 33080 | 00 | 33080 |
| 09 | 367 | ടേബിൾ 13<br>എൻ.വി.സൈതലവി | 3308 | 33080 | 00 | 33080 |
| 10 | 368 | ടേബിൾ 14<br>മൊയ്തു പള്ളിപ്പാട് | 3308 | 33080 | 00 | 33080 |
| 11 | 370 | ടേബിൾ 16<br>യാഹു കൊങ്ങാട് | 3308 | 33080 | 00 | 33080 |
| 12 | 371 | ടേബിൾ 17<br>ഹസ്സൻ കോയ | 3308 | 33080 | 00 | 33080 |
| 13 | 372 | ടേബിൾ 18<br>കാട്ടത്ത് മുഹമ്മദ് | 3308 | 33080 | 00 | 33080 |
| 14 | 373 | ടേബിൾ 19<br>എൻ. മുഹമ്മദ് ഹനീഫ | 3308 | 33080 | 00 | 33080 |
| 15 | 374 | ടേബിൾ 20<br>മുഹമ്മദ് അസ്കർ | 3308 | 33080 | 00 | 33080 |
| 16 | 375 | ടേബിൾ 21<br>അസൈനാർ | 3308 | 33080 | 00 | 33080 |
| 17 | 376 | ടേബിൾ 22<br>പി.കെ.അഷറഫ് | 3308 | 33080 | 00 | 33080 |
| 18 | 377 | ടേബിൾ 23<br>കുഞ്ഞിമുഹമ്മദ് | 3308 | 33080 | 00 | 33080 |
| 19 | 378 | ടേബിൾ 24<br>കെ.കെ.അഷറഫ് | 3308 | 33080 | 00 | 33080 |
| 20 | 379 | ടേബിൾ 25<br>അബ്ദുൾ മജീദ് | 3308 | 33080 | 00 | 33080 |
| 21 | 380 | ടേബിൾ 26<br>ഫൈസൽ | 3308 | 33080 | 00 | 33080 |
| 22 | 381 | ടേബിൾ 27<br>അമീർ പഴേരി | 3308 | 33080 | 00 | 33080 |
| 23 | 382 | ടേബിൾ 28<br>പി.കെ.അബ്ദുൾ അസീസ് | 3308 | 33080 | 00 | 33080 |
| 24 | 383 | ടേബിൾ 29<br>അബ്ദുൾ കരീം | 3308 | 33080 | 00 | 33080 |

| | | | | | | |
|---|---|---|---|---|---|---|
| 25 | 385 | ടേബിൾ 31<br>കാട്ടത്ത് അലി | 3308 | 33080 | 00 | 33080 |
| 26 | 386 | ടേബിൾ 32<br>അനൂബ്.കെ | 3308 | 33080 | 00 | 33080 |
| 27 | 388 | ടേബിൾ 34<br>കാട്ടത്ത് ഹംസ | 3308 | 33080 | 00 | 33080 |
| 28 | 389 | ടേബിൾ 35<br>ബാവ മങ്ങാട്ടിൽ | 3308 | 33080 | 00 | 33080 |
| 29 | 390 | ടേബിൾ 36<br>കുഞ്ഞിമൊയ്തീൻ<br>മങ്ങാട്ടിൽ | 3308 | 33080 | 00 | 33080 |
| 30 | 391 | ടേബിൾ 37<br>അനീസ് ബാബു | 3308 | 33080 | 00 | 33080 |
| 31 | 392 | ടേബിൾ 38<br>മുഹമ്മദ് റാഷിദ് | 3308 | 33080 | 00 | 33080 |
| 32 | 394 | ടേബിൾ 40<br>പി.പി.വേലായുധൻ | 3308 | 33080 | 00 | 33080 |
| 33 | 395 | ടേബിൾ 41<br>നാസർ അരങ്ങത്തിൽ | 3308 | 33080 | 00 | 33080 |
| 34 | 396 | ടേബിൾ 42<br>ബഷീർ അരങ്ങത്തിൽ | 3308 | 33080 | 00 | 33080 |
| ആകെ | | | | | | 1124720 |

ആകെ കുടിശ്ശിക 1150135+1124720=2274855/-

1-12-2 ടൌൺ ഹാളിലെ വാടക ഇനത്തിൽ 41990/-രൂപ കുടിശ്ശിക

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള താഴകൊടുത്തിരിക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഇനത്തിൽ 41990/-രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. ആയതിന്റെ വിവരം താഴെ നല്കുന്നു.

| ക്രമ നം | വാടക രജിസ്റ്റർ നമ്പറിലെ ക്രമ നം. | റൂം നം./ വാടകക്കാരന്റെ പേര് | മാസ വാടക | 10 മാസത്തെ മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | -- | 15/313(SF2) പ്രസിഡന്റ്, | 669 | 6990 | 00 | 6990 |

| | | | | | | |
|---|---|---|---|---|---|---|
| | | കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് | | | | |
| 02 | -- | 37/1338 G (1)<br>Town Hall Library Building Hall<br>സെക്രട്ടറി,<br>പ്രസ് ക്ലബ്, തിരൂർ | 5000 | 60000<br>(12 മാസത്തെ വാടക) | 25000 | 35000 |
| ആകെ | | | | | | 41990 |

## 1-12-3 ബസ് സ്റ്റാന്റ് കെട്ടിടത്തിലെ വാടക കുടിശ്ശിക

| ക്രമ നം | വാടക രജിസ്റ്ററിലെ ക്രമ നം | കട നം./ വാടകക്കാരന്റെ പേര് | മാസ വാടക | 10 മാസത്തെ മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 269 | FF.02<br>കെ.പി.മറിയുമ്മ | 1920 | 19200 | 00 | 19200 |
| 02 | 270 | FF.03<br>രഘുനാഥ്.എം. | 2028 | 20280 | 00 | 20280 |
| 03 | 272 | FF.05<br>എ.കെ.വാഹിദ | 2385 | 23850 | 00 | 23850 |
| 04 | | SF1, SF2<br>ചക്കങ്ങൽ ഹസ്സൻ | 5500 | 55000 | 44000 | 11000 |
| 05 | 280 | TF03<br>ഹസ്സൻ ചക്കങ്ങൽ | 2136 | 21360 | 00 | 21360 |
| 06 | 281 | TF04<br>സെക്രട്ടറി,<br>കേരള സംസ്ഥാന വ്യാപാരി വ്യവസായ സമിതി | 1513 | 15130 | 00 | 15130 |
| | | ആകെ | | | | 110820 |

## 1-12-4 മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള വാടക കുടിശ്ശിക

ലൈബ്രറി കെട്ടിടം

| ക്രമ നം | വാടക രജിസ്റ്ററിലെ ക്രമ നം | റൂം നമ്പർ/വാടകക്കാരന്റെ പേര് | മാസ വാടക | 10മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 254 | 7/313/F26<br>ഡോ.സി.ജയപ്രകാശ് | 5880 | 58800 | 35280 | 23520 |
| 02 | 255 | 7/313/F27<br>ഡോ.സി.ജയപ്രകാശ് | 5125 | 51250 | 30750 | 20500 |
| 03 | 256 | 7/313/F28<br>കെ.കെ.ജംഷീർ | 5084 | 50840 | 00 | 50840 |
| 04 | 265 | GF-07<br>അബ്ദുൾ റഹിമാൻ | 5833 | 58330 | 00 | 58330 |
| 05 | 267 | GF-09<br>ടി.റഹിം | 5570 | 55700 | 00 | 55700 |
| | | | | | ആകെ | 208890 |

പാർക്ക് സൈറ്റ്

| | | | | | | |
|---|---|---|---|---|---|---|
| 45 | 284 | GF01<br>കെ.കുഞ്ഞിളുട്ടി | 5123 | 51230 | 40984 | 10246 |
| 46 | 297 | FF03<br>ടി.വി.സുലേഖ | 2204 | 22040 | 4408 | 17632 |
| 47 | 302 | SF-02<br>ഗിരീഷ് | 2014 | 20140 | 00 | 20140 |
| 48 | 303 | SF-03<br>സെക്രട്ടറി,<br>കേരള എൻ.ജി.ഒ. യൂണിയൻ, തിരൂർ | 1879 | 18790 | 00 | 18790 |
| 49 | 304 | SF-04<br>താലൂക്ക് വ്യവസായ ഓഫീസ് | 1567 | 18804<br>12മാസം | 3054 | 15750 |
| 50 | 306 | SF-06<br>നിസാർ അഹമ്മദ് | 1634 | 16340 | 00 | 16340 |
| | | | | | ആകെ | 98898 |

വണ്ടിപ്പേട്ട കാർഷിക വികസന കേന്ദ്രം

| | | | | | | |
|---|---|---|---|---|---|---|
| 01 | 310 | ATC-03(37/2106)<br>ആർ.വേലുസ്വാമി | 4502 | 45020 | 00 | 45020 |

| | | | | | | |
|---|---|---|---|---|---|---|
| 02 | 311 | ATC-04(37/2107)<br>ശ്രീകുമാർ | 4800 | 48000 | 00 | 48000 |
| 03 | 312 | ATC-05(37/2108)<br>ശ്രീകുമാർ | 4000 | 40000 | 00 | 40000 |
| 04 | 313 | ATC-06(37/2109)<br>കെ.പി.മുഹമ്മദ് റാഫി | 4502 | 45020 | 00 | 45020 |
| 05 | 315 | ATC-08(37/2109B)<br>സുരേഷ് എം. | 5412 | 54120 | 00 | 54120 |
| 06 | 128 | M.02(SC/ST)<br>P.P.കണ്ടൻകുട്ടി | 3426 | 34260 | 00 | 34260 |
| ആകെ | | | | | | 266420 |

ക്ലാസിക്ക് ലോഡ്ജ് വിവിധ ഭാഗങ്ങൾ

| ക്രമ നം | വാടക രജിസ്റ്റർ നമ്പറിലെ ക്രമ നം. | പോർഷൻ നം./ വാടകക്കാരന്റെ പേര് | മാസ വാടക | 10 മാസത്തെ മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 397 | പോർഷൻ 1<br>അനിൽ.ടി | 3418 | 34180 | 10254 | 23926 |
| 02 | -- | പോർഷൻ 2<br>മുഹമ്മദ് സഹീർ | 9782 | 97820 | 00 | 97820 |
| 03 | -- | പോർഷൻ 3<br>അബൂബക്കർ സിദ്ദിക്ക് | 13401 | 134010 | 00 | 134010 |
| ആകെ | | | | 266010 | 10254 | 255756 |

ബങ്കുകൾ

| ക്രമ നം | വാടക രജിസ്റ്റർ നമ്പറിലെ ക്രമ നം. | കട നം./ പേര് | മാസം | 10 മാസത്തെ അടവ് | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 326 | ബങ്ക് നം. 4(10/55)<br>യു. അബ്ദുൾ ലത്തീഫ് | 1756 | 17560 | 5268 | 12292 |

| | | | | | | |
|---|---|---|---|---|---|---|
| | | (സെൻട്രൽ) | | | | |
| 02 | 328 | ബങ്ക് നം. 6(10/3)<br>അസ്മാബി<br>(സെൻട്രൽ) | 2233 | 22330 | 00 | 22330 |
| 03 | 330 | ബങ്ക് നം. 8<br>മൊയ്തീൻകുട്ടി<br>(സെൻട്രൽ) | 1756 | 17560 | 10536 | 7024 |
| 04 | 332 | ബങ്ക് നം. 10(10/418)<br>അബ്ദുൾ റഹിമാൻ<br>(സെൻട്രൽ മാർക്കറ്റ്) | 1756 | 17560 | 10536 | 7024 |
| 05 | 334 | ബങ്ക് നം. 12<br>ബീരാൻകുട്ടി<br>(സെൻട്രൽ) | 1756 | 17560 | 00 | 17560 |
| 06 | 335 | ബങ്ക് നം. 13<br>സി.മൊയ്തീൻകുട്ടി<br>(സെൻട്രൽ) | 1535 | 15350 | 00 | 15350 |
| 07 | 340 | ബങ്ക് നം. 18<br>ആമിന<br>(റെയിൽവേ) | 1536 | 15360 | 00 | 15360 |
| 08 | 343 | ബങ്ക് നം. H1<br>കുഞ്ഞീമ ടി.കെ<br>(റെയിൽവേ) | 1535 | 15350 | 00 | 15350 |
| 09 | 345 | ബങ്ക് നം. SE1<br>കപ്പൽ പടിക്കൽ ഗോവിന്ദൻ<br>(ടി.ബി.ഗൈറ്റ്) | 1756 | 17560 | 10536 | 7024 |
| 10 | 347 | ബങ്ക് നം. 20/363A<br>മുണ്ടക്കാട് ഹൈദരലി ഷിഹാബ്<br>(റെയിൽവേ) | 1535 | 15350 | 00 | 15350 |
| 11 | 349 | ലോട്ടറി ബങ്ക് (20A1)<br>കുറ്റിക്കാട്ടിൽ കൃഷ്ണൻ<br>(താഴെബൈപാസ്) | 1756 | 17560 | 5268 | 12292 |
| 12 | 350 | ലോട്ടറി ബങ്ക് (20/272)<br>കുറ്റിക്കാട്ടിൽ കൃഷ്ണൻ<br>(റെയിൽവേ) | 1536 | 15360 | 4608 | 10752 |
| | | | | | | 157708 |

ലൈബ്രറി കെട്ടിടം, പാർക്ക് സൈറ്റ്,ക്ലാസിക്ക് ലോഡ്ജിന്റെ വിവിധ പോർഷനുകൾ, വണ്ടിപ്പേട്ട കാർഷിക വികസന കേന്ദ്രം, ബങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ആകെ വാടക കുടിശ്ശിക 987672/-രൂപ (208890+98898+266420+255756+157708)

## 1-12-5 ഷോപ്പിംഗ് കോംപ്ലക്സിലെ വാടക കുടിശ്ശിക

| ക്രമ നം | വാടക രജിസ്റ്ററിലെ നം. | വാടകകാരന്റെ പേര് | മാസ വാടക | 10 മാസത്തെ വാടക | അടച്ചത് | ബാലൻസ് |
|---|---|---|---|---|---|---|
| 01 | 354 | കെ അലവികുട്ടി, കല്ലിങ്ങൽ വീട് കെ. അബൂബക്കർ സാഹിബ് മെമ്മോറിയൽ ബസ് ബേ കം ഷോപ്പിംഗ് കോംപ്ലക്സിലെ ടെറസ്സ് | 2536 | 25360 | 00 | 25360 |

ഖണ്ഡിക പ്രകാരം 2021-22 സാമ്പത്തിക വർഷം വാടക കുടിശ്ശികയായി 3440697/-രൂപ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്.(2274855+ 41990+ 110820+987672+ 25360) മേൽ കുടിശ്ശികയും മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുത്ത് കുടിശ്ശിക രജിസ്റ്റർ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മറ്റു അപാകതകൾ

1. തുടർച്ചയായി മാസങ്ങളോളം/വർഷത്തിൽ തീരെ വാടക അടവാക്കാത്തതിന് യാതൊരു നടപടിയും സ്വീകരിക്കാതെ വാടകക്കാരെ തുടരാൻ അനുവദിച്ചു വരുന്ന നടപടി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇങ്ങനെ വാടക അടവാക്കാതിരുന്നാൽ നോട്ടീസ് നൽകി റൂം തിരിച്ചെടുത്ത് പുനർ ലേലം ചെയ്യേണ്ടതാണ്. അല്ലാതെ വരുന്ന നഷ്ടത്തിന് ഈ നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥൻ ഉത്തരവാദിയാവുന്നതാണ്.

2. വാടക രജിസ്റ്ററിൽ DCB ആയി രേഖപ്പെടുത്തിയിട്ടുള്ളത് Current Demand, Current Collection, Current Balance മാത്രമാണ്. Arrear Demand, Current Demand, Arrear Collection, Current Collection, Arrear Balance, Current Balance എന്നിങ്ങനെയുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ അവശേഷിക്കുന്ന വാടക 2021-22 വർഷത്തെ കുടിശ്ശിക രജിസ്റ്ററിൽ Carry Over ചെയ്തിട്ടില്ല. ആയതിനാൽ ഓരോ വാടകക്കാരനിൽ നിന്നും ലഭിക്കേണ്ട മുൻവർഷങ്ങളിലെ വാടക കുടിശ്ശിക പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാടക Carry Over ചെയ്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വാടക/കുടിശ്ശിക രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുടെ അപാകതകൾ മുൻ റിപ്പോർട്ടുകളിലും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് ഇതുവരെയും പരിഹരിച്ചിട്ടില്ല.

3. തുടർച്ചയായി വാടക നല്കാത്ത സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കാനും കഴിയാതെ വന്നാൽ അവ തിരിച്ചെടുത്ത് പുനർ ലേലം ചെയ്യാനും നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.
4. വാടക കുടിശ്ശികക്കാരുമായി നഗരസഭ റൂം വിട്ടു നൽകിയപ്പോൾ ചമച്ച കരാർ ഉടമ്പടി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

നഗരസഭയിലെ വരവിനത്തിലെ ഈ വൻ ചോർച്ച തടയുന്നതിന് ഖണ്ഡികയിൽ പ്രതിപാദിച്ച അപാകതകൾ പരിഹരിച്ച് വ്യക്തവും അടിയന്തിരവും ഇച്ഛാശക്തിയോടെയുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 41 /21-22 തിയ്യതി 07.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പൂർണ്ണമായും പിരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി (ട്രേഡേഴ്സ് ) ഡിമാന്റ് ചെയ്തത് പിരിച്ചെടുക്കുന്നില്ല

നഗരസഭയിലെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ ഓരോ വാർഡിലും സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ ഒട്ടനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് | അർദ്ധ വർഷങ്ങൾ | ഡിമാന്റ് തുക |
|---|---|---|---|---|
| 1 | ന്യൂ ടേസ്റ്റി കാറ്ററിംഗ് സർവ്വീസ് | 1 | I, II | 450 |
| 2 | എമറാൾഡ് മാർക്കറ്റിംഗ് ചെമ്പ്ര | 1 | I, II | 1250 |
| 3 | Top ഫർണ്ണിച്ചർ | 1 | I, II | 600 |
| 4 | ഡ്രീംസ് അലുമിനിയം | 1 | I, II | 300 |
| 5 | ചെമ്പ്ര സിമന്റ് | 2 | I, II | 350 |
| 6 | പറമ്പിൽ ഹാർഡ്‌വേഴ്സ് | 2 | I, II | 1250 |
| 7 | E Com Express Pvt. | 2 | I, II | 1250 |
| 8 | ലുക്ക്മാനുൽ ഹക്ക് മൊബൈൽ ഹബ് | 2 | I, II | 600 |
| 9 | ബിബിൻ വാസ്കോ സ്പ്രേ പെയിന്റിംഗ് | 4 | I, II | 600 |
| 10 | ഗോപാലകൃഷ്ണൻ, കറി പൗഡർ ഡിസ്ട്രിബ്യൂട്ടർ | 4 | I, II | 1250 |
| 11 | വറൈറ്റി ഫുഡ് ഇൻഡസ്ട്രി | 5 | I, II | 450 |
| 12 | ദേവയാനി സൈക്കിൾ കമ്പനി | 5 | I, II | 1250 |
| 13 | Exide പവർ സെന്റർ (അബ്ദുൾ വഹാബ്) | 5 | I, II | 1250 |
| 14 | എം.വി ബാബു, സ്പോർട്ട് | 5 | I, II | 1250 |
| 15 | പി.ആർ സൺസ്, | 6 | I, II | 1250 |

| | | | | |
|---|---|---|---|---|
| | സിമന്റ് ഡീലർ | | | |
| 16 | കീഴേപാട്ട് സിൽക്സ് (മുഹമ്മദ്) | 6 | I, II | 1000 |
| 17 | മുഹമ്മദ് സലീം, ടോപ്‌വേ കളക്ഷൻസ് | 6 | I, II | 750 |
| 18 | സൽമാനൽ ഫാരിസ് - A One Plastic | 6 | I, II | 1250 |
| 19 | യൂഗെയിൻ ഫാൻസി | 7 | I, II | 1250 |
| 20 | ലതർ പ്ലാസ | 7 | I, II | 1250 |
| 21 | അൻവർ. കെ.പി, ഏഷ്യൻ സ്റ്റീൽ | 7 | I, II | 1250 |
| 22 | അബൂബക്കർ. സി, ബാസിൽ എന്റർപ്രൈസസ് | 7 | I, II | 1250 |
| 23 | അക്ഷയ ജനസേവ കേന്ദ്രം | 8 | I, II | 4050 |
| 24 | തിരൂർ ഇലക്ട്രിക്കൽസ് | 8 | I, II | 1250 |
| 25 | മൊയ്തീൻ ഫർണിച്ചർ | 8 | I, II | 600 |
| 26 | പള്ളിമാലാർ ഗ്ലോറി ഡിസ്ട്രിബ്യൂട്ടേഴ്സ് | 8 | I, II | 1000 |
| 27 | ലെൻസ്മാൻ സ്റ്റുഡിയോ | 9 | I, II | 600 |
| 28 | ഫർണിഷിംഗ് കർട്ടൺ വർക്സ് | 9 | I, II | 450 |
| 29 | ചെറുതോട്ടത്തിൽ അലോപ്പതി മരുന്ന് | 9 | I, II | 1250 |
| 30 | ഡെന്റാ സ്റ്റൈൽ | 9 | I, II | 1250 |
| 31 | സിറ്റി ഡ്രൈവിംഗ് സ്കൂൾ | 10 | I, II | 1000 |
| 32 | ഐ കെയർ ഒപ്റ്റിക്കൽസ് (മുഹമ്മദ് ബഷീർ) | 10 | I, II | 450 |
| 33 | സുധ ജ്വല്ലറി | 10 | I, II | 1250 |
| 34 | രാജ ജ്വല്ലറി | 10 | I, II | 1250 |
| 35 | ടപ്പർ വാൾ (ഫാത്തിമ അലി) | 11 | I, II | 1250 |
| 36 | അമാൻ അലുമിനിയം ഫാബ്രിക്കേഷൻ (അഹമ്മദ് കബീർ) | 11 | I, II | 400 |
| 37 | അക്ഷയ കേന്ദ്രം, പി.സി. പടി | 11 | I, II | 600 |
| 38 | അബ്ദുൾ റഹൂഫ് ട്രാവൽ & മാനേജ്മെന്റ് കൺസൽട്ടൻസി | 12 | I, II | 600 |
| 39 | വി-വോൾട്ട്, പി.സി. പടി | 12 | I, II | 450 |
| 40 | ന്യൂ ഇലക്ട്രിക്കൽസ്, പി.സി. പടി | 12 | I, II | 300 |

| | | | | |
|---|---|---|---|---|
| 41 | സി.പി. ഉദയകുമാർ, വുഡ് ഫർണിച്ചർ | 13 | I, II | 450 |
| 42 | ഭരതൻ, തച്ചനാട് സ്റ്റോർ | 13 | I, II | 300 |
| 43 | അബ്ദുറഹിമാൻ. കെ, ഫാൻസി & ഗ്രോസറി | 13 | I, II | 300 |
| 44 | കഞ്ചൂസ് ഗാർമെന്റ്സ് | 14 | I, II | 450 |
| 45 | ഇന്ത്യൻ ഓട്ടോ | 14 | I, II | 450 |
| 46 | യുണൈറ്റഡ് അക്വേറിയം | 14 | I, II | 450 |
| 47 | ആയില്യം വുഡ് വർക്സ് | 15 | I, II | 450 |
| 48 | താജ് എന്റർപ്രൈസ് | 15 | II | 1250 |
| 49 | ആയുർവേദിക് പഞ്ചകർമ്മ സെന്റർ | 16 | I, II | 1250 |
| 50 | നാട്യം ഫാൻസി | 16 | I, II | 600 |
| 51 | ഫോർച്യൂൺ ഏജൻസീസ് | 16 | I, II | 1250 |
| 52 | ജീനിയസ് കോളേജ് | 16 | I, II | 750 |
| 53 | സായികൃപ ഡ്രൈവിംഗ് സ്കൂൾ | 17 | I, II | 450 |
| 54 | ഈഡൻ ഗാർഡൻ നേഴ്സറി | 17 | I, II | 450 |
| 55 | സേവിക ജനസേവ കേന്ദ്രം | 17 | I, II | 450 |
| 56 | ഷംസുദ്ദീൻ സിമന്റ് റീടെയിൽ | 17 | I, II | 750 |
| 57 | കിഷോർ ഫർണിച്ചർ | 18 | I, II | 450 |
| 58 | നിയോ മെറ്റൽസ് | 19 | I, II | 1250 |
| 59 | ഹൈവേ ഡ്രസ്സസ് | 19 | I, II | 1000 |
| 60 | വാസ്തുരൂപ് എഞ്ചിനീയറിംഗ് | 19 | I, II | 750 |
| 61 | ഡോ. മെഹറാന്റീസ് ഓഡിയോളജി & സ്പീച്ച് തെറാപ്പി | 19 | I, II | 1250 |
| 62 | മിസിർ മെഡിക്കൽസ് | 20 | I, II | 1250 |
| 63 | മലപ്പുറം ജില്ലാ LIC ഏജന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 20 | I, II | 1250 |
| 64 | മലബാർ സിമന്റ്സ് സെയിൽസ് ഓഫീസ് | 20 | I, II | 1250 |
| 65 | ഓർക്കിഡ് ലേഡി മെറ്റീരിയൽസ് | 20 | I, II | 1250 |
| 66 | ഏഷ്യാനെറ്റ് ന്യൂസ് നെറ്റ്‌വർക്ക് Pvt. Ltd. | 21 | I, II | 1250 |

| | | | | |
|---|---|---|---|---|
| 67 | തിരൂർ ഡെന്റൽ ക്ലിനിക്ക് | 21 | I, II | 1250 |
| 68 | ഷാസ് സ്കൂൾ ഓഫ് മ്യൂസിക് | 21 | I, II | 1000 |
| 69 | ഹൈടെക് സ്കാനിംഗ് സെന്റർ | 21 | I, II | 1250 |
| 70 | ടെക്സ്മോ ടയേഴ്സ് | 22 | I, II | 450 |
| 71 | സയാൻ കർട്ടൺ | 22 | I, II | 300 |
| 72 | ഡോ. രമേഷ് | 23 | I, II | 1250 |
| 73 | ഡെയ്‌ലി സൂക്ക് ഓൺലൈൻ സൂപ്പർ മാർക്കറ്റ് | 23 | I, II | 1250 |
| 74 | HDBFS ഫിനാൻസ് | 23 | I, II | 1250 |
| 75 | റിംഷ മെഡിക്കൽസ് | 24 | I, II | 600 |
| 76 | എലൻ ആർക്കിടെക്ട് | 24 | I, II | 600 |
| 77 | അഡ്വാൻസ്ഡ് മെഡിക്കൽ സിസ്റ്റം | 25 | I, II | 450 |
| 78 | റിലയൻസ് ഇൻഷുറൻസ് | 25 | I, II | 450 |
| 79 | ജ്യോതി ഏജൻസീസ് | 25 | II | 1250 |

മേൽ സ്ഥാപനങ്ങളുൾപ്പെടെയുള്ള നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങളും രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നമ്പർ 50/2021-22 തീയതി 06-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളുൾപ്പെടെയുള്ള നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

തൊഴിൽ നികുതി പരിശോധനയിൽ, നിയമം/ചട്ടം പ്രകാരം നിഷ്കർഷിക്കുന്ന പിരിച്ചെടുക്കേണ്ട താഴെ കൊടുത്തിരിക്കുന്ന ഇനത്തിലുള്ള തൊഴിൽ നികുതികൾ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാത്തതിനാൽ നഗരസഭക്ക് വൻ തോതിലുള്ള വരുമാന ചോർച്ച സംഭവിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

2) 1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

3)2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ അഭിഭാഷകരിൽ നിന്നും 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നടപടി ഉണ്ടായിട്ടില്ല.

4) 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തിരൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ വിഭാഗക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 47/21-22 തീയതി 06-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിഭാഗക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വരുമാന പത്രിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 വർഷത്തെ തൊഴിൽ നികുതി വരുമാന പത്രികകൾ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരനിൽ നിന്നും വരുമാനത്തിനനുസരിച്ചുള്ള നികുതി ഈടാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | സ്ഥാപനം | ഒന്നാം അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| ജലീൽ കെ | ബട്ടർഫ്ലൈ ഗാന്ധിമതി അപ്ലയൻസ് ലിമിറ്റഡ്, തിരൂർ | 131976 | 750 | 1250 | 500 |

മേൽ ജീവനക്കാരനിൽ നിന്നും വരുമാനത്തിനാനുപതികമായുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ. 51/2021-22 തീയതി. 06.02.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ജീവനക്കാരനിൽ നിന്നും വരുമാനത്തിനാനുപതികമായുള്ള തൊഴിൽ നികുതി ഈടാക്കി അടവ് വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി കുടിശ്ശിക ₹44,03,476/-പിരിച്ചെടുക്കാനവശേഷിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-22വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2019-20, 2020-21എന്നീ മുൻവർഷങ്ങളിലെ കുടിശ്ശിക ഡിമാന്റുകൾ വർഷം തിരിച്ച് ആകെ കുടിശ്ശിക തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി കുടിശ്ശിക തുക ആരിൽ നിന്നുമാണന്നോ ആയതിന്റെ ഡിമാന്റുകളുടെ വിശദാംശങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷാത്തിൽ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് ഇനത്തിലെ 48,02,641/-രൂപയിൽ 3,99,165/- രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഈടാക്കിയിട്ടുള്ളത്. 2021-22 വർഷാവസാനം കുടിശ്ശികയിനത്തിൽ 44,03,476/-രൂപ പിരച്ചെടുക്കാനുള്ളതായി കാണുന്നു. നഗരസഭയ്ക്ക് കിട്ടേണ്ട നികുതി ഡിമാന്റ് ചെയ്ത് 3 വർഷത്തിനകം ഈടാക്കിയിട്ടില്ലെങ്കിൽ ആയത് കാലഹരണപ്പെടുകയും നഗരസഭയ്ക്ക് ഈടാക്കാൻ സാധിക്കാതെ പോകുകയും ചെയ്യുന്നതാണ് എന്നിരിക്കെ കുടിശ്ശികയിനത്തിലെ തുക പിരിച്ചെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക ഡിമാന്റുകൾ വർഷം തിരിച്ച് ഡിമാന്റ് വിവരങ്ങൾ

രേഖപ്പെടുത്തി അടവ് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ((നമ്പർ 46/2021-22 തീയ്യതി 06.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശികയിനത്തിലെ തുക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക ഡിമാന്റുകൾ വർഷം തിരിച്ച് ഡിമാന്റ് വിവരങ്ങൾ രേഖപ്പെടുത്തി അടവ് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം കൗൺസിൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധ വർഷങ്ങളിൽ ആകെ കൂടി 60ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ ചെയ്യുകയോ തൊഴിൽ സംരംഭത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടക്കേണ്ടതാണ്. അല്ലെങ്കിൽ മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപനങ്ങളുടെ നേരെ കൊടുത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മാനേജർ, ABC മോട്ടേഴ്സ്, പയ്യനങ്ങാടി | I, II |
| 2 | ഹെഡ്മാസ്റ്റർ MET സെൻട്രൽ സ്കൂൾ, പയ്യനങ്ങാടി | I, II |
| 3 | പ്രിൻസിപ്പാൾ, ബ്രില്യൻസ് കോളേജ്, റിംഗ് റോഡ്, തിരൂർ | I, II |
| 4 | മാനേജർ, G-Tech കമ്പ്യൂട്ടർ, തിരൂർ - ചെമ്പ്ര റോഡ് | I, II |
| 5 | കള്ളിയത്ത് സാനിറ്റേഷൻസ്, തിരൂർ | I, II |
| 6 | മാനേജർ, കള്ളിയത്ത് സ്റ്റീൽസ് | I, II |
| 7 | രാഖി പ്രിന്റേഴ്സ്, പയ്യനങ്ങാടി | I, II |
| 8 | പ്രിൻസിപ്പാൾ, സ്കൂൾ ഓഫ് ഫൈൻ ആർട്സ് മാവുംകുന്ന് | I, II |
| 9 | മാനേജർ, സെൻട്രൽ ടാക്കീസ്, തിരൂർ | I |
| 10 | പ്രിൻസിപ്പാൾ, അൻസാറുൽ മുസ്ലിമീൻ സംഘം, ഹയർ സെക്കന്ററി സ്കൂൾ, പഴംകുളങ്ങര, തിരൂർ | I, II |
| 11 | പ്രിൻസിപ്പാൾ, ജീനിയസ് കോളേജ്, തിരൂർ | I, II |
| 12 | പ്രിൻസിപ്പാൾ, സീതിസാഹിബ് മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, തിരൂർ, തെക്കുംമുറി | I, II |
| 13 | പ്രൊപ്രൈറ്റർ, ക്വാളിറ്റി എക്സ്-റെ ലാബ്, തിരൂർ | II |
| 14 | പ്രൊപ്രൈറ്റർ, അജന്ത സ്റ്റുഡിയോ, തിരൂർ | I, II |
| 15 | പ്രൊപ്രൈറ്റർ, സ്കോളാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, തിരൂർ | I, II |
| 16 | പ്രൊപ്രൈറ്റർ, അമൽ ഡിജിറ്റർ എക്സ്-റേ ലാബ്, തിരൂർ | I, II |
| 17 | മാനേജർ, ത്രിവേണി സ്റ്റോർ, തൊമ്മൽ ബിൽഡിംഗ്, തിരൂർ | II |

| | | |
|---|---|---|
| 18 | പ്രൊപ്രൈറ്റർ, നീതി ലാബ് & മെഡിക്കൽ ലബോറട്ടറി, തിരൂർ | II |
| 19 | അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് 1 തിരൂർ | I |
| 20 | മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, താഴെപ്പാലം | II |
| 21 | പ്രിൻസിപ്പാൾ, തിരൂർ ആർട്സ് കോളേജ്, താഴെപ്പാലം | I, II |
| 22 | പ്രൊപ്രൈറ്റർ, ഗണപതി ചെട്ടിയാർ തുണിക്കച്ചവടം | I, II |
| 23 | സെക്രട്ടറി, തിരൂർ കോർപ്പറേറ്റീവ് റൂറൽ ബാങ്ക്, പൂക്കോട്ടുകളം | II |
| 24 | മാനേജർ, ശ്രീറാം ട്രാൻസ്പോർട്ട് & ഫിനാൻസ് കമ്പനി ലിമിറ്റഡ്, താഴെപ്പാലം | II |
| 25 | സിറാജ് ഡിജിറ്റൽ സ്റ്റുഡിയോ കളർലാബ്, താഴെപ്പാലം | I, II |
| 26 | പ്രിൻസിപ്പാൾ, RACE കോച്ചിംഗ് സെന്റർ, തിരൂർ | I, II |
| 27 | സെക്രട്ടറി, മലപ്പുറം കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരൂർ | I, II |
| 28 | പ്ലാനറ്റ് ഫാഷൻ, പൂങ്ങോട്ടുകളം | I, II |
| 29 | ലെതർ പ്ലാനറ്റ്, പൂങ്ങോട്ടുകളം | I, II |
| 30 | പ്രൊപ്രൈറ്റർ, സിറ്റി ഹോട്ടൽ, സിറ്റി ജംഗ്ഷൻ, തിരൂർ | I, II |
| 31 | പരിരക്ഷാ നഴ്സ്. തിരൂർ നഗരസഭ | II |
| 32 | തിരൂർ പ്രസ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരൂർ | I, II |
| 33 | പ്രൊപ്രൈറ്റർ, ഖയാം തിയേറ്റർ, തിരൂർ | I, II |
| 34 | മാനേജർ, ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, കെ.ജി പടി | I, II |
| 35 | മെട്രോ സ്കാനിംഗ് സെന്റർ, പൂങ്ങോട്ടുകളം | II |
| 36 | പ്രിൻസിപ്പാൾ, തിരൂർ കോ-ഓപ്പറേറ്റീവ് ITC തിരൂർ | II |
| 37 | ഹെഡ്മിസ്ട്രസ്സ്, ബിഷപ് സ്കൂൾ, തിരൂർ | I, II |
| 38 | ഹെഡ്മാസ്റ്റർ, S.S.M.U.P സ്കൂൾ നടുവിലങ്ങാടി | I, II |
| 39 | FINE FAIR ഇന്ത്യാ ലിമിറ്റഡ്, നടുവിലങ്ങാടി | I |
| 40 | മാനേജർ, AM ഹോണ്ട, തിരൂർ | II |
| 41 | ലിസാൻ മോട്ടേഴ്സ്, നടുവിലങ്ങാടി | I, II |
| 42 | മാനേജർ, BRD സെക്യൂരിറ്റീസ് ലിമിറ്റഡ്, പൂക്കയിൽ | I, II |
| 43 | മാനേജർ, ന്യൂ അസോസിയേറ്റ്സ്, അസോസിയേറ്റ്സ് ഓഫ് HDFC ബാങ്ക്, കാർ ലോൺസ്, നടുവിലങ്ങാടി | I, II |
| 44 | പ്രിൻസിപ്പാൾ, എ.പി.ജെ അബ്ദുൾകലാം കോളേജ് | I, II |

| | | |
|---|---|---|
| 45 | പ്രൊ. സിറ്റി പാർക്ക് ഹോട്ടൽ, പൂക്കയിൽ | I, II |
| 46 | സെക്രട്ടറി, പൂക്കയിൽ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരൂർ | I, II |
| 47 | റാഹിന പെട്രോളിയം, പൂക്കയിൽ | I, II |
| 48 | മാനേജർ, മൂപ്പൻസ് ടി.വി.എസ് ടൂവീലർ ഷോറൂം, പെരുവഴിയമ്പലം | I, II |
| 49 | ആശിർവാദ് മൈക്രോ ഫിനാൻസ്, പെരുവഴിയമ്പലം | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/2021-22 തീയതി 06-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നിന്നും നികുതി ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല 55,000/-രൂപയുടെ നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(10) പ്രകാരം കരാറുകാരനിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ തൊഴിൽ നികുതിയായി ഈടാക്കാവുന്നതാണ്. 2021-22 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം നഗരസഭയിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ 55,000/- രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

## 1-19 അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ₹ 26,94,535 -നിയമ നടപടികൾ സ്വീകരിക്കുന്നില്ല

നഗരസഭയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്ന് ലഭ്യമായ 2021-22 വസ്തുനികുതി ഡി.സി.ബി. റിപ്പോർട്ട് പരിശോധിച്ചതിൽ വൻതുക ഓരോ കെട്ടിടത്തിനും കുടിശ്ശികയുള്ളതായി കാണുന്നു. അത്തരം കെട്ടിടങ്ങളുടെ ഉപയോഗക്രമവും വസ്തുനികുതി കുടിശ്ശികയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ. | വാർഡ് നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വസ്തു നികുതി കുടിശ്ശിക | വസ്തുനികുതി കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|---|---|
| 1 | 15/UA 501/1 (2014) | ഫാത്തിമ. കെ. | വാണിജ്യാവശ്യം | 1,15,152 | 2014-15 മുതൽ 2020-21 വരെ |
| 2 | 15/UA 2073/2 (2013) | ഇ.പി. കോയസ്സൻ | വാണിജ്യം | 3,59,316 | 2013-14 മുതൽ 2020-21 വരെ |
| 3 | 15/UA 2073/1(2013) | ഇ.പി. കോയസ്സൻ | വാണിജ്യം | 3,35,790 | 2013-14 മുതൽ 2020-21 വരെ |
| 4 | 3/UA 316/1 (2014) | ദാനിഷ് ഹൈഡ്രോസ് | വാണിജ്യം | 1,41,288 | 2014-15 മുതൽ 2020-21 വരെ |
| 5 | 3/316/2 (2014) | ദാനിഷ് ഹൈഡ്രോസ് | വാണിജ്യം | 5,32,440 | 2014-15 മുതൽ 2020-21 വരെ |
| 6 | 37/UA 1184/A(2018) | കദീജ. വി.വി. | വാണിജ്യം | 2,38,977 | 2018-19 മുതൽ 2020-21 വരെ |
| 7 | 37/UA 1522/1 | ഡോ.കെ. നൗഷാദ് | വാണിജ്യം | 28,848 | 2014-15 മുതൽ 2020-21 വരെ |

| | | | | | |
|---|---|---|---|---|---|
| | (2014) | | | | |
| 8 | 37/UA 1748/1 (2014) | അബ്ദുറഹ്മാൻ. പി.വി. | വാണിജ്യം | 1,54,192 | 2014-15 മുതൽ 2020-21 വരെ |
| 9 | 37/UA 1748/2 (2014) | അബ്ദുറഹ്മാൻ.പി.വി. | വാണിജ്യം | 2,66,467 | 2014-15 മുതൽ 2020-21 വരെ |
| 10 | 30/UA 141/A (2015) | ഫാത്തിമ. ടി. | വിദ്യാഭ്യാസം | 4,41,945 | 2015-16 മുതൽ 2020-21 വരെ |
| 11 | 16/UA 79 A | മുഹമ്മദ് കീഴേടത്തിൽ | വാണിജ്യം | 54,112 | 2020-21 മുതൽ 2020-22 വരെ |
| 12 | 16/UA 79 B | മുഹമ്മദ് കീഴേടത്തിൽ | വാണിജ്യം | 26,008 | 2020-21 മുതൽ 2020-22 വരെ |
| | | | ആകെ | 26,94,535 | |

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തുനികുതി നൽകുവാൻ ആയാൾ ബാധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റ് ആക്ട് 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

മേൽകെട്ടിടങ്ങളിൽ ക്രമനമ്പർ 11,12,ഒഴികെയുള്ളവയെ സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 ൽ ഉൾപ്പെടുത്തി വസ്തുനികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ടി കെട്ടിടങ്ങളുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേൽ പട്ടികയിലെ ക്രമ നമ്പർ 4 മുതൽ 10 വരെയുള്ള കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി അടവാക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ അറിയിച്ചിരുന്നു. എന്നാൽ മേൽ കെട്ടിട ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായോ കെട്ടിടങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചതായോ ഫയലിൽ വ്യക്തമല്ല. മേൽ കെട്ടിടങ്ങളുടെ കുടിശ്ശിക നികുതി ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദമായ റിപ്പോർട്ടും അനധികൃത നിർമ്മാണത്തിനെതിരെയുള്ള നിയമനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ. 61/2021-22 തീയതി. 20-02-23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് സമയബന്ധിതമായി പിരിച്ചെടുക്കാൻ സാധിക്കാതിരുന്നാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല- 2,36,92,749/- പിരിച്ചെടുക്കാനവശേഷിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2021-22വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ

വസ്തുനികുതി കുടിശ്ശിക ഡിമാന്റായ 3,95,30,435/-രൂപയിൽ 1,58,37,686/-രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 2,36,92,749/- രൂപ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

തനത് ഫണ്ടിന്റെ പ്രധാന ഉറവിടമായ വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് നഗരസഭയുടെ ദൈനംദിന ചെലവുകളെയും വികസന പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നതാണ്. കുടിശ്ശിക ഇക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ടി വിഷയം ഭരണസമിതി/ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 59/2021-22 തീയതി 20-02 –2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതിയിനത്തിലെ ഭീമമായ കുടിശ്ശിക കാലഹരണം കാരണം നഷ്ടമാകാതെ യഥാസമയം പിരിച്ചെടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മേൽ വിഷയം ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശ്ശിക പിരിവ് പുരോഗതി വിവരം ഓഡിറ്റിനെ യഥാസമയം അറിയിക്കേണ്ടതാണ്.

## 1-21 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

06-03-2019 ലെ സ. ഉ. (സാധാ.) നമ്പർ. 540/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച) പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരണം വരുത്തിയതിന്റെ പ്രാബല്യ തീയതി 01-04-2016 ആയി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഫോറം നമ്പർ-6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നതിന് 2019 സെപ്റ്റംബർ വരെയാണ് മേൽ ഉത്തരവ് പ്രകാരം സമയം നിശ്ചയിച്ചിരുന്നത്. എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയൽ, സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. 2021-22 ഓഡിറ്റിന്റെ ഭാഗമായി 16-02-2023 ന് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നഗരസഭയിലെ എല്ലാ വാർഡുകളിലെയും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്. നഗരസഭയിലെ എല്ലാ വാർഡുകളിലെയും ബേസ് ഡാറ്റാ എൻട്രി 24931 ആണ്. ആയതിൽ 20670 എണ്ണമാണ് അപ്രൂവ് ചെയ്തിട്ടുള്ളത്. ആയതിൽ 3662 കെട്ടിടങ്ങളുടെ ഫോറം 6 നാളിതുവരെയും തുടങ്ങിയിട്ടില്ല. 20664 കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നവയിൽ 2500 ഓളം കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്തവയാണെന്നും ആയത് ഫീൽഡിൽ പോയി ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ലെന്നും ഇനി 1500 ഓളം കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്ന എന്നും കാണുന്നു. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 28-01-2021 ലെ 9-ാം നമ്പർ തീരുമാനപ്രകാരം 3 കൗൺസിൽ അംഗങ്ങളും റവന്യൂ ജീവനക്കാരും ഉൾപ്പെടുന്ന സംയുക്തപരിശോധന ടീം രൂപീകരിക്കുകയും നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങൾ ഫീൽഡിൽ പോയി പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.

തിരൂർ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് നിലവിൽ 3662 കെട്ടിടങ്ങൾ Not Start ആണ്. ആയതിൽ 2500 ഓളം കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയതാണ്. 2011-12 കാലയളവിൽ വസ്തുനികുതി വിവരണ ഫോറം തയ്യാറാക്കിയ ഉദ്യോഗസ്ഥർ നൽകിയ പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ ലിസ്റ്റ് നിലവിലെ ഉദ്യോഗസ്ഥർ അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുകയും 22-01-2021 ലെ 9-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗങ്ങളും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന ഇക്കാര്യത്തിൽ നടത്താൻ തീരുമാനിച്ചു. എന്നാൽ ആയത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1500 ഓളം Form 6 പെന്റിംഗ് ഉള്ളതിൽ കോവിഡ് കാലത്ത് ഫീൽഡ്തല പരിശോധന നടത്താൻ പറ്റാത്ത സാഹചര്യത്തിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നും ആയത് 2-3 മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് റവന്യൂ ഓഫീസർ 2/6/2021 ൽ റിപ്പോർട്ട് ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞു. എന്നാൽ ആയതിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായ വിവരം ഫയലിൽ ലഭ്യമല്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

Not Start ൽ ഉള്ള കെട്ടിടങ്ങൾ (ARV കെട്ടിടങ്ങൾ) അസസ്മെന്റ് രജിസ്റ്ററുകളിൽ നിന്നും വിഭിന്നമായി മാറ്റം വരുത്തിയത് KMBR പാലിച്ചാണോ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ടി കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം സാധ്യമാകാത്തതിനാൽ നികുതി പരിഷ്കരണ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനും, നിലവിലുള്ള താമസയോഗ്യമായ കെട്ടിടങ്ങൾക്ക് നഗരസഭ കെട്ടിട നമ്പർ നൽകിയിട്ടുള്ളതിൽ ഭൂരിഭാഗവും മുകളിലെ

നില പണിത് ഉപയോഗിക്കുന്നതായി നഗരസഭയുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണെന്നും ചട്ടങ്ങൾക്കനുസൃതമായി നിലകൊള്ളുന്ന കെട്ടിടങ്ങൾ ഇത്തരത്തിൽ നികുതി വിധേയമാക്കേണ്ട വിഷയവും ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ പരിഗണനക്കായി 23/10/21 ലെ R2/18477/13 നമ്പർ അജണ്ടയായി ധനകാര്യ കമ്മിറ്റിയിൽ വെക്കുകയും ധനകാര്യ കമ്മിറ്റിയുടെ 26-10-21 ലെ 17-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ പ്രദേശത്തുള്ള വാണിജ്യ കെട്ടിടങ്ങൾ ഒഴികെ വാസഗൃഹങ്ങൾക്ക് നികുതി ചുമത്തുന്നതിനായി Form II നൽകുന്നതിനുള്ള ഓഫീസ് നടപടികൾക്കായി റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തി. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളിൽ നടത്തിയിട്ടുള്ള അധിക നിർമ്മാണം അപേക്ഷകരിൽ നിന്നും Form II വാങ്ങി കൂട്ടിച്ചേർത്ത ഭാഗം ഉൾപ്പെടെയുള്ള വിസ്തീർണ്ണത്തിന് നികുതി പരിഷ്കരണം നടത്തുമ്പോൾ ടി കൂട്ടിച്ചേർക്കൽ KMBR പാലിച്ചാണോ എന്നും തണ്ണീർതട നിയമം 2008, നെൽവയൽ സംരക്ഷണ ചട്ടങ്ങൾ 2008 എന്നിവയുടെ ലംഘനം നടത്തിയിട്ടുള്ള നിർമ്മാണങ്ങളാണെന്നോ ഉറപ്പാക്കാൻ കഴിയില്ല എന്നും ക്രമവൽക്കരണ ഫീസിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തുക ലഭിക്കുകയില്ലെന്നും റവന്യൂ ഓഫീസർ 21/1/22 ന് നഗരസഭ സെക്രട്ടറിയെ അറിയിക്കുന്നതിനായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി വിഷയത്തിലെ തുടർ നടപടികളൊന്നും ഫയലിൽ ലഭ്യമല്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം ഉത്തരവ് ഇറങ്ങിയിട്ട് വർഷങ്ങളായിട്ടും ആയത് പൂർത്തിയാക്കുന്നതിന് താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമായിട്ടും, പരിഷ്കരണം പൂർത്തീകരിക്കാൻ നഗരസഭക്ക് കഴിയാത്തതിന് വിശദീകരണം നൽകേണ്ടതാണ്. വസ്തുനികുതി പരിഷ്കരണം അനന്തമായി നീളുന്നത് നഗരസഭക്ക് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്.

വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മേൽ തീരുമാനങ്ങളിലെ തുടർ നടപടികളുടെ വിശദാംശങ്ങളും ആയതിന്റെ നിലവിലുള്ള അവസ്ഥയും റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 58/2021-22 തീയതി : 20 -02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-22 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാകരം നഗരസഭ 31-12-2011 ലെ ആർ2-17572/11 നമ്പർ പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ പുതിയ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ 100 $M^2$ ന് മുകളിലുള്ള ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത കെട്ടിട നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചതിൽ നികുതി നിരക്ക് ഏകീകൃതമാവാതെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | വ്യത്യാസം | ഡിമാന്റ് നം/പ്രബല്യത്തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 101/C ഒന്നാം നില 62.17 $M^2$ | സുലൈഖ, തടത്തിൽപറമ്പിൽ | 70 രൂപ നിരക്കിൽ 4756/- രൂപ (അടിസ്ഥാന നികുതി-4135 എൽ.സി.-207 സർചാർജ്-414) | 90 രൂപ നിരക്കിൽ 6115/- രൂപ (അടിസ്ഥാന നികുതി-5317 എൽ.സി.-266 സർചാർജ്-532) | 1359 | 18603/22.09.2018 | ടി കെട്ടിടത്തിലെ 101/A (44.75 $M^2$ ) 101/B (98.2 $M^2$ ) എന്നിവ 90 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. |
| 2 | 99/C ഒന്നാം നില 29.97 $M^2$ | അബ്ദുൽ ഖാദർ മഞ്ഞളിങ്ങൽ | 70 രൂപ നിരക്കിൽ 2294/- രൂപ (അടിസ്ഥാന നികുതി-1994 എൽ.സി.-100 സർചാർജ്-200) | 90 രൂപ നിരക്കിൽ 2950/- രൂപ (അടിസ്ഥാന നികുതി-2564 എൽ.സി.-129 സർചാർജ്-257) | 656 | 19379/02.07.2021 | ടി കെട്ടിടത്തിലെ 99/A (32.93 $M^2$ ) 99/B (59.53 $M^2$ ) 99/D (45.57 $M^2$ ) എന്നിവ 90 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. |

മേൽ കെട്ടിടങ്ങളിലെ വ്യത്യസ്ത റൂമുകൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിക്കാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 60/2022-23 തീയതി 20.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിട നമ്പറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശികയടക്കം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 എസ്.എസ്.എ.യ്ക്ക് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 30,00,000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | എസ്.എസ്.എ.യ്ക്ക് വിഹിതം നല്കൽ<br>പ്രൊജക്ട് നം. 02/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി<br>തിരൂർ നഗരസഭ |
| അടങ്കൽ | 30,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 11,13,000/-(ട്രഷറി ബിൽ നം.6/21-22/14.06.2021)<br>18,87,000/-(ട്രഷറി ബിൽ നം.19/21-22/27.07.2021)<br>3000000/-<br>========= |
| File No. | A5-11100/21 |

2021-22 സാമ്പത്തിക വർഷം 1113000/-രൂപ ഡിസ്ട്രിക്ക് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ. മലപ്പുറത്തിനും, 1887000/-രൂപ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള, തിരുവനന്തപുരത്തിനും സമഗ്ര വിദ്യാഭാസ പുരോഗതിയ്ക്കു വേണ്ടി മേൽ പട്ടികയിൽ രേഖപ്പെടുത്തിയ പ്രകാരം നഗര സഭ നല്കിയിട്ടുണ്ട്. ആകെ 30,00,000/-രൂപ . ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ, എസ്.എസ്.കെ മലപ്പുറത്തിന്റെ No. A-1646/21/S.S.K Dated 06.08.2022 പ്രകാരം ആകെ 9653169/-രൂപയുടെ ചെലവും തദ്ദേശ സ്ഥാപനം അടവാക്കിയ 30,00,000/-രൂപയും രേഖപ്പെടുത്തിയ പത്രിക ഫയലിൽ ഉണ്ട്. എന്നാൽ എസ്.എസ്.എ. ഏതെല്ലാം വിദ്യാലയത്തിൽ എന്താവശ്യത്തിനു വേണ്ടി എത്രരൂപ ചെലവാക്കി എന്ന് പത്രികയിൽ വിശദമാക്കിയിട്ടില്ല. നഗര സഭ നല്കിയ 30,00,000/-രൂപ ചെലവഴിച്ചതിന്റെ വിശദ വിവരവും, വിനിയോഗ സാക്ഷ്യപത്രവും എസ്.എസ്.എയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17 തിയ്യതി 31.10.2022)ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എയിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-24 ഐ.കെ.എം.ന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-281132/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | ഐ.കെ.എം.ന് വിഹിതം നല്കൽ<br>പ്രൊജക്ട് നം. 01/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,<br>തിരൂർ നഗരസഭ |
| അടങ്കൽ | 281132/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 281132/-<br>ട്രഷറി ബിൽ നം. 7/21-22/14.06.21 |
| ഫയൽ നം. | എ5-11101/21 |

2020-21 സാമ്പത്തിക വർഷം ഐ.കെ.എം. നല്കാനുള്ള ബാലൻസ് തുകയായ 837/-രൂപയും 2021-22 സാമ്പത്തിക വർഷം അനുവദിച്ച 280295/- അടക്കം ആകെ 281132/-രൂപ ഐ.കെ.എം.ന് നല്കിയിട്ടുണ്ട്. മേൽ തുക രശീതി നം. 22812/18.06.2021 പ്രകാരം ഐ.കെഎം. കൈപ്പറ്റിയിട്ടുണ്ട്. തുക നല്കിയിട്ട് ഒരുവർഷമായിട്ടും ഐ.കെ.എം. ലിൽ നിന്നും വിനിയോഗ സാക്ഷ്യപത്ര ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നുകാണിച്ചു നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18 21-22 തിയ്യതി 31.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ആയത് പരിശോധനയ്ക്ക് അറിയിക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 281132/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-25 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 3384776/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ<br>പ്രൊജക്ട് നം. 193/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി<br>തിരൂർ നഗരസഭ |
| അടങ്കൽ | 5000000/- (വികസന ഫണ്ട് -സി.എഫ്.സി-ടൈഡ് ഗ്രാന്റ്) |
| ചെലവ് | 1345776/-(വൌച്ചർ നം. 22101704/16.12.2021) |

| | |
|---|---|
| | 15000/- (വൌച്ചർ നം. 22101501/27.03.2022)<br>14000/-(വൌച്ചർ നം. 22101523/31.03.2022)<br>800000/-(വൌച്ചർ നം. 22101502/27.03.2022)<br>210000/-(വൌച്ചർ നം. 22101706/28.01.2022)<br>200000/-(വൌച്ചർ നം. 22101707/11.02.2022)<br>500000/-(വൌച്ചർ നം.22101709/14.02.2022)<br>300000/-(വൌച്ചർ നം. 22101705/27.01.2022)<br>3384776/-<br>======= |

തിരൂർ നഗരസഭയുടെ വിവിധ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കുടിവെള്ള പൈപ്പ് നീട്ടി പരമാവധി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ പദ്ധതി ലക്ഷ്യമിടുന്നു. മേൽ പദ്ധതിയിക്കായി താഴെപ്പറയുന്ന പട്ടിക പ്രകാരം കുടിവെള്ള പൈപ്പ് നീട്ടുന്നതിനായി 3384776/-രൂപ വാട്ടർ അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട് . എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരമോ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ നിന്നും ലഭ്യമല്ല.

| ക്രമ നം. | ഫയൽ നം. | പ്രവർത്തിയുടെ പേര് | തുക |
|---|---|---|---|
| 01 | A5-19566/21 | 2020-21 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് പ്രതീക്ഷിത ചെലവായ 3550000/-രൂപയിൽ 2204224/-രൂപ നല്കി. അവശേഷിക്കുന്ന 1345776/-രൂപ നല്കൽ. | 1345776 |
| 02 | PW1-19220/21(A5) | 19-ാം വാർഡിലെ 23-ാം നമ്പർ അംഗനവാടിയിൽ കുടിവെള്ള സൌകര്യമൊരുക്കൽ -പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 15000 |
| 03 | PW2-18338/21(A5) | 37-ാം വാർഡിൽ സ്ഥിചെയ്യുന്ന 27-ാം നമ്പർ അംഗനവാടിയിൽ കുടിവെള്ള സൌകര്യമൊരുക്കൽ -പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 14000 |
| 04 | PW1-12606/21(A5) | 7-ാം വാർഡിൽ ഉൾപ്പെടുന്ന തൊട്ടിയിൽ താഴം റോഡിൽ നിന്നും വെണ്ണാറ്റി കടവ്, കണ്ണംപാടം ഫുട്പാത്ത്-ചെമ്പ്രക്കളം റോഡ്, ഉമരക്കാവ് ഹോമിയോ ഡിസ്പെൻസറി സ്ഥിതിചെയ്യുന്ന വാർഡ് നം. 6,7 പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - ലൈൻ ദീർഘിപ്പിക്കൽ | 800000 |
| 05 | PW2-1175/21(A5) | പൊറൂരിലെ തറയൻ പറമ്പ് ഭാഗത്തെ ജനങ്ങളുടെ കുടിവെള്ള സൌകര്യത്തിന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 210000 |
| 06 | PW1-11627/21(A5) | 22-ാം വാർഡ് ദേശബന്ധു വായനശാലയ്ക്ക് സമീപം മദ്രസയുടെ അടുത്തുള്ള കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കൽ-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 |
| 07 | PW1-19853/21(A5) | 24-ാം വാർഡിലെ മുത്തൂർ ഐ.ടി.സി. ഉസ്മാൻ ഹാജി റോഡിന്റെ അടുത്തുള്ള കോൺക്രീറ്റ് റോഡ്, വൈലിശ്ശേരി റോഡ് എന്നീ പ്രദേശങ്ങളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000 |
| 08 | PW1-5272/21(A5) | 29-ാം വാർഡിലെ ഓൾഡ് പൊന്നാനി തോടിന് സമീപത്ത് താമസിക്കുന്ന കുടുബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കൽ -പൊതുടാപ്പ് മാറ്റി സ്ഥാപിക്കൽ | 300000 |
| ആകെ | | | 3384776 |

പണി എന്ന പൂർത്തികരിക്കുമെന്ന് വ്യക്തമാക്കികൊണ്ട് യാതൊരുവിധ ഉടമ്പടിയും വെക്കാതെയാണ് വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയിട്ടുള്ളത്. മാത്രവുമല്ല തുക ഡെപ്പോസിറ്റ് ചെയ്യതല്ലാതെ പ്രവർത്തി ചെയ്യിക്കുന്നതിനും പൂർത്തികരിക്കുന്നതിനും നഗരസഭ പിന്നീട് യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചതായും കാണുന്നില്ല.
പണി പൂർത്തിയാക്കിയതിന്റെ വിവരവും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ആയത് ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 19/21-22 തിയ്യതി 31.10.2022) ഇതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ 3384776/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-26 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- 1806450/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ<br>പ്രൊജക്ട് നം. 44/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1225000/-<br>(വികസന ഫണ്ട് -സി.എഫ്.സി-ബേസിക്ക് |

| | |
|---|---|
| | ഗ്രാന്റ്)<br>582000/-(വികസന ഫണ്ട് -ജനൽ)<br>1807000<br>====== |
| ചെലവ്<br>11224930/-<br>(വികസന ഫണ്ട് -സി.എഫ്.സി-ബേസിക്ക് ഗ്രാന്റ്)<br>581520/-(വികസന ഫണ്ട് -ജനൽ)<br>1806450<br>====== | 573420/-(Tr.Bill No.55/15.12.2021)<br>430/-(Tr.Bill No.72/23.03.2022)<br>7670/-(Tr.Bill No.59/20.01.2022)<br>871784/-(Vr.No.22101710/14.02.2022)<br>45000/-(Vr.No.22101449/18.03.2022)<br>137624/-(Vr.No.22101711/16.02.2022)<br>170522/-(Vr.No.22101712/16.02.2022)<br>1806450<br>====== |

താഴെപ്പറയുന്ന പട്ടിക പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 1806450/-രൂപ കെ.എസ്.ഇ.ബിയക്ക് നല്കിയിട്ടുണ്ട് . എന്നാൽ നാളിതുവരെയും പൂർത്തീകരണ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ കെ.എസ്.ഇ.ബി.യിൽനിന്നും ലഭിച്ചതായി ഫയലിൽ നിന്നും ലഭ്യമല്ല.

| ക്രമ നം. | ഫയൽ നം. | പ്രവർത്തിയുടെ പേര് |
|---|---|---|
| 01 | A5-20548/21 | 2,4,37,38 വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ |
| 02 | PW2/11044 | 2-ാം വാർഡിലെ പൊയ്ലശ്ശേരി റോഡ്, കെ.പി.അബ്ദുറഹ്മാൻ റോഡ്, പള്ളത്ത് ഇടവഴി എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |
| 03 | PW2/11663/21 | 4-ാം വാർഡിലെ ചെറോട്ടിൽ ഫുട്പാത്തിൽ, നട്ടവിലങ്ങാടി പൊറൂർ റോഡിൽ ഓവു പാലത്തിലും, ലൈൻ വലിക്കുന്നതിനും മൈത്രി റോഡിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കുന്നതിനുള്ള നടപടികൾ |
| 04 | PW2/2666/21 | 4-ാം വാർഡിലെ യുവനഗർ കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |
| 05 | PW2/12615/21 | 6-ാം വാർഡിലെ നെല്ലളി റോഡ്, അങ്കണവാടി റയിൽവേ ലൈൻ റോഡ്, ഉമരക്കാവ് ക്ഷേത്രം നെല്ലളി റോഡ് അറബിക്ക് മുൻഷി എടവഴി എന്നീ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| 06 | PW1/12281/21 | 22-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കൽ |
| 07 | PW1/11051/21 | 14-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കൽ |
| 08 | PW2/11472/21 | 3-ാം വാർഡിൽ പുതിയ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ |
| 09 | PW1/10575/21 | 19-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കൽ |
| 10 | PW1/18398/18 | 9-ാം വാർഡിൽ പൊറ്റത്തറമ്മൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 11 | PW1/11402/21 | 13-ാം വാർഡ് തലക്കടത്തൂർ-പനമ്പാലം റോഡ്, തെണ്ടാത്ത് റോഡ്, ചാലുപറമ്പ് ഫുട്പാത്ത് എന്നിവിടങ്ങളിൽ ഇലക്ട്രിക്ക് പോസ്റ്റ്, ലൈൻ എന്നിവ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| 12 | PW2/5271/21 | 29-ാം വാർഡിലെ മുണ്ടേക്കാട് പറമ്പിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |

1. പണി എന്നു പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കികൊണ്ട് യാതൊരുവിധ ഉടമ്പടിയും നഗരസഭ കെ.എസ്.ഇ.ബിയുമായി വെക്കാതെയാണ് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 1806450/-രൂപ കെ.എസ്.ഇ.ബിയ്ക്ക് നല്കിയിട്ടുള്ളത്. മാത്രവുമല്ല തുക ഡെപ്പോസിറ്റ് ചെയ്തതല്ലാതെ പ്രവർത്തി ചെയ്യിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നഗരസഭ പിന്നീട് യാതൊരുവിധ തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.
2. പണി പൂർത്തീകരിച്ച വിവരവും, മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും, പട്ടികയിൽ രേഖപ്പെടുത്തിയ ഒരോ പ്രവർത്തിക്കും കെ.എസ്.ഇ.ബി.യ്ക്ക് 2021-22സാമ്പത്തിക വർഷം നല്കിയ തുകയുടെ വിവരവും ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 20/21-22 തിയ്യതി 31.12.2022) മറുപടി ഇതുവരെയും ലഭിച്ചിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 1806450/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-27 വയോമിത്രം -സാമൂഹ്യ സുരക്ഷമിഷന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | വയോമിത്രം -സാമൂഹ്യ സുരക്ഷമിഷന് വിഹിതം നല്കൽ<br>പ്രൊജക്ട് നം. 03/22 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,<br>തിരൂർ നഗരസഭ |
| അടങ്കൽ | 10,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 10,00,000/-<br>ട്രഷറി ബിൽ നം. 7/21-22/14.06.21 |
| ഫയൽ നം. | എ4-11099/21 |

സർക്കാർ ഉത്തരവ് നം. (സാധാ)1209/2013 തസ്വഭവ തിയ്യതി 06.05.2013 പ്രകാരം കേരള സാമൂഹ്യ സുരക്ഷ മിഷന് പ്രവർത്തന ഫണ്ട് രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് ഖണ്ഡിക 2 പ്രകാരം മുനിസിപ്പാലിറ്റി വിഹിതമായി 10,00,000/-രൂപ നല്കാവുന്നതാണ്. ഖണ്ഡിക 6 പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നല്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധനയിൽ സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും സാക്ഷ്യപത്രം നഗരസഭയ്ക്ക് ലഭിച്ചതായി കാണുന്നില്ല. കേരള സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും ലഭിച്ച ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/2021-22 തിയ്യതി 31.10.2022) മറുപടി ഇതുവരെയും ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 പി.എം.എ.വൈ ലൈഫ് പദ്ധതി-അപാകതകൾ

പി.എം.എ.വൈ-ലൈഫ് ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം ഭവന നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി ധനസഹായം അനുവദിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഒന്നാം ഗഡു നല്കിയ തിയ്യതി | രണ്ടാം ഗഡു നല്കിയ തിയ്യതി | മൂന്നാം ഗഡു നല്കിയ തിയ്യതി | നാലാം ഗഡു നല്കിയ തിയ്യതി | അഞ്ചാം ഗഡു നല്കിയ തിയ്യതി |
|---|---|---|---|---|---|---|
| 01 | സബിത മണ്ടക്കതിങ്കൽ | 30000/ 29.07.17 | 120000/ 10.11.17 | 120000/ 19.02.18 | 30000/ 09.08.18 | |
| 02 | സുബൈദ, കല്ലിങ്ങൾ | 30000/ 19.03.18 | 120000/- 06.10.18 | 120000/ 15.09.20 | | |
| 03 | ഉമ്മൈല്ലത്ത്.കെ.കെ. വേരുങ്ങൽ | 30000/ 17.07.18 | 12000/ 01.12.18 | | | |
| 04 | കദീജ കെ.പി. കാവുങ്ങപറമ്പിൽ | 30000/ 13.08.20 | 120000/ 31.12.20 | | | |
| 05 | ശോഭ.വി. വെട്ടത്ത് | 30000/ 18.09.18 | 120000/ 18.07.19 | | | |
| 06 | ദീപ.വി വള്ളത്തോൾ | 30000/ 13.03.19 | 120000/ 29.02.20 | | | |
| 07 | മാലതി കോട്ടാറി | 30000/ 28.01.19 | 90000/ 14.09.22 | നല്കിയ ഗഡുകൾക്കിടയിൽ രണ്ടുവർഷത്തെ ഇടവേള കാണുന്നു. വിശദീകരണം ആവശ്യമാണ്. | | |
| 08 | സുഹറ, ചിറക്കൽ | 30000/ 21.03.19 | 120000/ 06.12.19 | 120000/ 25.09.20 | | |
| 09 | റഹീന, കടവത്ത് | 30000/ 18.09.18 | 120000/ 21.03.19 | | | |
| 10 | ഗീത, കാലടി | 30000/ 27.11.18 | | | | |
| 11 | ഷീന പി.പി. പാണ്ടികശാല പറമ്പിൽ | 30000/ 07.11.18 | 120000/ 21.03.19 | 120000/ 01.08.19 | | |
| 12 | പ്രസന്ന പാണ്ടികശാല പറമ്പിൽ | 30000/ 12.11.18 | 120000/ 04.03.19 | 120000/ 01.08.19 | | |
| 13 | കദീജ, മണ്ടകതിങ്ങൽ | 30000/ 30.08.19 | 120000/ 20.03.20 | | | |

| | | | | | | |
|---|---|---|---|---|---|---|
| 14 | സാഹിറ.ടി<br>താഴത്തേതിൽ | 30000/<br>28.01.19 | 120000/<br>28.06.19 | 120000/<br>22.04.21 | | |
| 15 | സജന<br>പാറപ്പുറത്ത് | 30000/<br>18.08.19 | 120000/<br>16.03.20 | 120000/<br>10.12.20 | | |
| 16 | പ്രണിത<br>കുന്നക്കാട്ട് | 30000/<br>03.12.18 | 120000/<br>09.10.19 | 120000/<br>18.08.20 | | |
| 17 | ഷാജിത<br>ചാത്തൻപുലക്കൽ | 30000/<br>12.11.18 | | | | |
| 18 | ലീല<br>താഴയിൽമാരാത്ത് | 30000/<br>27.11.18 | 120000/<br>30.05.19 | 120000/<br>22.04.21 | 90000/<br>24.06.21 | |
| 19 | സുജാത<br>കയറ്റി പറമ്പിൽ | 30000/<br>03.12.18 | | | | |
| 20 | റംലത്ത്<br>കോണക്കാട്ടു<br>പറമ്പിൽ | 30000/<br>18.06.19 | 120000/<br>09.10.19 | 120000/<br>01.01.20 | | |
| 21 | ലിസി,<br>വെട്ടത്ത് | 30000/-<br>13.03.19 | 120000/<br>23.12.19 | 120000/<br>15.09.20 | | |
| 22 | കദീജ,<br>ഇല്ലത്തേപറമ്പിൽ | 30000/<br>01.12.18 | 12000/<br>29.07.19 | | | |
| 23 | വിശാലാക്ഷി.എം<br>മൂർക്കംബാട്ട് | 30000/<br>11.03.19 | 120000/<br>13.08.20 | 120000/<br>22.04.21 | | |
| 24 | സാഹിറ.ടി.<br>താഴത്തേതിൽ | 30000/<br>തിയ്യതി ഇല്ല | 120000/<br>തിയ്യതി ഇല്ല | | | |
| 25 | ലീല,<br>തറയിൽ | 30000/<br>തിയ്യതി ഇല്ല | 120000/<br>തിയ്യതി ഇല്ല | | | |

1.ഭവന നിർമ്മാണത്തിന് ഗഡുക്കളായി ധനസഹായം നല്കിയതല്ലാതെ ഭവന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനോ, പൂർത്തീകരിക്കുന്നതിനായുള്ള യാതൊരു തുടർ നടപടികളോ നഗരസഭ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

2. 2021-22 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല

3. ഗുണഭോക്താക്കൾക്ക് ധനസഹായം രേഖപ്പെടുത്തിയ രജിസ്റ്റർ ബന്ധപ്പെട്ടവർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4.ഗഡുക്കളായി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുമ്പോൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ പുരോഗതി സൂചിപ്പിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റോ ജിയോ ടാഗിംഗ് ചെയ്തതിന്റേയോ വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം. 30/ 21-22/തിയ്യതി 01.12.2022) ഭവന നിർമ്മാണത്തിന് ധനസഹായം നല്കിയ ഏതാനും ഗുണഭോക്താക്കളുടെ പേർ രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ രേഖപ്പെടുത്തിയ സുപ്രധാന രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിലും ഭവനനിർമ്മാണ പ്രവർത്തിക്ക് ഗഡുക്കളായി തുക നല്കിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും അതിന്റെ പുരോഗതി വിലയിരുത്താത്തതും നിർവ്വഹണോദ്യോഗസ്ഥന്റെ ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാരണത്താൽ നല്കിയ ഗഡുക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പരിരക്ഷാ പാലിയേറ്റീവ് കെയർ-മരുന്നുകൾ പൂർണ്ണമായും ലഭ്യമല്ല-93621/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്/ പ്രൊജക്റ്റ് നം. | പരിരക്ഷാ പാലിയേറ്റീവ് കെയർ (പ്രൊജക്റ്റ് നം. 30/21) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി, തിരൂർ |
| അടങ്കൽ | 1050000/-(വികസന ഫണ്ട്) |
| ചെലവ് | 78515/-(ട്രഷറി ബിൽ നം. 02/21-22/18.09.2021)<br>697425/-(ട്രഷറി ബിൽ നം. 03/21-22/03.02.2022) |

| | |
|---|---|
| | --------<br>7,75,940/-<br>====== |

പരിരക്ഷാ പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ക്യാൻസർ രോഗികൾക്കും ശാരീരിക അവശതയുള്ളവർക്കും ആവശ്യമായ മരുന്നുകൾ നല്കാൻ പദ്ധതി ലക്ഷ്യമിടുന്നു. മേൽ ആവശ്യത്തിനായി പ്രഫോർമ്മ ഇൻവോയ്സ് നം. പി.ആർ.എഫ്. 2026/13.09.2021 പ്രകാരം 500000/-രൂപ കെ.എം.എസ്.സി.എൽ. തിരുവന്തപുരത്തിന് നല്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം 406379/-രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. അവശേഷിക്കുന്ന 93621/-രൂപയുടെ(500000-406379) മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യല്ല. ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

| ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|
| 2276/14.03.2022 | 89636 |
| 128/29.04.2022 | 180932 |
| 167/03.05.2022 | 59329 |
| 296/28.05.2022 | 33616 |
| 336/04.06.2022 | 15830 |
| 460/29.06.2022 | 5082 |
| 495/29.06.2022 | 11356 |
| 499/07.07.2022 | 10598 |
| ആകെ | 406379 |

പദ്ധതി പരിശോധനയിൽ കണ്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1. മരുന്നുകൾക്ക് തുക നല്കുന്നതിനു മുമ്പ് കെ.എം.എസ്.സി.എൽമായി കരാർ ചമച്ചിട്ടില്ല.

2. അവശേഷിക്കുന്ന 93621/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ എടുത്ത നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11 /*21-22*/ തിയ്യതി 29.08.2022) മെഡിക്കൽ സൂപ്രണ്ട് ലഭ്യമാക്കിയ മറുപടിയിൽ (കത്ത് നം.എ1-6041/22 തിയ്യതി 30.08.2022) സർക്കാർ സ്ഥാപനമായതിനാലാണ് കെ.എം.എസ്.സി.എൽ-മായി കരാർ ചമക്കാത്തതെന്നും 93621/-രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. അവശേഷിക്കുന്ന തുകയുടെ മരുന്നു ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 93621/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-30 മുൻകൂർ നല്കിയ തുകയുടെ മരുന്നുകൾ ഇതുവരെയും ലഭ്യമാകാത്തത് -800018/-രൂപ തനതു ഫണ്ടിൽ അടവാക്കി

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്/ പ്രൊജക്റ്റ് നം. | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, പ്രതിരോധ സാമഗ്രികൾ, ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാണം<br>(പ്രൊജക്റ്റ് നം. 238/21) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി, തിരൂർ |
| അടങ്കൽ | 800018/- |
| ചെലവ് | 800018/-വികസന ഫണ്ട്(ജനറൽ)<br>(ട്രഷറി ബിൽ നം. 01/21-22/18.09.2021) |

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. തിരൂർ എം.ഇ.എസ്. സെൻട്രൽ സ്കൂളിൽ പ്രവർത്തിച്ചു വന്നിരുന്ന C.F.L.T.C., കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രഫോർമ്മ ഇൻവോയ്സ് നം. പി.ആർ.എഫ്. 1641/12.08.2021 പ്രകാരം 1563950/-രൂപയുടെ എസ്റ്റിമേറ്റ് കെ.എം.എസ്.സി.എൽ. തിരുവനന്തപുരത്തു നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ വാങ്ങാനായി കെ.എം.എസ്.സി.എല്ലിന് 800018/-രൂപ (ട്രഷറി ബിൽ നം. 01/21-22/18.09.2021) നിർവ്വഹണോദ്യോഗസ്ഥ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഓഡിറ്റ് സമയത്തും ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറി നം. 12/21-22 തിയ്യതി 29.08.2022) തുടർന്ന് മെഡിക്കൽ സൂപ്രണ്ടിൽ നിന്നും എ1-6041/2022 തിയ്യതി 30.08.2022 നമ്പറായി ലഭിച്ച മറുപടി കത്തിൽ C.F.L.T.C പ്രവർത്തനം 30.09.2021ന് അവസാനിപ്പിച്ചുവെന്നും മരുന്നുകൾ ഇതുവരെയും ലഭ്യമാവാത്ത സാഹചര്യത്തിൽ ടി പദ്ധതിയിൽ അനുവദിച്ച തുക തിരൂർ നഗരസഭയുടെ കീഴിൽ നടത്തുന്ന പരിരക്ഷയിൽ രജിസ്റ്റർ ചെയ്ത കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് പ്രസ്തുത സ്ഥാപനത്തിലെ ഇന്റേണൽ സ്റ്റോർ പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്ന് അറിയിക്കുയും ചെയ്തു. മേൽ കത്തിന് മറുപടിയായി ടി.ആർ.എം.2/415/2022 തിയ്യതി 12.09.22ന് നമ്പറായി ഈ ഓഫീസിൽ നിന്നും അയച്ച മറുപടിയിൽ സി.എഫ്.എൽ.ടി.സി നിറുത്തിയതിനാലും നിലവിൽ മരുന്നുകൾ ലഭ്യമാവാത്താത്തിനാലും കെ.എം.എസ്.സി.എല്ലിനു നല്കിയ തുക തിരികെ അടവാക്കാൻ മെഡിക്കൽ സൂപ്രണ്ടിനോട് ആവശ്യപ്പെട്ടു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, പ്രതിരോധ സാമഗ്രികൾ വാങ്ങാനായി അനുവദിച്ച തുക തിരൂർ നഗരസഭയുടെ കീഴിൽ നടത്തുന്ന പരിരക്ഷയിൽ രജിസ്റ്റർ ചെയ്ത കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് പ്രസ്തുത സ്ഥാപനത്തിലെ ഇന്റേണൽ സ്റ്റോർ പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് ശരിയായ നടപടി അല്ലെന്നും അറിയിക്കയുണ്ടായി . മെഡിക്കൽ ഓഫീസറിൽ നിന്നും തുടർ നടപടി വിവരം ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി

16/2021-22 തിയ്യതി 11.10.2022 നമ്പറായി മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയ്ക്ക് എൻക്വയറി നല്കി. ആയതിനെ തുടർന്ന് കെ.എം.എസ്.സി.എല്ലിന് നല്കിയ തുക ചെക്ക് നം. 910470 തിയ്യതി 15.02.2023 പ്രകാരം നഗരസഭയുടെ തനതു ഫണ്ടിലേക്ക് (എസ്.ബി.ഐ. അക്കൗണ്ട് നം. 57003523639) നിർവ്വഹണോദ്യഗസ്ഥ അടവാക്കുകയും ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ലെഡ്ജർ ബുക്കും നഗരസഭ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തു. തനതു ഫണ്ടിൽ അടവാക്കിയ തുക തനതു ഫണ്ടിൽ നിന്നും സഞ്ചിത നിധിയിലേക്ക് അടവാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം-ആശ്രയ പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | അഗതി രഹിത കേരളം - ആശ്രയ പദ്ധതി<br>(പ്രോജക്റ്റ് നം. 28/22) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,<br>നഗരസഭ ദാരിദ്ര ലഘൂകരണ വിഭാഗം |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട് -CFC Basic Grant) |
| ചെലവ് | 200700/-<br>വൌച്ചർ നം. 22101742/15.03.2022 |
| ഫയൽ നം. | (എച്ച്3-17755/21) |

മേൽ പദ്ധതി പ്രകാരം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട133 ഗുണഭോക്താക്കൾക്ക് വേണ്ടി സപ്ലൈകോയുടെ തിരൂരിലെ തീരമൈത്രി ഷോപ്പിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സ്/ബില്ലുകൾ പ്രകാരം പലവ്യഞ്ജനങ്ങൾ വാങ്ങിയിട്ടുണ്ട്. 2022 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം ചെയ്തതായി 12.03.2022 തിയ്യതിയിലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./ഇൻവോയസ് നം. | തുക |
|---|---|---|
| 01 | Issue Bill No. 1002141/21540/04.03.2022 | 37800 |
| 02 | Issue Bill No. 1002141/21542/04.03.2022 | 70500 |
| 03 | Issue Bill No. 1002141/21543/04.03.2022 | 92400 |
| | ആകെ | 200700 |

എന്നാൽ ഗുണഭോക്തൃ ലിസ്റ്റോ, ആർക്കാണ് പലവ്യഞ്ജനങ്ങൾ വിതരണം ചെയ്തതെന്നോ, വിതരണ രജിസ്റ്ററോ ഫയലിൽ ലഭ്യമായിരുന്നില്ല. ആയവ_ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്_എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry 29/21-22 Dated 23.11.2022) മറുപടിയായി 07.01.2023ന് നിർവ്വഹണോദ്യോഗസ്ഥൻ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്ത 133 പേരുടെ ലിസ്റ്റ് അടങ്ങിയ രജിസ്റ്റർ ഹാജരാക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ മാനദണ്ഡമോ ഗുണഭോക്തൃ ലിസ്റ്റോ ഹാജരാക്കാത്തതിനാൽ അർഹരായവർക്കാണ് സഹായം ലഭിച്ചതെന്ന് വ്യക്തമല്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ആശ്രയ പരിചരണ സേവനങ്ങളുടെ പാക്കേജ് – ഉൾപ്പെടുത്താവുന്ന ആവശ്യങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കൈപ്പുസ്തകത്തിൽ പറയുന്നുണ്ട്. (കൈപ്പുസ്തകം അനുബന്ധം 9) ആയതു പ്രകാരം നല്കാവുന്ന സേവനങ്ങളുടെ പാക്കേജ് ചുവടെ ചേർക്കുന്നു.

1-1. അതിജീവന ആവശ്യങ്ങൾ – ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം.

1-2. അടിസ്ഥാന സൌകര്യ ആവശ്യങ്ങൾ- ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം മുതലായവ.

1-3. വികസന ആവശ്യങ്ങൾ-തൊഴിൽ, വൈദഗ്ധ്യ പരിശീലനം തുടങ്ങിയവ.

1-4. മാനസിക ആവശ്യങ്ങൾ-സമൂഹത്തിലെ ഇതര വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിന് ആത്മബലം നല്കുന്നതിനാവശ്യമായ സാമൂഹിക പിന്തുണ.

1-5. പ്രത്യേക പ്രൊജക്ടുകൾ-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും, ഒറ്റപ്പെടുത്തലുകൾ നേരിടുന്നവർക്കും വേണ്ടിയുള്ള പ്രൊജക്ടുകളും ആശ്രയ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

മേൽ പദ്ധതികളൊന്നും നടപ്പിലാകാതെ കേവലം പലവ്യഞ്ജന കിറ്റുമാത്രമാണ് 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത്. തുടർ വർഷങ്ങളിൽ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രവർത്തികൾ നിർവ്വഹിക്കാൻ നഗരസഭ മുൻകൈ എടുക്കേണ്ടതാണ്.

## 1-32 പട്ടികജാതി കുടുബങ്ങൾക്ക് തുറന്ന കിണർ നിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാതെ മുഴുവൻ തുകയും നല്കി-358445/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | തുറന്ന കിണർ നിർമ്മാണം (പ്രൊജക്ട് നം. 75/22) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ<br>നഗസഭ ദാരിദ്ര ലഘൂകരണ വിഭാഗം |
| അടങ്കൽ | 10,00,000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 93000/- ബിൽ നം. 29/27.03.2022<br>40000/- ബിൽ നം. 31/27.03.2022<br>64000/-ബിൽ നം. 34/30.03.2022<br>161445/-ബിൽ നം. 38/27.03.2022 |

| | |
|---|---|
| | 358445/- |
| ഫയൽ നം. | എച്ച്.3-17754/21 |

കുടിവെള്ള സൌകര്യം ഇല്ലാത്ത പട്ടികജാതി കുടുബങ്ങൾക്ക് ഉറന്ന കിണർ നിർമ്മിച്ചതിനു ശേഷം ചെലവായ തുക അനുവദിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 358445/-രൂപയുടെ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗുഭോക്താവിന്റെ പേരു വിവരം | നല്കിയ തുക | ബിൽ നം. |
|---|---|---|---|
| 01 | രാജൻ മോഹിനി ,തേഞ്ചേരി പറമ്പ്,കെജിപടി, തിരുർ | 93000 | 93000/- ബിൽ നം. 29/27.03.2022 |
| 02 | കുട്ടിമാളു.ഐ.പി. ഇല്ലത്ത് പറമ്പിൽ | 20000 | 40000/- ബിൽ നം. 31/27.03.2022 |
| 03 | പത്മിനി, ഇല്ലത്തു പറമ്പ്, തെക്കുംമുറി, തിരുർ | 20000 | |
| 04 | ഷർമിള, തൊട്ടത്തിൽ പറമ്പിൽ, അന്നാര, തിരുർ | 64000 | 64000/- ബിൽ നം. 34/30.03.2022 |
| 05 | അനിൽ കുമാർ,വലിയ ചാളക്കൽ വീട്, സൌത്ത് അന്നാര, തിരുർ | 59815 | 161445/- ബിൽ നം. 38/27.03.2022 |
| 06 | അമ്മു വി.സി. വലിയ ചാളക്കൽ വീട്, സൌത്ത് അന്നാര, തിരുർ | 46815 | |
| 07 | രാധ, നാലു കണ്ടത്തിൽ വീട്, ചെമ്പ്ര, മിനടത്തുർ തിരുർ | 54815 | |
| | ആകെ | 358445 | |

<u>പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ നല്കുന്നു .</u>

1. സ.ഉ(കൈ)നം. 22/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 14.02.2018 (6.6) ക്രമ നം. 1 കടിവെള്ളം പ്രകാരം പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൌസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യത ഇല്ലെങ്കിൽമാത്രമാണ് പുതിയ ഉറന്ന കിണർ നിർമ്മിക്കാൻ സബ്സിഡി നല്കാവൂ. എന്നാൽ ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുമ്പോൾ മേൽ സാദ്ധ്യത പരിശോധിച്ചതായി കാണുന്നില്ല.

2. മേൽ സബ്സിഡി മാർഗ്ഗരേഖയിൽ മഴവെള്ളം റീചാർജ്ജ് ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കണം എന്നു പറയുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താതെയാണ് കിണർ നിർമ്മാണത്തിന് മുഴുവൻ തുകയും അനുവദിച്ച നല്കിയിട്ടുള്ളത്. മേൽ പട്ടികയിലെ ക്രമനം. 3, ക്രമ നം. ക്രമ നം. 4, ക്രമ നം.5, ക്രമ നം.6 എന്നീ ഗുണഭോക്താക്കൾ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഫോട്ടോ ഫയലിൽ ലഭ്യമായിട്ടുണ്ട് . എന്നാൽ ഇതിലും മഴവെള്ളം റീചാർജ്ജ് ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കിയതായി കാണുന്നില്ല. ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ മഴവെള്ള റീചാർജ്ജ് നിർമ്മിക്കാതെതന്നെ മുഴുവൻ തുകയും അനുവദിച്ച നല്കുന്നതിനുള്ള മൂല്യ നിർണ്ണയമാണ് നടത്തിയിട്ടുള്ളത്.

3. കിണർ നിർമ്മാണത്തിന്റെ വാല്യുവേഷൻ സുതാര്യമല്ല. എഞ്ചിനീയർ/ഓവർസിയർ കിണർ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഗുണഭോക്താവ് നല്കിയ ഏകദേശ മതിപ്പ് ചെലവിന്റെ അടിസ്ഥാനത്തിലാണ് കിണർ നിർമ്മാണത്തിന്റെ ചെലവ് കണക്കാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ച മഴവെള്ളം റീചാർജ്ജ് ചെയ്യാനുള്ള സംവിധാനം ഇല്ലാതെയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27 /21-22 തിയ്യതി 23.11.2022) 07.01.2023ന് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ലഭിച്ച മറുപടിയിൽ ഹൌസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ല എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് കിണർ നിർമ്മാണത്തിന് ധനസഹായം നല്കിയതെന്ന് അറിയിച്ചുവെങ്കിലും ആയതിന് രേഖകളൊന്നും ഹാജരാക്കിയില്ല. കിണർ റീചാർജ്ജിംഗ് സംവിധാനം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുണ്ടെന്നും അറിയിച്ചു.

സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച മഴവെള്ളം റീചാർജ്ജ് സംവിധാനം ഒരുക്കാതെ വാല്യുവേഷൻ നടത്തി മുഴുവൻ തുകയും നല്കിയ നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി തീരെ ക്രമത്തില്ല. ആയതിനാൽ ചെലവു തുക 358445/-തടസ്സപ്പെടുത്തുന്നു.

## 1-33 എസ്.സി.വിദ്യാർത്ഥിക്ക് പഠനമുറി-അപാകതകൾ-163900/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്റ്റ് നം. SO.241/22 (243/21) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരസഭ ദാരിദ്ര ലഘൂകരണ വിഭാഗം |
| അടങ്കൽ | 500000/- (വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | 73000/-(Tr.Bill No. 8/23.11.2021) |

| | |
|---|---|
| | 40900/-(Tr.Bill No. 33/27.03.2022)<br>113900<br>====== |
| ഫയൽ നം. | എച്ച്3-19018/20 |

തിരൂർ നഗരസഭ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ ദാരിദ്ര ലഘൂകരണ വിഭാഗം ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന 8,9,10,11 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. 14-02-2018ലെ സ.ഉ.(കൈ) നം. 22/2018 തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാൻ ധനസഹായം നല്കാവുന്നതാണ്. പദ്ധതി പരിശോധനയിൽ കണ്ട താഴെ കാണുന്ന അപാകതകൾക്ക് വിശദീകരണ ലഭ്യമാക്കേണ്ടതാണ്.

1.ശ്രീമതി ജയ കൊല്ലപറമ്പിൽ എന്ന ഗുണഭോക്താവിന്റെ മകൻ ശ്രീകാന്ത്.കെ.പിയ്ക്ക് പഠന മുറി നിർമ്മിക്കാനായി 2020-21സാമ്പത്തിക വർഷം 50000/-രൂപയും (BRN-2015054700150142712 3/29.03.21) 2021-22 സാമ്പത്തിക വർഷം 113900/-രൂപയുമടക്കം ആകെ 163900/-രൂപ നല്കിയിട്ടുണ്ട്. ശ്രീകാന്ത്.കെ.പി. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ജാതി തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ പ്രോജക്റ്റ് നടപ്പിലാക്കിയപ്പോൾ ഗുണഭോക്താവായി ശ്രീ. ശ്രീകാന്ത്.കെ.പി.എന്ന വിദ്യാർത്ഥിയുടെ മാതാവായ ശ്രീമതി. ജയ കൊല്ലപറമ്പിലിനെയാണ് ( ഗുണഭോക്തൃലിസ്റ്റിൽ ക്രമ നം. 9) തെരഞ്ഞെടുത്തിട്ടുള്ളത്. അപേക്ഷയുടെ കൂടെ വിദ്യാർത്ഥിയുമായി ബന്ധപ്പെട്ട രേഖകൾക്ക് പകരം മാതാവിന്റെ പേരിലുള്ള രേഖകളാണ് നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( Audit Enquiry No. 26/21-22 Dated 23.11.22) 07.01.2023,06.03.2023 തിയ്യതികളിൽ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ലഭിച്ച മറുപടിയിൽ മാതാവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നല്കിയതെന്നും ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ലഭിക്കാനായി ശ്രീകാന്ത് കെ.പി. പഠിക്കുന്ന വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ ശ്രീകാന്ത്.കെ.പി പട്ടികജാതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥിയാണെന്നുള്ള സാക്ഷ്യപത്രവും ശ്രീകാന്ത് കെ.പിയ്ക്ക് പകരം വിദ്യാർത്ഥിയുടെ മാതാവിനെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയതിനുമുള്ള സാഹചര്യം വ്യക്തമാക്കിയിട്ടില്ല. വ്യക്തമായ മറുപടിയുടെ അഭാവത്താൽ 163900/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-34 കോവിഡ് 19 രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ- 1177101/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | കോവിഡ് 19 രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ<br>പ്രൊജക്റ്റ് നം. 237/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി<br>തിരൂർ നഗരസഭ |
| അടങ്കൽ | 4026748/-വികസന ഫണ്ട് ജനറൽ<br>500000/-വളന്ററി കോൺട്രിബ്യൂഷൻ(ഡോണേഷൻ)<br>1000000/-(എസ്.ഡി.ആർ.എഫ്)<br>5526748/-<br>======== |
| ചെലവ് | 117500/-ബിൽ നം. 3/04.06.21<br>22970/-ബിൽ നം. 4/04.06.21<br>71520/-ബിൽ നം. 11/25.06.21<br>671766/-ബിൽ നം. 13/25.06.21<br>39522/-ബിൽ നം. 17/08.07.21<br>175496/-ബിൽ നം. 20/29.07.21<br>217615/-ബിൽ നം. 21/29.07.21<br>289500/-ബിൽ നം. 26/11.08.21<br>10220/-ബിൽ നം. 29/18.08.21<br>176080/-ബിൽ നം. 30/18.08.21 |

| | |
|---|---|
| | 192080/-ബിൽ നം. 31/18.08.21<br>622100/-ബിൽ നം. 35/13.09.21<br>417763/-ബിൽ നം. 36/13.09.21<br>40150/-ബിൽ നം. 37/13.09.21<br>70220/-ബിൽ നം. 41/06.11.21<br>228000/-ബിൽ നം. 42/06.11.21<br>222000/-ബിൽ നം. 43/06.11.21<br>9490/-ബിൽ നം. 44/06.11.21<br>51525/-ബിൽ നം. 45/06.11.21<br>126565/-ബിൽ നം. 50/17.11.21<br>154666/-ബിൽ നം. 53/08.12.21<br>100000/-ബിൽ നം. 56/23.12.21<br>----------<br>4026748<br>========= |
| ഫയൽ നം. | H2-12181/20 |

മേൽ പ്രൊജക്റ്റ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് 19 രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ -അപാകതകൾ

1-1 സ.ഉ.(സാധാ)നം. 911/2021 ത.സ്വ.ഭ.വ. തിരുവനന്തപുരം തിയ്യതി 26.04.21 ഖണ്ഡിക 6 പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ഇല്ലാതെ തന്നെ കോവിഡ് ബാധയുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളുടെ നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. എന്നാൽ കോവിഡ് രോഗബാധയുമായി ബന്ധപ്പെട്ട സാഹചര്യം മെച്ചപ്പെടുമ്പോൾ പ്രൊജക്റ്റുകൾ വാർഷിക പദ്ധതിക്കുള്ളിൽ കൊണ്ടുവന്ന് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

1-2. D.C.C., സി.എഫ്.എൽ.ടി.സി, അഗതി സംരക്ഷണ കേന്ദ്രം തുടങ്ങിയവയിലെ അന്തേവാസികളുടെ അഡ്മിറ്റ് ചെയ്യലും ഡിസ്ചാർജ്ജ് ചെയ്യലുമായ വിവരങ്ങൾ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച രജിസ്റ്ററുകളൊന്നും തന്നെ ലഭ്യമല്ല.

1-3. D.C.C.യും സി.എഫ്.എൽ.ടിയും, അഗതി സംരക്ഷണ കേന്ദ്രവും പ്രവർത്തനം തുടങ്ങിയതും, അവസാനിപ്പിച്ചതുമായ തിയ്യതി ലഭ്യമല്ല.

2.താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം കോവിഡ് 19 രോഗബാധ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ ,യൂണിഫോം തുണി എന്നിവ വാങ്ങുന്നതിനും, യൂണിഫോം തയ്യൽകൂലി നല്കുന്നതിനുമായി നഗര സഭ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ അപാകതകൾ പട്ടികയിലെ റിമാർക്സിൽ വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 01 | ഇൻവോയ്സ് നം. 287 തിയ്യതി 20.05.2021 പ്രകാരം ഭാരതിയാർ അഡ്വെർടൈസിംഗ് ആന്റ് മാർക്കറ്റിംഗ്, തെൻമല, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് ഹാൻഡ് സാന്നിറ്റൈസർ, മാസ്ക്, ഗ്ലൌസ്, പി.പി.ഇ. കിറ്റ് എന്നിവ വാങ്ങുന്നതിന് നല്കിയ തുക<br>(ട്രഷറി ബിൽ നം. 3/04.06.21) | 117500/-- | 01.06.21ലെ നഗരസഭയുടെ കാര്യാലയ കുറിപ്പിൽ ക്വട്ടേഷൻ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയതെന്ന് സൂചിപ്പിട്ടുണ്ടെ ങ്കിലും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖ ഫയലിൽ ഇല്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല |
| 2 | ഇൻവോയ്സ് നം. K.K.D.7തിയ്യതി 08.06.2021 | 671766 | സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം |

| | | | |
|---|---|---|---|
| | പ്രകാരം ആർട്ട്കോ ലിമിറ്റഡ്, കോഴിക്കോടിൽ നിന്നും മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് നല്കിയ തുക (ട്രഷറി ബിൽ നം. 13/25.06.21) | | ചെയ്തതിന്റെ രേഖയില്ല. |
| 3 | ഇൻവോയ്സ് നം. K.K.D67 തിയ്യതി 04.10.21 പ്രകാരം ARTCO LTD, കോഴിക്കോടിൽ നിന്നും മെഡിക്കൽ ഉപകണങ്ങൾ വാങ്ങിയത് നല്കിയ തുക(ട്രഷറി ബിൽ നം. 42/06.11.21) | 228000 | ടി |
| 04 | ഇൻവോയ്സ് നം. 10326 തിയ്യതി 05.07.21 പ്രകാരം ബാസിത് സിൽക്ക് കളക്ഷൻ തിരൂരിൽ നിന്നും യൂണിഫോം ഉണി വാങ്ങിയത്<br>(ട്രഷറി ബിൽ നം. 45/06.11.21 തുക 51525/- ) | 41085 | യൂണിഫോം വാങ്ങുന്നതിന്റെ ആവശ്യകത ഫയലിൽ ഇല്ല. യൂണിഫോം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ഇല്ല.(ആർക്ക് യൂണിഫോം വിതരണം ചെയ്തത് എന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ലഭ്യമല്ല.) |
| 05 | ഇൻവോയ്സ് നം. 1156 തിയ്യതി 20.06.21 പ്രകാരം 30പേന്റും ഷർട്ടും തയ്ച്ചതിന് ഒരെണ്ണത്തിന് 250/-രൂപ നിരക്കിൽ തയ്യൽ കൂലിയിനത്തിൽ സ്റ്റാർ ടെക്സ്റ്റൈൽസ് ആൻറ് ഫൂട്ട്വെയർ കരടിമുക്ക്, കൊയിലാണ്ടി എന്ന സ്ഥാപനത്തിന് നല്കിയത്<br>(ട്രഷറി ബിൽ നം. 45/06.11.21 തുക 51525/- ) | 7500 | |
| 06 | ഇൻവോയ്സ് നം. 1157/12.06.21 പ്രകാരം 45കോട്ട് ആൻറ് പേന്റ് തയ്ച്ചതിന് ഒരെണ്ണത്തിന് 250രൂപ നിരക്കിൽ തയ്യൽ കൂലിയിനത്തിൽ സ്റ്റാർ ടെക്സ്റ്റൈൽസ് ആൻറ് ഫൂട്ട്വെയർ കുരിടിമുക്ക്, കൊയിലാണ്ടി എന്ന സ്ഥാപനത്തിന് നല്കിയത് (ട്രഷറി ബിൽ നം. 31/18.08.21 തുക192080/-) | 11250 | |
| | ആകെ | 1077101 | |

3.മുൻകൂർ നല്കിയത് ക്രമീകരിച്ചിട്ടില്ല .

തിരൂർ നഗരസഭയ്ക്ക് കീഴിൽ പ്രവർത്തിച്ച സി.എഫ്.എൽ.ടി.സി.യിലേക്ക് അടിയന്തിര ചെലവുകൾക്കായി അസി. എഞ്ചിനീയർ ശ്രീമതി പത്മശ്രീയുടെ പേരിൽ 100000/-(ഒരു ലക്ഷം )രൂപ മുൻകൂർ അനുവദിച്ചതിൽ 86285/-രൂപ ചെലവായതായും ബാക്കി 13715/-രൂപ നഗരസഭാ ഫണ്ടിൽ അടവാക്കിയതിനാൽ പ്രസ്തുത ഒരു ലക്ഷം രൂപയുടെ മുൻകൂർ അഡ്ജസ്റ്റ് ചെയ്യാനായുള്ള ശ്രീമതി പത്മശ്രീയുടെ അപേക്ഷ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മുമ്പാകെ വയ്ക്കുന്നതായി 22.12.21 തിയ്യതിയിലെ ഓഫീസ് നോട്സിൽ പറയുന്നുണ്ട്. ചെലവു തുകയുടെ ബില്ലുകളും വൌച്ചറുകളും അപേക്ഷയോടൊപ്പം സമർപ്പിച്ചായും മേൽ തിയ്യതിയിലെ കുറിപ്പിൽ പറയുന്നുണ്ട്. 27.12.2021ലെ ചേർന്ന ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ശ്രീമതി പത്മശ്രീയുടെ അപേക്ഷ പരിഗണിക്കുകയും ആയത് കൗൺസിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു. 19.03.2022ന് കൂടിയ കൗൺസിൽ യോഗത്തിൽ മേൽ ചെലവ് കണക്കുകൾ കൗൺസിൽ അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് തുക നല്കിയതിന്റെ വൌച്ചർ നമ്പറോ തിയ്യതിയോ ചെലവ് രേഖകളോ അവശേഷിക്കുന്ന തുക നഗരസഭാ ഫണ്ടിൽ അടവാക്കിയതിന്റെ രശീതിയോ ഫയലിൽ ഇല്ല. മേൽ ചെലവു തുകയുമായി ബന്ധപ്പെട്ട് എച്ച്2-10916 ഫയൽ 04.11.2022ലെ ഓഡിറ്റ് റിക്വസിഷനിലൂടെ ആവശ്യപ്പെട്ടെങ്കിലും ഫയൽ ഇതുവരെയും ഹാജരാക്കിയിട്ടില്ല.

4.സ.ഉ(സാധ)നം.1364/2020/തസ്വഭവ തി.16.07.2020 - CFLTC കളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം സി.എഫ്.എൽ.ടി.സി.കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട മാനേജ്മെന്റ് കമ്മിറ്റി മിനിറ്റ്സ്, അനുബന്ധം-1( തിരിച്ചു നല്കേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ) അനുബന്ധം-2 (സംഭാവനയായി ലഭിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ) അനുബന്ധം-3( സംഭാവനയായി ലഭിച്ച പണത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ) അനുബന്ധം-4 (സ്റ്റോക്ക് രജിസ്റ്റർ) അനുബന്ധം-5 (ആസ്തി രജിസ്റ്റർ) അനുബന്ധം-6 (വരവ് ചെലവ് രജിസ്റ്റർ) ക്ലീനിംഗ് ചാർട്ടുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല . സി.എഫ്.എൽ.ടി.സിയുടെ പ്രവർത്തനവും രോഗബാധയുടെ പ്രതിരോധത്തിന് സി.എഫ്.എൽ.ടി.സിയുടെ നല്കിയ സംഭാവനയും

വിലയിരുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം. 33 /2021-22 തിയ്യതി 19 .12.2022) നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും 03.01.2023 ന് ലഭിച്ച മറുപടിയിൽ എൻക്വയറി ഖണ്ഡിക 1-1 ന് അംഗീകാരം ലഭിച്ചുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. D.C.C.യും സി.എഫ്.എൽ.ടിയും, അഗതി സംരക്ഷണ കേന്ദ്രവും പ്രവർത്തനം അവസാനിപ്പിച്ച തിയ്യതി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ക്രമ നം. 3 പ്രകാരം നടത്തിയ മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിവരമോ ബന്ധപ്പെട്ട ഫയലോ ലഭ്യമാക്കിയിട്ടില്ല. താലൂക്ക് ആശുപത്രി അധികൃതരാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്നും മെഡിക്കൽ ഓഫീസറിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് എൻക്വയറിയിൽ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാമെന്നും മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഇതുവരേയും മെഡിക്കൽ ഓഫീസറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവു തുക 1077101/-രൂപയും അസി. എഞ്ചിനീയർ ശ്രീമതി പത്മശ്രീയ്ക്ക് നല്കിയ 100000/-ചേർത്ത് 1177101/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-35 നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾ - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

തിരൂർ നഗരസഭയിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം, നിയമന രീതി, നിയമന കാലയളവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 40/2021-22 തീയതി 04-01-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ നഗരസഭയിൽ 13 പേരാണ് താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നതെന്നും അപ്രകാരം ജോലി ചെയ്യുന്ന എല്ലാവരേയും സർക്കാർ അനുമതി കൂടാതെ കൗൺസിൽ നേരിട്ട് നിയമനം നൽകിയവരാണെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ 13 ജീവനക്കാരിൽ 4 പേർ ഡ്രൈവർമാരായും, 4 പേർ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായും 4 പേർ വാച്ച്മാൻമാരായും സേവനമനുഷ്ഠിക്കുന്നു. ഒരാൾ കംഫർട്ട് സ്റ്റേഷൻ ഫീസ് വാങ്ങുന്ന ജോലിയും നിർവ്വഹിക്കുന്നു. മേൽ ജീവനക്കാരുടെ നിയമന കാലയളവ് 179 ദിവസം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അധിക പേരും 01-01-2021 മുതൽ ജോലി ചെയ്ത് വരുന്നവരാണ്. മേൽ ജീവനക്കാരാരും സർക്കാർ അംഗീകാരമുള്ള (Sanctioned) തസ്തികകളിലല്ല ജോലി ചെയ്യുന്നത്. സർക്കാർ അംഗീകാരം നൽകാത്ത തസ്തികകളിൽ ഇപ്രകാരം താൽക്കാലിക നിയമനം നടത്തി വർഷങ്ങളോളം തുടരാൻ അനുവദിക്കുന്ന രീതി ക്രമപ്രകാരമല്ല. അംഗീകാരമുള്ള തസ്തികകളിലോ അല്ലായെങ്കിൽ നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ അതത് സമയങ്ങളിൽ നിശ്ചിത കാലയളവുകളിലേക്കായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലും മാത്രമേ താൽക്കാലിക നിയമനം നടത്താൻ നഗരസഭക്ക് അനുവാദം ഉള്ളൂ എന്നിരിക്കെ മേൽ പ്രകാരം നടത്തിയ താൽക്കാലിക നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ തസ്തികകൾ ആവശ്യമാണെങ്കിൽ ആയത് സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന The Employment Exchange (Compulsory Notification Of Vacancies )Act 1959, Rules 1960 എന്നിവയക്ക് വിധേയമായി നടത്തേണ്ടതുമാണ്. താൽക്കാലിക നിയമന കാര്യത്തിൽ 09-07-2019 ലെ ജി.ഒ.(പി) നം 81/2019/ധ.ന., 11-02-2021 ലെ ജി.ഒ.(പി) നം 29/2021/ധ.ന. ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-36 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ<br>(പ്രൊജക്റ്റ് നം. 321/22) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |
| അടങ്കൽ | 1500000/-<br>(വികസന ഫണ്ട് -സി.എഫ്.സി. ടൈഡ് ഗ്രാന്റ് ) |
| ചെലവ് | 1467636/-<br>(വൌച്ചർ നം. 22101515/30.03.2022) |
| ഫയൽ നം. | പി.ഡബ്ലിയു2-20012/18 |

പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ എന്ന പദ്ധതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

1.22.06.2021ലെ നഗരസഭയുടെ ഓഫീസ് നോട്ട്സ് പ്രകാരം 2012 മുതൽ 2017 ഫെബ്രുവരി മാസം വരെ കുടിശ്ശികയില്ലാതെ വെള്ളക്കരം അടവാക്കിയിട്ടുള്ളതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജല അതോറിറ്റിയുടെ 961/RO/2022/PHD-EDPL-MLPM Dated 16.11.2022 ഡിമാന്റ് നോട്ടീസിൽ താഴെപ്പറയുന്ന പ്രകാരം വെള്ളക്കരമിനത്തിൽ നഗരസഭ തുക അടവാക്കാനുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2012 ഏപ്രിൽ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെയുള്ള : 8039460/-

വാട്ടർ ചാർജ്ജിൽ ബാക്കിയുള്ളത്.

| | |
|---|---|
| പലിശ (ആംനസ്റ്റി പ്രകാരം 1% മാസത്തിൽ) | :4249630/- |
| ആകെ : | 12289090/- |

മേൽ തുകയുടെ വ്യക്തത നഗരസഭയിൽ നിന്നോ വാട്ടർ അതോറിറ്റിയിൽ നിന്നോ ശരിയായ രേഖകൾ ലഭിക്കാത്തതിനാൽ ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.സ.ഉ(കൈ)നം.11/2018/തസ്വഭവ, തിരുവനന്തപുരം തിയ്യതി 29.01.2018 ഖണ്ഡിക 6.6 അടിസ്ഥാനങ്ങൾക്കുള്ള ഉപപദ്ധതി പ്രകാരം സി.എഫ്.സി. ടൈഡ് ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം അടവാക്കാൻ അനുവാദമില്ല. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുമ്പോൾ പദ്ധതി ഗൈഡ്‌ലൈൻസ് കർശനമായി പാലിക്കേണ്ടതാണ്.

2. 2012 മുതൽ ഫെബ്രുവരി 2017 വരെ കുടിശ്ശികയില്ല എന്ന് നഗരസഭ നോട്ട് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട് എങ്കിലും മേൽ ഡിമാന്റ് നോട്ടീസ് പ്രകാരം 04/2012 മുതൽ 02/2017 വരെയുള്ള നഗര സഭ അടവാക്കാനുള്ള തുകയായി വാട്ടർ അതോറിറ്റി രേഖപ്പെടുത്തിയിട്ടുള്ളത് 1734702/-രൂപയാണ് ഈ വൈരുദ്ധ്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഈ വൈരുദ്ധ്യം നഗര സഭ കണ്ടെത്തുകയോ ഇത് പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് യാതൊരുവിധ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഇത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.25.03.2022ലെ കാര്യാലയ കുറിപ്പിൽ 2021-22 സാമ്പത്തിക വർഷത്തെ പൊതു ടാപ്പുകളുടെ വെള്ളക്കരം തുകയായ 1467636/-രൂപ (വൗച്ചർ നം.22101515/30.03.2022) അടവാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ വെള്ളക്കരം പൂർണ്ണമായും അടവാക്കിയിട്ടില്ലെന്നും കാര്യാലയ കുറിപ്പുകളിൽ പരാമർശിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ കുടിശ്ശിക അടവാക്കാതെ 2021-22 സാമ്പത്തിക വർഷത്തെ മാത്രം വെള്ളക്കരം അടവാക്കാനുള്ള സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ വെള്ളക്കരം അടവാക്കുമ്പോൾ പിഴ പലിശയിനത്തിൽ തുക കണ്ടെത്തുന്നതെങ്ങനെയെന്നും വിശദീകരിക്കേണ്ടതാണ്.

4.21.102020ന് മുനിസിപ്പാലിറ്റിയും ജല അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതിനു ശേഷം നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ശുദ്ധജല ഗാർഹിക കണക്ഷനുകൾ നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5. 21.10.2020ലെ സംയുക്ത പരിശോധനയിൽ നിലവിൽ വെള്ളക്കരം അടവാക്കുന്ന 263 ടാപ്പുകളിൽ 178 പൊതു ടാപ്പുകൾ മാത്രമാണ് നിലവിൽ ഉള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. പിന്നീട് 01.01.2021തിയ്യതിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരം 11/2020 മുതൽ 02/2021 വരെയുള്ള ബില്ലുകളിൽ 263 പൊതു ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ മുനിസിപ്പാലിറ്റി ഇത് വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് ശരിയാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

6. മുനിസിപ്പാലിറ്റിയിലെ പൊതു ടാപ്പുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും അവയുടെ വാട്ടർ ചാർജ്ജ് അടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. ഇക്കാരണത്താലാണ് മുനിസിപ്പാലിറ്റിയ്ക്ക് ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ലാത്തത് എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വെള്ളക്കര കുടിശ്ശിക രജിസ്റ്ററോ ഫയലോ പരിപാലിക്കാത്തതിനാൽ കുടിശ്ശികയുടെ വ്യക്തത പരിശോധിക്കാൻ ഓഡിറ്റിന് കഴിയുന്നില്ല.

7. പൊതു ടാപ്പുകളെ സംബന്ധിച്ച് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 32/21-22 തിയ്യതി 15.12.2022) പി.ഡബ്ല്യു2(എ3)12560/20 തിയ്യതി 29.12.2022 പ്രകാരം ലഭിച്ച മറുപടിയിൽ 2012 മുതൽ വെള്ളക്കരം അടവാക്കുന്നുണ്ടെന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളക്കരമിനത്തിൽ തെറ്റായ കണക്കാണ് ലഭിച്ചു വരുന്നതെന്നും നഗരസഭ വെള്ളക്കരമിനത്തിൽ അടച്ച തുകകൾ ഉൾപ്പെടുത്തി കത്ത് അയച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം 2ന് ലഭിച്ച മറുപടിയിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രൊജക്റ്റിൽ തുക വകയിരുത്താത്തതിന് കാരണം മറുപടിയിൽ പറയുന്നില്ല. ഫയൽ പരിശോധനയിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ പത്രിക പ്രകാരം വെള്ളക്കരം യഥാസമയം അടവാക്കാത്തതിനാൽ പിഴയിനത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ മാത്രം 1360225/-രൂപ അടവാക്കാനുണ്ട്.

അത്യാവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കാൻ കൗൺസിൽ തീരുമാനം എടുക്കുമെന്നും വെള്ളക്കരമിനത്തിൽ വേണ്ട രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

വെള്ളക്കരമിനത്തിൽ നല്കേണ്ട തുകയോ പിഴപലിശയോ സംബന്ധിച്ച് നഗരസഭ വശം വ്യക്തമായ കണക്കുകളോ രേഖകളോ ഇല്ല. വാട്ടർ അതോറിറ്റിയുമായി ചർച്ച നടത്തി അടവാക്കേണ്ട തുക എത്രയെന്ന് കണക്കാക്കുകയും പിഴപ്പലിശ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ യഥാസമയം അറിയിക്കേണ്ടതാണ്.

## 1-37 ട്രെയിലർ ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമല്ല.

(നഗര സഭയുടെ 13.12.2021ലെ 3-ാം നമ്പർ തീരുമാനം ) ഫയൽ നം. എച്ച്.3-4437/2

തിരൂർ നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന KL-55B-1226 നമ്പർ ട്രാക്ടറിന്റെ ഉപയോഗശൂന്യമായ ട്രെയിലർ ലേലം ചെയ്യാനായി മതിപ്പ് ലേല തുക നിർണ്ണയിക്കാൻ ആവശ്യപ്പെട്ടതിനെ (നഗര സഭയുടെ കത്ത് നം. എ3-4437/07 തിയ്യതി 26.06.2021) തുടർന്ന് നിലവിലെ അവസ്ഥ, കമ്പോള വില എന്നിവ പരിഗണിച്ച് മതിപ്പ് തുക 20000/- അസി.എക്സി.എഞ്ചിനീയർ, പി.ഡബ്ളിയു.ഡിവിഷൻ നിശ്ചയിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നം. D2/SR/

Municipality (1226) തിയ്യതി 15.09.2021കത്ത്). നഗര സഭയുടെ 13.12.2021ലെ 3-ാം തീരുമാനത്തിൽ മേൽ ഉരുക്ക് ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടുവാനും തീരുമാനിച്ചിട്ടുണ്ട്. മേൽ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1. ട്രെയിലർ ലേലം ചെയ്തതിന്റെ വിവരമോ, ലേല തുക നഗര സഭ ഫണ്ടിൽ മുതൽ കൂടിയതിന്റെ വിവരമോ ഫയലിൽ ഇല്ല.

2. ട്രെയിലർ ലേലം ചെയ്തിട്ടില്ലെങ്കിൽ നഗരസഭ തീരുമാനം നടപ്പാക്കുന്നതിന് കാരണം അറിയിക്കേണ്ടതാണ്. പുതിയ ട്രയിലറിന്റെ നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.. KL-55B-1226 നമ്പർ ട്രാക്റ്ററിന്റെ വാഹന ചരിത്ര പത്രികയിൽ 30.04.2020 മുതൽ വാഹനം ട്രെയിലർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ നിശ്ചലാവസ്ഥയിൽ ആണെന്ന് പറയുന്നുണ്ട്. വാഹനം ശുചീകരണ പ്രവർത്തനത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും ലോഗ് ബുക്കും ഇന്ധനചെലവിന്റെ വിശദാംശങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. പുതിയ ട്രെയിലർ വിലയായി കെയ്കോ 220125/-രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ടെന്ന് 24.06.2021ലെ ഓഫീസ് നോട്ട്സിൽ പറയുന്നുണ്ട്. എന്നാൽ പുതിയ ട്രെയിലർ വാങ്ങിയതായി ഫയലിൽ കാണുന്നില്ല. പുതിയ ട്രെയിലർ വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നം. 55/21-22 തിയ്യതി 13.02.2023) മറുപടി ലഭിച്ചില്ല

## 1-38 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണതീയതിക്ക് ശേഷവും പെൻഷണറുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തു - സർക്കാരിന് നഷ്ടം 5,79,900 രൂപ

നഗരസഭ സാമൂഹ്യസുരക്ഷ പെൻഷൻ വിതരണ രേഖകൾ (സേവന സോഫ്റ്റ് വെയർ), മരണ രജിസ്റ്ററുകൾ, വിധവാ പെൻഷൻ അപേക്ഷകൾ, ക്രിമറ്റോറിയത്തിൽ ദഹിപ്പിക്കാൻ വേണ്ടി നൽകിയ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും 2021-22 കാലയളവിൽ മരണതീയതിക്ക് ശേഷവും പെൻഷണറുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | കൂടുതലായി കൊടുത്തത് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | Nafeesu.T.E | വാർദ്ധക്യകാല പെൻഷൻ | 102120200399 | 28.11.21 | Dec 21 – Apr 22 | 8,000 | Suspended |
| 2 | Radha | 50 വയസ് കഴിഞ്ഞ അവിവാഹിതർക്ക് | 102120500006 | 06.08.21 | Sep 21 – Dec 21 | 6,400 | Suspended |
| 3 | Sundaran.T.P | വാർദ്ധക്യകാല പെൻഷൻ | 102120202309 | 14.07.21 | Aug 21 – Oct 21 | 4,800 | Suspended |
| 4 | Abdulla Alias Bava V | വാർദ്ധക്യകാല പെൻഷൻ | 102120200685 | 14.10.21 | Nov 21 – Nov 22 | 20,800 | Active |
| 5 | Surendran Nair | വാർദ്ധക്യകാല പെൻഷൻ | 102120201477 | 27.04.21 | May 21 – Aug 21 | 6,400 | Suspended |
| 6 | Beerankutty | വാർദ്ധക്യകാല പെൻഷൻ | 102120202187 | 15.05.21 | June 21 | 1600 | Suspended |
| 7 | Fathima K | വാർദ്ധക്യകാല പെൻഷൻ | 102120201981 | 25.05.21 | Jun 21 – Nov 22 | 28,800 | Active |
| 8 | Kadiyamu | വാർദ്ധക്യകാല പെൻഷൻ | 102120200706 | 08.07.21 | Aug 21 – Nov 22 | 25,600 | Active |
| 9 | Mariyammu.P.P | വാർദ്ധക്യകാല പെൻഷൻ | 102120202247 | 17.07.21 | Aug 21 | 1,600 | Suspended |
| 10 | Kamalavathiyamma | വാർദ്ധക്യകാല പെൻഷൻ | 102120201087 | 03.8.21 | Sep 21 | 1,600 | Suspended |
| 11 | Yahu E | വാർദ്ധക്യകാല പെൻഷൻ | 102120202900 | 01.08.21 | Sep 21 – Nov 22 | 24,000 | Active |
| 12 | Saithalikutty | വാർദ്ധക്യകാല പെൻഷൻ | 102120200775 | 03.05.21 | Jun 21 - Nov 22 | 28,800 | Active |
| 13 | Haneefa | വാർദ്ധക്യകാല പെൻഷൻ | 102120202918 | 30.04.21 | May 21 – Jun 22 | 22,400 | Suspended |
| 14 | Nabeesa E V | വാർദ്ധക്യകാല പെൻഷൻ | 102120203317 | 13.01.22 | Feb 22 – Nov 22 | 16,000 | Active |
| 15 | Mohammed Rasheed Mundekat | വാർദ്ധക്യകാല പെൻഷൻ | 102120201386 | 18.01.22 | Feb 22 – Nov 22 | 16,000 | Active |
| 16 | Velayudhan M P | വാർദ്ധക്യകാല പെൻഷൻ | 102120200985 | 26.01.22 | Feb 22 – Apr 22 | 4,800 | Suspended |
| 17 | Basheer.N.P | വാർദ്ധക്യകാല പെൻഷൻ | 102120202678 | 31.01.22 | Feb 22 – Nov 22 | 16,000 | Active |
| 18 | P.C.Unnikrishnan | വാർദ്ധക്യകാല പെൻഷൻ | 102120200145 | 16.02.22 | Mar 22 – Apr 22 | 3,200 | Suspended |
| 19 | Abdul Hameed PV | വാർദ്ധക്യകാല പെൻഷൻ | 102120204223 | 14.02.22 | Mar 22 – Nov 22 | 14,400 | Active |
| 20 | മുഹമ്മദ് കെ | വാർദ്ധക്യകാല പെൻഷൻ | 102120202894 | 09.12.20 | Jan 21 – Nov 22 | 36,500 | Active |
| 21 | സിദ്ധീഖ് | വാർദ്ധക്യകാല പെൻഷൻ | 102120203267 | 18.09.21 | Oct 21 – Nov 22 | 22,400 | Active |
| 22 | മുഹമ്മദ് പി | വാർദ്ധക്യകാല പെൻഷൻ | 102120201891 | 22.08.21 | Sep 21 – Nov 22 | 24,000 | Active |
| 23 | മുഹമ്മദ് എം.കെ | വാർദ്ധക്യകാല പെൻഷൻ | 102120202668 | 30.04.21 | May 21 – Nov 22 | 30,400 | Active |
| 24 | മൂസ്സ | വാർദ്ധക്യകാല പെൻഷൻ | 102120204350 | 05.12.21 | Jan 22 – Nov 22 | 17,600 | Active |

| | | | | | | | |
|---|---|---|---|---|---|---|---|
| 25 | ബീരാൻകട്ടി | വാർദ്ധക്യകാല പെൻഷൻ | 102120204149 | 21.12.20 | Jan 21 – Nov 22 | 36,500 | Active |
| 26 | ബീരാൻ പി | വാർദ്ധക്യകാല പെൻഷൻ | 102120201039 | 25.12.20 | Jan 21 – Nov 22 | 36,500 | Active |
| 27 | ലീലാവതി പി | വാർദ്ധക്യകാല പെൻഷൻ | 102120202925 | 12.08.22 | Sep 22 – Nov 22 | 4800 | Active |
| 28 | തങ്ക കഞ്ഞിപറമ്പിൽ | ദേശീയ വിധവ പെൻഷൻ | 102120600520 | 22.07.22 | Aug 22 – Nov 22 | 6400 | Active |
| 29 | നാരായണൻ.കെ | വാർദ്ധക്യകാല പെൻഷൻ | 102120200513 | 04.06.22 | Jul 22 – Nov 22 | 8000 | Active |
| 30 | ദേവയാനി | വാർദ്ധക്യകാല പെൻഷൻ | 102120202816 | 25.04.22 | May 22 – Nov 22 | 11,200 | Active |
| 31 | മധു K P | ഡിസബിലിറ്റി പെൻഷൻ | 102120400481 | 30.03.21 | Apr 21 – Nov 22 | 32,000 | Active |
| 32 | ദാസന്.എം | വാർദ്ധക്യകാല പെൻഷൻ | 102120200544 | 10.04.21 | May 21 – Nov 22 | 30,400 | Active |
| 33 | കാളി.പി.പി | കർഷക തൊഴിലാളി പെൻഷൻ | 102120100200 | 17.03.21 | Apr 21 – Nov 22 | 32,000 | Active |
| ആകെ | | | | | | 5,79,900 | |

സാമൂഹ്യ സുരക്ഷാ പെൻഷന്റെ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച 03-09-2020ലെ സ.ഉ.(എം.എസ്) നമ്പർ 97/2020 ധന. ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടേയും പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ മരണശേഷം പെൻഷൻ തുകയിൽ അവകാശികൾക്ക് അർഹത ഉണ്ടായിരിക്കില്ല. എന്നിരിക്കെ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽ പെടുന്നപക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുകയായ 5,79,900/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയും, ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണ ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാമെന്നതിനാൽ വിശദമായ പരിശോധന നടത്തി അനർഹമായി പെൻഷൻ കൈപ്പറ്റുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി അടിയന്തിരമായി ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ഇവയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നം. 39/2021-22, 43/2021-22, 44/2021-22, 64/2021-22) നൽകിയിരുന്നു. എല്ലാ എൻക്വയറികൾക്കും മറുപടി ലഭ്യമായിട്ടില്ല. ലഭ്യമായ മറുപടികൾ പ്രകാരം അനർഹമായി നൽകിയ തുകകൾ തിരികെ അടവാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന രീതിയിലുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(4)ൽ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ തുടർന്നും അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും ഇത് നിർത്തലാക്കുന്നതിന് മരണതീയതി കൃത്യമായി നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നിർദേശിക്കുകയും 2020-21 വർഷ ഓഡിറ്റ് 'എക്സിറ്റ് മീറ്റിംഗ്'' ൽ ഇത് ഗൌരവതരമായി ഉന്നയിക്കുകയും ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകാതിരിക്കാൻ സംവിധാനം ഏർപ്പെടുത്താൻ നിർദേശിക്കുകയും ചെയ്തിരുന്നു.

എന്നാൽ സേവന സോഫ്റ്റ് വെയറിലെ 'Status' പരിശോധിച്ചപ്പോൾ മരണപ്പെട്ട ഗുണഭോക്താവിന് നേരെ ഇപ്പോഴും 'Active" എന്നാണ് കാണുന്നത്. ഓഡിറ്റ് നിർദേശമുണ്ടായിട്ടും ഈ അപാകത ഗൌരവത്തിലെടുക്കാതെ തുടരുന്ന ഈ നടപടി തീരെ ക്രമത്തിലല്ല. അനർഹമായി നൽകിയ തുക (ഇപ്പോഴും ആക്ടീവ് ആയി തുടരുന്ന) GO (MS) 97/2020 Fin. Dtd. 03.09.20 ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം പെയ്മെന്റ് നടത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-39 സാമൂഹ്യ സുരക്ഷാ പെൻഷൻ - മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ച തുക മുഴുവനായും

തിരികെ ഈടാക്കിയിട്ടില്ല

തിരൂർ മുനിസിപ്പാലിറ്റിയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിലെ അപാകതകളെപ്പറ്റി പരാമർശമുണ്ടായിരുന്നു. ആയതിലെ ഖണ്ഡിക 3-4 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മരണതീയതിക്ക ശേഷവും പെൻഷണറുടെ ബാങ്ക് അക്കൌണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ അനർഹമായി കൈപ്പറ്റിയ 3,18,500 രൂപ ബാങ്കിൽ നിന്നോ, അക്കൌണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ മുൻസിപ്പാലിറ്റി സ്വീകരിച്ച നടപടികളും ആയതുപ്രകാരം തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയ തുകകളുടെ വിവരങ്ങളും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 25/2021-22) നൽകിയിരുന്നു.

പ്രസ്തുത ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിപ്രകാരം 2020-21 കാലയളവിൽ അനർഹമായി പെൻഷൻ തുക കൈപ്പറ്റിയതായി ഓഡിറ്റ് കണ്ടെത്തിയ 26 പേർക്കും തുക തിരികെ അടവാക്കാൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. ഇതിൽ 6 പേർ മാത്രമാണ് തുക തിരികെ അടവാക്കിയിട്ടുള്ളത്. 6 പേർ അടവാക്കിയ 63,200/- ഡിബിടി സെല്ലിലേക്ക് അടവാക്കി. ഓഡിറ്റ് കണ്ടെത്തിയ 26 പേർക്ക് പുറമെ പുതുതായി കണ്ടെത്തിയ 5 പേരിൽ നിന്ന് 48,000/- രൂപകൂടി തിരിച്ചുപിടിച്ചിട്ടുണ്ട്. ബാക്കി 20 പേരിൽ നിന്ന് ലഭിക്കാനുള്ള 2,55,300/- രൂപ ഉടൻ തന്നെ തിരികെ ഈടാക്കി സർക്കാരിൽ അടവാക്കേണ്ടതാണ്. ഇതിനായി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-40 പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത്- തിരിച്ചടവ് തുടർ നടപടി വിവരം ലഭ്യമല്ല

04-03-2021 ൽ ജോയിന്റ് ഡയറക്ടർ (പഞ്ചായത്ത് വകുപ്പ്) നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ മുഖാന്തിരം നഗരസഭ സെക്രട്ടറിമാർക്ക് അയച്ച PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അധികമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തി 30 ദിവസത്തിനുള്ളിൽ തിരിച്ചടക്കേണ്ടതാണെന്നും തിരിച്ചടവാക്കാത്ത പക്ഷം പ്രസ്തുത തുക ക്ഷാമബത്തയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കും എന്ന് വ്യക്തമാക്കി ഒരു നോട്ടീസ് ബന്ധപ്പെട്ട വ്യക്തികൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ നൽകേണ്ടതാണെന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ ടി തുക തിരിച്ചടവാക്കാത്ത പക്ഷം പ്രസ്തുത വ്യക്തകളുടെ വിവരങ്ങൾ മേൽവിലാസം, പി.പി.ഒ നമ്പർ, നിലവിൽ കൈപ്പറ്റുന്ന പെൻഷന്റെ വിവരങ്ങൾ, പെൻഷൻ വാങ്ങുന്ന ട്രഷറി, അനധികൃതമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക എന്നിവ സർക്കാരിലേക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ നടപടി സ്വീകരിച്ച് 45 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിന് മേൽ കത്ത് പ്രകാരം നഗരസഭ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. മേൽ കത്തിലെ നിർദ്ദേശ പ്രകാരം അനർഹരായ പെൻഷൻ ഗുണഭോക്താക്കൾക്ക് 18.03.2021 ലെ എ4-5366/21 നമ്പർ പ്രകാരം നഗരസഭ സെക്രട്ടറി അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. തിരിച്ചടവാക്കാത്തവരുടെ വിശദാംശങ്ങൾ 07.07.2021 ലെ എ4-5366/2021 നമ്പർ കത്ത് പ്രകാരം നഗരസഭ സെക്രട്ടറി ഡി.ബി.ടി. സെല്ലിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭ സെക്രട്ടറിയുടെ 08.03.2022 ലെ എ4-5366/21 കത്ത് പ്രകാരവും വിശദാംശങ്ങൾ ഡി.ബി.ടി. സെല്ലിനെ അറിയിച്ചു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ID | തുക വിവരങ്ങൾ | PPO/ട്രഷറി | അടവാക്കിയില്ലെങ്കിൽ കാരണം |
|---|---|---|---|---|---|
| 1 | വേലായുധൻ. സി.വി | 102120200392 | 5/2015 – 7/2019 - 67200 | 141825983/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 2 | അംബി. പി | 102120200461 | 4/15 – 9/19 - 81900 | 141825983/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 3 | മറിയക്കുട്ടി. യു | 102120201553 | 12/14 – 12/20 - 87900 | MPM 8682/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 4 | ആമിന. കെ | 102120202203 | 9/15 – 4/20 - 58100 | ഗുണഭോക്താവ് നഗരസഭാ ഫണ്ടിൽ അടവാക്കി. നഗരസഭ പെൻഷൻ അക്കൗണ്ടിലേക്ക് | ചെക്ക് നം. 657519/16-02-2022 |

| | | | | | |
|---|---|---|---|---|---|
| | | | | അടവാക്കി | |
| 5 | കദീജ. എ | 102120202455 | 4/16 – 4/20 - 54500 | പെൻഷൻ അക്കൗണ്ടിലേക്ക് നേരിട്ട് അടവാക്കി | CMS 1922687992/26-04-2021 |
| 6 | കൃഷ്ണൻ. പി.പി | 102120202637 | 07/16 – 4/19 - 38200 | MPM 62119915-28-3-07/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 7 | സുഭദ്ര. യു.പി | 102120203030 | 5/17 – 4/19 - 35600 | MPM-9399-5/8/93/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 8 | കദീജ. ഇ | 102120400251 | 1/14 – 9/19 - 53600 | 3100007736/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു |
| 9 | സഫിയ. ഇ | 102120400252 | 1/14 – 9/19 - 53600 | 3100007735/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |
| 10 | സതീദേവി | 102120601161 | 12/14 – 7/19 - 57200 | 3100011418/ തിരൂർ | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചടവാക്കാൻകഴിയില്ല എന്ന് പറയുന്നു. |

പഞ്ചായത്ത് ഡയറക്ടറുടെ 03/01/2022 ലെ PAN/2566/2020-DBT 1 (DP) നമ്പർ കത്ത് പ്രകാരം ഇനിയും തുക അടവാക്കാത്ത ഗുണഭോക്താക്കളിൽ ഗഡുക്കളായ അടവാക്കാൻ സന്നദ്ധതയുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ അത്തരം അപേക്ഷകളൊന്നും കാണാൻ കഴിഞ്ഞിട്ടില്ല.

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം തിരിച്ചടവാക്കാത്ത പെൻഷൻ ഗുണഭോക്താക്കൾക്ക് തുക തിരിച്ചടവാക്കുന്നതിന് 17.04.2021 ലെ എ4-5366/21 നമ്പർ പ്രകാരം തുക തിരിച്ചടവാക്കാൻ അറിയിപ്പ് നൽകുകയും തിരിച്ചടവാക്കാത്ത പക്ഷം തുക ഇനി ഒരു അറിയിപ്പ് കൂടാതെ തന്നെ ക്ഷാമ ബത്തയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ പ്രസ്തുത തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ പട്ടിക പ്രകാരം തിരിച്ചടവാക്കാൻ ബാക്കിയുള്ള ഗുണഭാക്താക്കളിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിൻ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളും മേൽ പട്ടികയിലെ വിവരങ്ങളുടെ തൽസ്ഥിതി വിവരവും റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/2021-22 തീ.28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിലെ തുടർനടപടികളുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-41 തദ്ദേശ പൊതുതിരഞ്ഞെടുപ്പ് 2020 - സുരക്ഷിത നിക്ഷേപം അനധികൃതമായി പിൻവലിച്ച് സൂക്ഷിച്ചത് - തിരികെ അടവാക്കി

2020 വർഷത്തെ തദ്ദേശ പൊതു തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥികൾ കെട്ടിവച്ച സുരക്ഷിത നിക്ഷേപത്തുക കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ചയാണ് നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായത്. സ്ഥാനാർത്ഥികളിൽ നിന്നും ഫോം-എൻ.31ൽ തയ്യാറാക്കിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതിന് പകരം, അപേക്ഷകൾ ലഭ്യമാകാതെ തന്നെ 152 സ്ഥാനാർത്ഥികളുടെയും സുരക്ഷിത നിക്ഷേപത്തുകയായ ആകെ 2,96,000/- രൂപ ഒരുമിച്ച് ചെയർപേഴ്സന്റെയും സെക്രട്ടറിയുടെയും അംഗീകാരത്തോടുകൂടെ 18.06.2021 തീയ്യതിയിലെ 326059 നമ്പർ ചെക്ക് ഉപയോഗിച്ച് SBI തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയാണ് ഉണ്ടായിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 281 (D) പ്രകാരം ഡെപ്പോസിറ്റ് തുക കൈകാര്യം ചെയ്യുന്നതിൽ സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് ബന്ധപ്പെട്ട സെക്ഷൻ ഡെപ്പോസിറ്റ് തുക കൈകാര്യം ചെയ്തിട്ടുള്ളത്. സ്ഥാനാർത്ഥികൾക്ക് തുക തിരികെ നൽകിയതിന്റെ അക്വിറ്റൻസ് റോൾ പരിശോധിച്ചതിൽ എല്ലാ സ്ഥാനാർത്ഥികളും തുക കൈപ്പറ്റിയിട്ടില്ലെന്ന്

ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിരികെ നൽകേണ്ട സുരക്ഷിത നിക്ഷേപത്തുക (₹) | തിരികെ നൽകിയ സുരക്ഷിത നിക്ഷേപത്തുക (₹) | ബാക്കി തുക (₹) |
|---|---|---|
| 2000 * 144 പേർ + 1000 * 8 പേർ | 2000 * 93 പേർ + 1000 * 3 പേർ | 2000 * 51 പേർ + 1000 * 5പേർ |
| 2,96,000/- | 1,89,000/- | 1,07,000/- |

തിരിച്ചുനൽകാൻ ബാക്കിയുള്ള 1,07,000/- രൂപ നഗരസഭ ക്യാഷ് ചെസ്റ്റിൽ പെറ്റി ക്യാഷ് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്ന് 04.08.2022ന് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. പെറ്റി ക്യാഷ് എന്ന ഇനത്തിൽ ഇത്ര വലിയ തുക ഒരു വർഷത്തിലേറെയായി സൂക്ഷിച്ചത് ഗുരുതരമായ പിഴവാണ്. ഇതുകാരണം ബാങ്ക് പലിശയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന വരവിൽ നഷ്ടം വന്നിട്ടുണ്ട്. ഈ പിഴവ് ചൂണ്ടിക്കാട്ടി 05/08/2022 തീയതിയിൽ 07/21-22 നമ്പർ ഓഡിറ്റ് എൻക്വയറി സെക്രട്ടറിക്ക് നൽകുകയും തത്ഫലമായി അന്നേദിവസം തന്നെ ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 1,07,000 രൂപ 122010105570 നമ്പർ രസീത് പ്രകാരവും, ആയതിന് ആറ് മാസത്തെ പലിശനിരക്കായ 9% നിരക്കിലുള്ള തുകയായ 9,630/- രൂപ 06.08.22ലെ 122010105598 രസീത് പ്രകാരവും നഗരസഭാ ഫണ്ടിലേക്ക് തിരിച്ചൊടുക്കിയിട്ടുണ്ട്.

അക്വിറ്റൻസ് റോൾ പ്രകാരം 96 സ്ഥാനാർത്ഥികൾ ആകെ 1,89,000/- രൂപയുടെ സുരക്ഷിത നിക്ഷേപം നാളിതുവരെ തിരികെ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാനാർത്ഥികളുടെ അപേക്ഷകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ കൈപ്പറ്റിയവരുടെ ഒപ്പിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. സ്ഥാനാർത്ഥികളിൽ നിന്നും ഫോം-എൻ.31ൽ തയ്യാറാക്കിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് സുരക്ഷിത നിക്ഷേപ തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടിയിരുന്നത്. ആയതിനാൽ നഗരസഭയുടെ ടി പ്രവൃത്തി ക്രമപരമല്ല. സ്ഥാനാർത്ഥികളുടെ യഥാർത്ഥ ഒപ്പുമായി അക്വിറ്റൻസ് റോളിലെ ഒപ്പുകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിൽ (നം. 07/21-22, 05/08/2022) ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുക 1,89,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-42 തിരൂർ നഗരസഭയിലെ മാലിന്യ സംസ്കരണം - ശുചിത്വ മിഷൻ അനുവദിച്ച 2,60,15,000/- രൂപ ചെലവ് ചെയ്തില്ല. തുക പാഴായി

ഫയൽ നമ്പർ. PW2-14229/10

തിരൂർ നഗരസഭയുടെ സമഗ്ര മാലിന്യ സംസ്കരണത്തിനും ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനുമായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-03-2012 ലെ ഉത്തരവ് നമ്പർ SM/C2/66/2009 പ്രകാരം തിരൂർ നഗരസഭക്ക് 2,60,15,000/- രൂപ അനുവദിച്ചിട്ടുണ്ട്. നഗരസഭ 13-03-2012 ന് എച്ച്.1-14229/10 നമ്പറിൽ സമർപ്പിച്ച പദ്ധതിയും എസ്റ്റിമേറ്റും പരിഗണിച്ചാണ് ശുചിത്വമിഷൻ തുക അനുവദിച്ചത്. ആയതിൽ നഗരസഭ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ 1.28 കോടി രൂപയുടെ പ്രവർത്തികൾക്ക് ശുചിത്വമിഷൻ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ 13-03-2012 ന് തയ്യാറാക്കിയ പദ്ധതികൾക്ക് ശുചിത്വമിഷനിൽ നിന്നും പൂർണ്ണമായി സാങ്കേതിക അനുമതി ലഭ്യമാക്കുകയോ സാങ്കേതിക അനുമതി ലഭിച്ച പദ്ധതികൾ തന്നെ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ടി തുക തിരൂർ നഗരസഭ സെക്രട്ടറിയുടെ പേരിൽ ഐ.ഡി.ബി.ഐ തിരൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (A/c No. 0749104000048921) നിക്ഷേപിക്കുകയാണ് ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും ബാക്കി തുക ശുചിത്വമിഷനിലേക്ക് തിരിച്ചടവാക്കുന്നതിനും ശുചിത്വമിഷൻ ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ 01/02/2021 ലെ 431/സി2/2008 എസ്.എം. നമ്പർ കത്ത് പ്രകാരം വീണ്ടും തുക തിരിച്ചടവാക്കാനും അല്ലാത്ത പക്ഷം വകുപ്പ്തല നടപടിക്ക് ശുപാർശ ചെയ്യുമെന്നും അറിയിച്ചതിന്റെ

അടിസ്ഥാനത്തിൽ 16-02-2021 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തുക തിരിച്ചടവാക്കാൻ കൗൺസിൽ അനുമതി നൽകി. ആയത് പ്രകാരം ടി തുകക്ക് ആർജ്ജിച്ച പലിശ സഹിതം 3,80,17,404/- രൂപ 26-08-2021 ലെ 031927 നമ്പർ ചെക്ക് പ്രകാരം തുക തിരിച്ചടവാക്കുകയും ആയതിന് 16-09-21 ന് ശുചിത്വമിഷൻ രസീതി ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നഗരസഭക്ക് വൻ സഹായകമായി മാറുമായിരുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം ശുചിത്വമിഷൻ അനുവദിച്ച തുക പാഴായി. ദീർഘ കാലയളവ് ടി തുക നഗരസഭ കൈവശം വെച്ചിട്ടും പദ്ധതികൾ ഒന്നും നടപ്പിലാക്കാതെ തുക തിരിച്ചടവാക്കാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22-07-2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് 02-08-22 ന് ലഭ്യമാക്കിയ മറുപടിയിൽ ശുചിത്വമിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായ പദ്ധതികൾ നിലവിലില്ലായിരുന്നത് കാരണമാണ് തുക തിരിച്ചടവാക്കിയത് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ നഗരസഭ സമർപ്പിച്ച പദ്ധതിയും എസ്റ്റിമേറ്റും പരിഗണിച്ചാണ് ശുചിത്വമിഷൻ തുക അനുവദിച്ചത്. മാത്രമല്ല ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ 1.28 കോടിയുടെ പ്രവർത്തികൾക്ക് ശുചിത്വമിഷൻ സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ് എന്നിരിക്കെ നഗരസഭ നൽകിയ മറുപടി സ്വീകാര്യമല്ല. അനുയോജ്യമായ പദ്ധതികൾ ഇല്ലായിരുന്നുവെങ്കിൽ 2012 ൽ അനുവദിച്ച തുക തിരിച്ചടവാക്കാൻ 2021 വരെ കാത്തിരിക്കേണ്ട ആവശ്യം നഗരസഭക്കില്ലായിരുന്നു. വകുപ്പുതല നടപടിക്ക് ശുചിത്വമിഷൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ച സാഹചര്യത്തിൽ മാത്രമാണ് നഗരസഭ തുക തിരിച്ചടവാക്കിയത്. സാങ്കേതിക അനുമതി ലഭിച്ച പദ്ധതി യഥാസമയം നടപ്പിലാക്കാതിരുന്നതും ലഭ്യമാകാത്തവക്ക് അത് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതുമാണ് തുക പാഴാവാനുണ്ടായ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-43 പെൻഷൻ പരിഷ്ക്കരണം - പെൻഷൻ ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

ഫയൽ നമ്പർ. എ2-4829/21

സ.ഉ(പി)നം. 30/2021 ഫിൻ. തീയതി 12-02-2021

സ.ഉ(പി)നം. 35/2021 ഫിൻ. തീയതി 23-02-2021

സർക്കാറിന്റെ മേൽ പരാമർശിത ഉത്തരവുകൾ പ്രകാരം പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും 01-07-2019 പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂർ നഗരസഭയിൽ നിന്നും പെൻഷനാനുകൂല്യങ്ങൾ/ഫാമിലി പെൻഷനാനുകൂല്യങ്ങൾ എന്നിവ കൈപ്പറ്റുന്നവരുടെ പെൻഷനാനുകൂല്യങ്ങൾ മേൽ നമ്പർ ഫയൽ പ്രകാരം പരിഷ്ക്കരിക്കുകയും പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം പെൻഷനാനുകൂല്യങ്ങൾ പരിഷ്ക്കരിച്ചത് ശരിയാണെങ്കിലും 01-07-2019 ലെ അടിസ്ഥാന പെൻഷൻ തുക വ്യക്തമാക്കുന്ന യാതൊരു രേഖയും പെൻഷൻ പരിഷ്ക്കരണം ഫയലിൽ കാണുന്നില്ല. പെൻഷൻ പരിഷ്ക്കരിച്ചത് സംബന്ധിച്ച വിവരം അതത് പെൻഷൻകാരുടെ പെൻഷൻ ബുക്കിൽ യഥാസമയം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും, ഒരു പെൻഷൻ പരിഷ്ക്കരണ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നതായി കാണുന്നില്ല. ഏതാനും പെൻഷൻ ബുക്കുകൾ പരിശോധിച്ചതിൽ നാളിതുവരെയുള്ള ഒരു പെൻഷൻ പരിഷ്ക്കരണ വിവരവും അതിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിരമിച്ച തസ്തിക | വിരമിച്ച വർഷം, കണക്കാക്കിയ പെൻഷൻ തുക | നിലവിൽ അനുവദിക്കുന്ന പെൻഷൻ തുക | പെൻഷൻ പരിഷ്ക്കരണം സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1 | എം.ബാലചന്ദ്രൻ നമ്പ്യാർ, ഹെൽത്ത് ഇൻസ്പെക്ടർ | 31-10-1990 1131/- | 27,300/- | പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | പി.വി. സൈദു, സൂപ്രണ്ട് | 31-10-2007 6074/- | 29,220/- | ,, |
| 3 | കെ. മുഹമ്മദ് ആദം | 31-05-2003 3190/- | 26,640/- | ,, |

| | | | | |
|---|---|---|---|---|
| | അസിസ്റ്റന്റ് എഞ്ചിനീയർ | | | |
| 4 | എൻ.പി. ചന്ദ്രശേഖരൻ<br>ഡെപ്യൂട്ടി സെക്രട്ടറി | 31-07-1997<br>1564/- | 34560/- | ,, |
| 5 | കെ.സി. രാജൻ<br>റവന്യൂ ഓഫീസർ ഗ്രേഡ് II | 30-11-2012<br>12361/- | 33780/- | ,, |

ഇപ്രകാരം പെൻഷൻ ബുക്കിൽ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ പെൻഷൻ പരിഷ്കരിച്ച് നൽകുന്നത് ശരിയായ നടപടിയല്ല. ആയത് സൂചിപ്പിച്ചുകൊണ്ട് 13-07-2022 ലെ ഓഡിറ്റ് എൻക്വയറി നം. 03/2021-22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരേയും ഈ രീതിയിൽ തുടർന്ന് പോന്നിട്ടുള്ളതിനാലാണ് വിവരങ്ങൾ പെൻഷൻ ബുക്കിൽ രേഖപ്പെടുത്താതിരുന്നത് എന്നും തുടർന്നുള്ള കാലങ്ങളിൽ ആവർത്തിക്കപ്പെടുകയില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. പെൻഷൻ പരിഷ്കരിച്ച നൽകുമ്പോൾ പെൻഷൻ ബുക്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തുകയും പെൻഷൻ പരിഷ്കരണ രജിസ്റ്റർ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-44 സർവ്വീസ് ടാക്സ് പൂർണ്ണമായി ഈടാക്കി സമയബന്ധിതമായി അടവാക്കിയില്ല

ഫയൽ നമ്പർ. ആർ4-900/20

തിരൂർ നഗരസഭയിൽ സെൻട്രൽ ടാക്സ് ആന്റ് സെൻട്രൽ എക്സൈസ് വിഭാഗം ഓഡിറ്റ് നടത്തുകയും, സർവ്വീസ് ടാക്സ് ഇനത്തിൽ ഒക്ടോബർ 2014 മുതൽ ജൂൺ 2017 കാലയളവിൽ അടവാക്കാൻ കുറവ് വന്ന 14,57,022/- രൂപ അടവാക്കുന്നതിനായി 25-08-2020 ന് ഷോകോസ് നോട്ടീസ് നമ്പർ 10/202 – ST പ്രകാരം ഷോകോസ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഷോകോസിനെതിരെ നഗരസഭ സെൻട്രൽ ടാക്സ് & എക്സൈസ് ട്രിബ്യൂണലിൽ അപ്പീൽ പോകുകയും അപ്പീലിന്റെ ഭാഗമായി മേൽ തുകയുടെ 7.5% തുകയായ 1,09,277/- രൂപ ട്രിബ്യൂണലിൽ കെട്ടി വെക്കുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ 391895, 96 തീയതി 18-08-21). 10/2014 മുതൽ 06/2017 വരെയുള്ള കാലയളവിൽ വാടക, ലേലം ഇനത്തിൽ നഗരസഭക്ക് ലഭ്യമായ വരുമാനത്തിൽ നിന്നും ആനുപാതികമായി സർവ്വീസ് ചാർജ്ജ് പിരിച്ചെടുത്ത് അടവാക്കാതിരുന്നതുമൂലമാണ് മേൽ വ്യവഹാരങ്ങളിലേക്ക് വഴി വെച്ചത്. കൂടാതെ 12/2014, 01/2015, 03/2015, 04/2015, 6/2015, 7/2015 എന്നീ മാസങ്ങളിൽ സർവ്വീസ് ടാക്സ് വൈകി അടവാക്കിയതിന് 3,716/-രൂപ പലിശയിനത്തിൽ നഗരസഭ അടവാക്കിയിട്ടുണ്ട്. പൂർണ്ണ തോതിൽ ടാക്സ് ഈടാക്കി അടവാക്കാത്തത് സംബന്ധിച്ചും വൈകി അടവാക്കിയത് മൂലം പലിശ അടവാക്കേണ്ടിവന്ന സാഹചര്യം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 10/2021-22 തീയതി 29-08-2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ പലിശയിനത്തിൽ അടവാക്കേണ്ടിവന്ന 3,716/- രൂപ ഉത്തരവാദിയായ ജീവനക്കാരനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതും അതോടൊപ്പം ഈ വിഷയം സംബന്ധിച്ച് ട്രിബ്യൂണലിന്റെ അന്തിമ വിധ വരുന്ന മുറക്ക് ആയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-45 ലേല കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. - 2,87,868/- രൂപ കുടിശ്ശിക

തിരൂർ നഗരസഭ 2021-22 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ വിവിധ ഫീസ് പിരിവുകൾ ലേലം കൊണ്ട വ്യക്തികൾ ലേല തുക പൂർണ്ണമായും നഗരസഭയിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം ചെയ്ത വസ്തു | ലേലം കൊണ്ട വ്യക്തി | ലേല തുക | അടവാക്കിയത് | അടവാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | മാർക്കറ്റ് യാർഡ് ഫീസ് പിരിവ്<br>140501000 | വള്ളിയേങ്ങൽ ബഷീർ | 1,06,400 | 88666 | 17,734 |

| | | | | | |
|---|---|---|---|---|---|
| 2 | ബസ്സ്റ്റാന്റ് ഫീസ് പിരിവ്<br>140501100 | വള്ളിയേങ്ങൽ ബഷീർ | 5,68,000 | 3,50,000 | 2,18,000 |
| 3 | ടാക്സി സ്റ്റാന്റ് ഫീസ് പിരിവ് | നൗഷാദ്. കെ കിഴക്കാംകുന്നത്ത് | 97,600 | 81,334 | 16,266 |
| 4 | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | നൗഷാദ്. കെ കിഴക്കാംകുന്നത്ത് | 1,77,200 | 1,47,666 | 29,534 |
| 5 | മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീസ്<br>140501300 | നൗഷാദ്. കെ കിഴക്കാംകുന്നത്ത് | 38,000 | 31,666 | 6,334 |

ആകെ കുടിശ്ശിക തുക 2,87,868

മേൽ കുടിശ്ശിക തുക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15-02-23 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 57/2021-22 പ്രകാരം എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ കുടിശ്ശിക തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 പത്രപ്പരസ്യം നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ തുകയും പത്രങ്ങൾക്ക് നല്കി-ചെലവു തുക 5568/-രൂപ നിരാകരിക്കുന്നു.

പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

| | |
|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പറും | പ്ലാൻ രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവുകൾ<br>പ്രൊജക്റ്റ് നം. 5/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,<br>തിരൂർ നഗരസഭ |
| അടങ്കൽ | 300000/- |
| ചെലവ്<br>31792/-<br>(Development Fund(CFC-Basic Grant)<br>58948/-<br>(Development Fund (General)<br>--------<br>90740<br>===== | 31792/-Vr.No.22101708/11.02.2022<br>17520/-Tr.Bill No.27/11.08.2021<br>10584/-Tr.Bill No.28/11.08.2021<br>14440/-Tr.Bill No.39/18.09.2021<br>16404/-Tr.Bill No.49/19.11.2021<br>90740<br>===== |
| ഫയൽ നം. | എ5-11104/21 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയ്ക്ക് വേണ്ടി വിവിധ പത്രങ്ങളിൽ പരസ്യം നല്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)നം.288/14/I&PRD തീയതി, 10-9-14 പ്രകാരം പരസ്യങ്ങൾപി&എ.ആർ.ഡി മുഖേനനൽകിയാലും നേരിട്ട് നല്കിയാലും 15% ഡിസ്കൗണ്ട് നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ ബിൽ തുകയും പത്രങ്ങൾക്ക് നല്കി. വിശദ വിവരങ്ങൾ ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-47 തനത് ഫണ്ട് ലഭ്യത ഉറപ്പ് വരുത്തി പ്രോജക്റ്റുകൾക്കുള്ള തുക വകയിരുത്തേണ്ടതാണ്.

ഫയൽ നമ്പർ. PW2-14767/15

പ്രോജക്റ്റ് നമ്പർ 128/16 – ഹരിത നഗർ കോളനി റോഡ് ബാക്കി ഭാഗം സോളിംഗ്, മെറ്റലിംഗ്

അടങ്കൽ 4,00,000 (3,33,000/- വികസന ഫണ്ട്, 67,000/- തനത് ഫണ്ട്)

ബിൽ നമ്പർ 71/2016 തീയതി 12-02-2016, 3,33,000/-

മേൽ പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തി 05/02/2016 ന് പൂർത്തിയാക്കുകയും വികസന ഫണ്ടിൽ നിന്നുള്ള തുക മേൽ ബിൽ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനതു ഫണ്ടിൽ വകയിരുത്തിയിരുന്ന ചെലവു തുക 61,486/- രൂപ നൽകുന്നതിന് 4/3/2016 ന് അസിസ്റ്റന്റ് എഞ്ചിനീയർ എ1 സെക്ഷനിലേക്ക് ഫയൽ അയക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

എന്നാൽ തനത് ഫണ്ടിൽ നിന്നും നൽകേണ്ട തുക യഥാസമയം കരാറുകാരന് അനുവദിക്കാത്തതിനാൽ കരാറുകാരനായ ശ്രീ. കൃഷ്ണൻകുട്ടി നഗരസഭക്കെതിരെ WP(c) No. 2333 Of 2019 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും 10/11/2021 ലെ വിധി ന്യായത്തിൽ നിയമാനുസൃതമുള്ള നികുതികൾ കുറച്ച് തുക കരാറുകാരന് നൽകാൻ ആവശ്യപ്പെടുകയും Vr. No. 22100947/29-12-2021 (ചെക്ക് നമ്പർ 559778/29-12-2021) പ്രകാരം 57,797/- രൂപ നൽകുകയും ചെയ്തു.

2015-16 വർഷത്തെ ഒരു പ്രോജക്ടിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടും തനത് ഫണ്ടിൽ നിന്നും അനുവദിക്കേണ്ട തുക യഥാസമയം അനുവദിക്കാതെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടിവന്നതിന് വിശദീകരണവും മേൽ കേസ് നടത്തിപ്പിന് നഗരസഭക്ക് ചെലവായ തുകകളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട് 22.07.2022ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 ന് ലഭ്യമാക്കിയ മറുപടിയിൽ വളരെയധികം പ്രവൃത്തികളുടെ തുകകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയത് കാരണം ടി പ്രവൃത്തിയുടെ ബിൽ തുകകൾ ഒന്നിച്ച് അനുവദിക്കേണ്ട സാഹചര്യം സംജാതമായത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചതിനാൽ യഥാസമയം കരാറുകാരന് തുക അനുവദിക്കാൻ സാധിച്ചില്ലെന്നും ടി കേസ് നടത്തിപ്പിന് 5000/- രൂപ വക്കീൽ ഫീസിനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ഭാവിയിൽ തനത് ഫണ്ടിൽ നിന്നും വിവിധ പ്രോജക്ടുകൾക്കുള്ള തുക വകയിരുത്തുമ്പോൾ തനത് ഫണ്ടിൽ ആവശ്യമായ തുകയുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും കോടതി വ്യവഹാരത്തിനുള്ള അധിക ചെലവ് ഉണ്ടാകുന്നത് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

## 1-48 പാർക്കിംഗ് പ്ലാസ നിർമ്മാണം -തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചില്ല

നിർവ്വഹണം - നഗരസഭ എഞ്ചിനീയർ & അസിസ്റ്റന്റ് എഞ്ചിനീയർ

ഫയൽ നമ്പർ. PW2-11366/21

വൗച്ചർ നമ്പർ 22100803/15-11-2021 - 1,76,174/-

ചെക്ക് നമ്പർ 559715/15-11-2021

തിരൂർ നഗരസഭയിൽ ടൗൺഹാൾ പ്രദേശത്ത് പാർക്കിംഗ് പ്ലാസ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന നടത്തുന്നതിനാണ് മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചിരിക്കുന്നത്. 25-08-2021 ലെ PW1-11366/21 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് നോട് മണ്ണ് പരിശോധന നടത്താൻ ആവശ്യപ്പെട്ടു. 3-11-2021 ലെ CED/CCE/RKC-2783/21 പ്രകാരം കൊമേഴ്സ്യൽ ഓഫർ കം ഇൻവോയ്സ് സമർപ്പിക്കുകയും ടി ആവശ്യത്തിന് മേൽ വൗച്ചർ പ്രകാരം 1,76,174/- രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്തു. എന്നാൽ മേൽ ഫയൽ പരിശോധിച്ചതിൽ പാർക്കിംഗ് പ്ലാസ നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തിയതിന്റെ തുടർ നടപടികളോ പരിശോധന റിപ്പോർട്ടോ കാണാൻ സാധിച്ചിട്ടില്ല. തുടർ നടപടികളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ സ്വപ്ന പദ്ധതിയായ പാർക്കിംഗ് പ്ലാസ നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ 2 പ്രോജക്ടുകൾ ആവിഷ്കരിക്കുകയുണ്ടായി.

(1) പ്രോജക്ട് നമ്പർ SO 036/22 – പാർക്കിംഗ് പ്ലാസ നിർമ്മിക്കൽ

ഡി.പി.ആർ തയ്യാറാക്കൽ

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 50,000 (തനത് ഫണ്ട്)

ചെലവ് - ഇല്ല

നഗരസഭ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കാത്തതിനാൽ അംഗീകൃത ഏജൻസികളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിന് പത്രപരസ്യം നൽകിയതിന് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ 10,584/- രൂപയുടെ ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ടെന്ന 29.06.2021ലെ സെക്ഷന്റെ കുറിപ്പിൻമേൽ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഇന്ത്യൻ എക്സ്പ്രസിന് ടി തുക അനുവദിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഇല്ല. ടി പ്രോജക്ടിൽ നിന്നും തുക അനുവദിച്ചിട്ടുമില്ല. ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഏത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ പത്ര പരസ്യം നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട പത്ര കട്ടിംഗ് കൂടി ലഭ്യമാക്കേണ്ടതാണ്.

പാർക്കിംഗ് പ്ലാസ നിർമ്മാണത്തിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് AUS Consortium എന്ന സ്ഥാപനം കൺസൽട്ടൻസി ചാർജായി എസ്റ്റിമേറ്റ് കോസ്റ്റിന്റെ 1.89% നിരക്കിൽ ചെയ്യാമെന്ന് (നെഗോസിയേഷൻ നടത്തിയതിന് ശേഷം) 02-09-2021 ലെ AC/2021/TIRM/P2-N കത്ത് പ്രകാരം നഗരസഭയെ അറിയിച്ചു. ആയത് പ്രകാരം 10-09-2021

ലെ പി.ഡബ്ല്യൂ.1-11366/21 കത്ത് പ്രകാരം ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് തയ്യാറാക്കി എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതിന് AUS Consortium എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനായി എഗ്രിമെന്റ് വെച്ചതായോ, ഡി.പി.ആർ തയ്യാറാക്കിയതായോ, ആയതിൻമേൽ തുടർ നടപടികൾ സ്വീകരിച്ചതായോ ഫയലിൽ കാണുന്നില്ല. ഡി.പി.ആർ തയ്യാറാക്കുന്നതിന് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കേണ്ടതാണ്.

2. പ്രോജക്ട് നം. SO 195/22 പാർക്കിംഗ് പ്ലാസ നിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ - നഗരസഭ എഞ്ചിനീയർ

അടങ്കൽ - 50,00,000/- (ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)

ചെലവ് - ഇല്ല

2021-22 വർഷത്തിൽ പാർക്കിംഗ് പ്ലാസ നിർമ്മാണത്തിന് മേൽ പ്രോജക്ട് പ്രകാരം തുക വകയിരുത്തിയിരുന്നെങ്കിലും പാർക്കിംഗ് പ്ലാസയുടെ നിർമ്മാണം ആരംഭിച്ചിട്ട് തുക ചെലവഴിച്ചതായി 2021-22 പ്രോജക്ട് ചെലവ് പത്രിക പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല.

നഗരസഭയുടെ ഒരു സ്വപ്ന പദ്ധതിയായി വിഭാവനം ചെയ്ത മേൽ പ്രോജക്ട് വ്യക്തമായ ആസൂത്രണത്തിന്റെ അഭാവത്തിൽ ആരംഭിക്കുവാൻ നഗരസഭയ്ക്ക് ഇനിയും സാധിച്ചിട്ടില്ല. എന്നാൽ 2022-23 വർഷത്തെ നഗരസഭയുടെ പ്രോജക്ട് രേഖകൾ/പദ്ധതി രേഖകൾ പരിശോധിച്ചതിൽ നഗരസഭയുടെ സ്വപ്ന പദ്ധതിയായ പാർക്കിംഗ് പ്ലാസ നിർമ്മാണം 2022-23 വർഷത്തിൽ പ്രോജക്ടായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പാർക്കിംഗ് പ്ലാസ നിർമ്മാണം എന്ന പ്രോജക്ട് 2022-23 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം, ടി പ്രോജക്ട് ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും നിലവിലുള്ള അവസ്ഥയും വിശദമാക്കേണ്ടതാണ്.

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 38/2021-22 തീ. 28.12.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-49 വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കരാർ ചമക്കാൻ വൈകിയതിന് പിഴ ₹4172 /-ഈടാക്കിയില്ല.

ഫയൽ നമ്പർ PW2-D7/175/2019

പ്രോജക്ട് നമ്പർ - SO 175/20 - 3 ജി അങ്കണവാടി നിർമ്മാണം - നിലവിൽ നിർമ്മാണം നടക്കുന്ന

കെട്ടിടത്തോടൊപ്പം

അടങ്കൽ - 600000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നമ്പർ BRN 21150547004501400859/21-03-2022 - 2,73,294

ബിൽ നമ്പർ BRN 21150547004501428091/29-03-2021 - 2,13,180

ചെലവ് – 4,86,474/-

സെലക്ഷൻ മെമ്മോ - PW2-D7/175/2019 – 24-12-2019

എഗ്രിമെന്റ് നമ്പർ - 68/2019-20 - 1-2-2020

കരാറുകാരൻ - യൂസഫ്. പി

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ടി പ്രവൃത്തി ചെയ്യുന്നതിന് 24-12-2019 ന് സെലക്ഷൻ മെമ്മോ നൽകുകയും 7 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണെന്നും അറിയിച്ചിരുന്നു. എന്നാൽ പ്രവൃത്തിക്കുള്ള കരാർ ചമച്ച തീയതി 1-2-2020 ലാണ്. ഫയൽ പരിശോധിച്ചതിൽ കരാർ ചമക്കാൻ വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് മേൽ ബില്ലുകൾ പ്രകാരമുള്ള തുകകൾ കരാറുകാരന് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയതിലേക്ക് വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതായി 29-09-2022 ൽ നടത്തിയ ഭൗതിക പരിശോധനയിൽ കാണപ്പെട്ടു. നിലവിൽ അങ്കണവാടിയിലേക്ക് അത്യാവശ്യമുള്ള വെള്ളം തലച്ചുമടായി അടുത്തുള്ള വീട്ടിൽ നിന്നും കൊണ്ടുവരികയാണ് ചെയ്യുന്നതെന്ന് അംഗൻവാടി ജീവനക്കാർ നേരിട്ടറിയിച്ചു. വാട്ടർ അതോറിറ്റിയുടെ

വെള്ള വിതരണ പൈപ്പ്ലൈൻ അങ്കണവാടി കെട്ടിടം നിൽക്കുന്ന സ്ഥലത്തിലൂടെ കടന്നു പോകുന്നതായി കാണപ്പെട്ടു. അങ്കണവാടി നിർമ്മിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വാട്ടർ കണക്ഷൻ ലഭ്യമാക്കൽ കൂടി ഉൾപ്പെടുത്തേണ്ടിയിരുന്നതാണ്.

വാട്ടർ കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങളും കരാർ ചമക്കാൻ വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 62/2021-22 തീ.20.02.2023) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റി കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കരാർ ചമക്കാൻ വൈകിയതിന് കരാറുകാരനെ കൊണ്ട് പിഴ അടപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതും കരാർ ചമക്കാൻ വൈകിയതിനുള്ള 1% പിഴ പലിശയായ 4172 രൂപ(ആകെ പ്രവൃത്തി മൂല്യം = 417174 രൂപ) ഉത്തരവാദിയായ ഫൈനൽ ബിൽ പ്രകാരം തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-50 തിരൂർ നഗരസഭ മാർക്കറ്റ് കോറിഡോർ വികസനം - അപാകതകൾ

ഫയൽ നമ്പർ. PW1/16531/19

പ്രോജക്ട് നമ്പർ 95/21, 114/2021-22

ടി.എസ് നമ്പർ KSCDN/08/2019 തീയതി 29/02/2021

അടങ്കൽ തുക - 1,97,50,000/-

ചെലവ് തുക - 1,97,36,738/- (1,83,81,130 + 13,55,608)

നിർവ്വഹണം - മുനിസിപ്പൽ എഞ്ചിനീയർ

അക്രഡിറ്റഡ് ഏജൻസി - സിഡ്കോ

സിഡ്കോ ചുമതലപ്പെടുത്തിയ കരാറുകാരന്റെ പേര് - കെ. സിദ്ധിഖ്

എഗ്രിമെന്റ് നമ്പർ - 65/2019-20 തീയതി 04-01-2020

തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ട്രഷറി ബിൽ/തീയതി | തുക | വർഷം |
|---|---|---|---|
| 1 | 20150547003200575890 തീയതി 30/09/20 | 139827 | 2020-21 |
| 2 | 20150547003200575837 തീയതി 30/09/20 | 1895957 | |
| 3 | 20150547003200857955 തീയതി 23/12/20 | 5023630 | |
| 4 | 20150547003200859762 തീയതി 24/12/20 | 370493 | |
| 5 | 21150547003200471952 തീയതി 30/9/21 | 642996 | 2021-22 |
| 6 | 21150547003201388994 തീയതി 20/3/22 | 4982081 | |
| 7 | 21150547003201388995 തീയതി 20/3/22 | 818106 | |
| 8 | 21150547003201524293 തീയതി 30/3/22 | 1715934 | |
| 9 | 22150547003200815813 തീയതി 24/11/22 | 2000000 | 2022-23 |
| 10 | 22150547003200815819 തീയതി 24/11/22 | 284883 | |
| 11 | 22150547003200815816 തീയതി 24/11/22 | 1862831 | |
| | ആകെ | 1,97,36,738 | |

പ്രൊജക്റ്റിന്റെ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

(1) 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തിരൂർ മാർക്കറ്റ് കോറിഡോർ വികസനം എന്ന പ്രവർത്തിക്ക് 1,97,50,000 രൂപയുടെ ഭരണാനുമതി നൽകി സിഡ്കോയെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ഫയലിന്റെ പ്രാരംഭം എന്നത് നഗരസഭാ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ കത്താണ്. (നോട്ട് ഫയൽ പേജ് 1). നഗരസഭയിൽ അർബൻ ഏരിയ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പരിഗണിച്ച് മുൻഗണനാ ക്രമമനുസരിച്ച് പ്രൊജക്റ്റുകൾ

നടപ്പിലാക്കുന്നതിന് ആർകിടെക്ച്ചറൽ രൂപരേഖ, സ്ട്രക്ചറൽ ഡിസൈൻ, ഡി.എസ്.ആർ പ്രകാരമുള്ള ടെണ്ടർ ഷെഡ്യൂൾ എന്നിവ തയ്യാറാക്കുന്നതിന് മലപ്പുറം നഗരസഭയിൽ പുതുതായി വിവിധ പദ്ധതികൾ രൂപകൽപ്പന ചെയ്ത് ഡി.പി.ആർ ഉണ്ടാക്കിയ സ്ഥാപനവുമായി ഉടമ്പടി ഉണ്ടാക്കുന്നതിന് ടിയാൻ കത്ത് നൽകുകയാണ് ഉണ്ടായത്. തുടർന്ന് നിർദ്ദേശങ്ങൾ മരാമത്ത് കമ്മിറ്റിയിൽ വെച്ച് ചർച്ച ചെയ്തു. ഇതിന്റയടിസ്ഥാനത്തിൽ മുനിസിപ്പൽ സെക്രട്ടറി നൽകിയ പ്രസക്തമായ അഭിപ്രായക്കുറിപ്പ് നോട്ട് ഫയൽ പേജ് നമ്പർ (1)-(2) എന്നിവയിൽ ക്രമ നമ്പർ 4 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്. 'ടി സ്ഥാപനം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ടി സ്ഥാപനവുമായി ഉടമ്പടിയിൽ ഏർപ്പെടുന്നത് നഗരസഭക്ക് ഗുണകരമാവില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്'. ആ നിർദ്ദേശം രേഖപ്പെടുത്തി ഫയൽ ബഹു. ചെയർമാന് സമർപ്പിച്ചു. സാങ്കേതിക മേധാവിയായ മുനിസിപ്പൽ എഞ്ചിനീയറുടെ റഫ് കോസ്റ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലല്ലാതെ സെക്രട്ടറി എങ്ങനെയാണ് ഈ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. കാരണം ഫയലിൽ ഇതിനാധാരമായ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിയ യാതൊരുവിധ രേഖകളും ലഭ്യമല്ല. മുനിസിപ്പൽ എഞ്ചിനീയറിംഗ് വിംഗ് ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 54/21-22 തീയതി 14-02-2023) പ്രകാരം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എന്നാൽ മുനിസിപ്പൽ സെക്രട്ടറിയുടെ ഈ നിർദ്ദേശം കൗൺസിലിൽ ചർച്ച ചെയ്യാൻ പോലും നിർദ്ദേശിക്കാതെ "സർക്കാർ ഉത്തരവുള്ളതിനാൽ പൊതു മേഖലാ സ്ഥാപനമായ സിഡ്കോക്ക് വർക്ക് ഏൽപ്പിക്കുന്നതിനായി കൗൺസിലിലേക്ക് അജണ്ട വെക്കുക" എന്ന് ബഹു. ചെയർമാൻ എക്സിക്യൂട്ടീവ് ഉത്തരവിടുകയാണ് ചെയ്തിട്ടുള്ളത് (നോട്ട് ഫയൽ പേജ് 2 ക്രമ നമ്പർ 5). ഇതിന്റെയടിസ്ഥാനത്തിൽ തിരൂർ നഗരസഭാ കൗൺസിലിന്റെ 2/5-9-2019 നമ്പർ തീരുമാന പ്രകാരം പ്രവൃത്തി 1,97,50,000 രൂപയുടെ ഭരണാനുമതി നൽകി ഏകപക്ഷീയമായി സിഡ്കോയെ ഏൽപ്പിക്കുകയാണ് ചെയ്തത്. എന്നാൽ ഈ യോഗത്തിൽ നഗരസഭാ സെക്രട്ടറി കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 49 ബി, സി എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം ഫയലിലെ നോട്ടിൽ പരാമർശിച്ച വിഷയം കൗൺസിൽ യോഗത്തിൽ അറിയിക്കുകയോ ഈ തീരുമാനത്തിനെതിരെ യാതൊരുവിധ പരാമർശവും നടത്തുകയോ എഞ്ചിനീയറിംഗ് വിംഗിന്റെ എസ്റ്റിമേറ്റ്, കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെടാൻ കൗൺസിലിൽ നിർദ്ദേശിക്കുകയോ തീരുമാനത്തിനെതിരെ യാതൊരുവിധ വിയോജനവും രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. ജി.ഒ(പി) നമ്പർ 311/14/ഫിൻ തീയതി 30-07-2014 പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ അനുബന്ധം 2 ലെ നിബന്ധനകൾ പ്രകാരം സ്ഥിരമായി എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത സർക്കാർ വകുപ്പുകൾക്ക്/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ അവരുടെ പ്രവർത്തികൾ ഡെപ്പോസിറ്റ് വർക്കായോ പി.എം.സി (Project Management Consultancy) ആയോ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്. എന്നാൽ നഗരസഭക്ക് പൂർണ്ണ സജ്ജമായ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരിക്കെ ടി പ്രവൃത്തി ടി.എം.സി ആയി സിഡ്കോയെ ഏൽപ്പിക്കുന്നത് അനുചിതമാണ് എന്ന് സെക്രട്ടറി യോഗത്തിൽ ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. എന്നാൽ സെക്രട്ടറി ഇപ്രകാരം ചെയ്തിട്ടില്ല. സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഈ അനാസ്ഥയാണ് എഞ്ചിനീയറിംഗ് വിഭാഗത്തെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് പ്രവൃത്തി സിഡ്കോയെ ഏകപക്ഷീയമായി വൻ തുകക്ക് ഏൽപ്പിക്കാൻ കാരണമായ തീരുമാനത്തിലെത്തിച്ചത്.

ഈ പ്രവൃത്തി അതിനുശേഷം മുനിസിപ്പൽ എഞ്ചിനീയറെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയാണ് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തി നടപ്പാക്കാനുള്ള നിർദ്ദേശം ലഭിച്ചപ്പോൾ മുനിസിപ്പൽ എഞ്ചിനീയർ ഈ പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് സഹിതം അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയെ ഏൽപ്പിക്കുന്നതിലെ അപാകത ചൂണ്ടിക്കാണിച്ച് പുനപരിശോധനക്കായി വിഷയം ശുപാർശ ചെയ്യുകയോ വിയോജനം രേഖപ്പെടുത്തുകയോ ചെയ്ത് രേഖാമൂലം കൗൺസിലിനെയോ സെക്രട്ടറിയെയോ അറിയിക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യാതെ നിർവ്വഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ പ്രവൃത്തി നടപ്പിലാക്കുകയാണ് ഉണ്ടായത്. ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് മേൽ നിർദ്ദേശം മുനിസിപ്പൽ സെക്രട്ടറി രേഖപ്പെടുത്തിയത് എന്നും മുനിസിപ്പൽ എഞ്ചിനീയർ ഈ പ്രവൃത്തിക്ക് എത്ര ചെലവ് വരും എന്നത് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 54/21-22 തീയതി 14-02-2023) നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ (A3-12794/20 Dated 8-3-2023) ഉള്ളടക്കം ചെയ്ത ടിയാളുടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരമേഖല കോഴിക്കോടിനുള്ള കത്തിൽ (AEE/TIR/GEN/1/2019 Dated 29-10-2019) ഇതിനായി തിരൂർ നഗരസഭാ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിയ എസ്റ്റിമേറ്റ് 1.64 കോടി രൂപയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഈ കത്തിൽ സിഡ്കോയെ ഏൽപ്പിച്ചാലുള്ള അധിക ബാധ്യതയെക്കുറിച്ചും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത് മുനിസിപ്പൽ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി സിഡ്കോയെ കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചതിന് ശേഷം മാസങ്ങൾ കഴിഞ്ഞാണ് ഈ കത്ത് അയച്ചിട്ടുള്ളത്. ഇതിൽ നിന്നും മുനിസിപ്പൽ എഞ്ചിനീയറും യാതൊരുവിധ വിയോജനവും രേഖാമൂലം കൗൺസിലിനെയോ, സെക്രട്ടറിയേയോ അറിയിക്കാതെ പ്രവൃത്തി നടപ്പാക്കുകയാണ് ഉണ്ടായത് എന്ന് വ്യക്തമാകുന്നു.

മുനിസിപ്പൽ സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ മേൽ പ്രസ്താവിച്ച ഗുരുതരമായ അനാസ്ഥകൾ മൂലമാണ് 1.64 കോടിക്ക് ചെയ്യാവുന്ന പ്രവൃത്തി ഏകപക്ഷീയമായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തെ പാടെ അവഗണിച്ച് സിഡ്കോയെ ഏൽപ്പിച്ച് 1,97,36,738 രൂപക്ക് നിർവ്വഹിച്ചത്. തെറ്റായ ഈ നടപടി മൂലം പ്രവൃത്തിയുടെ ചെലവ് ഇനത്തിൽ 33,36,738 രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചു. (സെന്റേജ് ചാർജ്ജിനത്തിൽ മാത്രം 13,55,658 രൂപ). പ്രസ്തുത നഷ്ടം മേൽ രേഖപ്പെടുത്തിയ കാരണങ്ങളാൽ തീരുമാന തീയതിയിലെ നഗരസഭാ സെക്രട്ടറി, വിയോജനം രേഖപ്പെടുത്താതെ നടപ്പാക്കിയ M.E എന്നിവരിൽ നിന്നും താഴെ ചേർത്ത പ്രകാരം ഈടാക്കേണ്ടതാണ്.

(1) 5/9/2019 തീയതിയിലെ സെക്രട്ടറി - 1668369/-രൂപ (ശ്രീ. എ.എസ്. നൈസാം - 26-08-18 To 31-10-19)

(2) നടപ്പാക്കിയ മുനിസിപ്പൽ എഞ്ചിനീയർ - 1668369/-രൂപ (ശ്രീമതി.രശ്മി. ആർ - 04-02-19 To 30-11-19)

നഗരസഭയുടെ ഉത്തമ താൽപര്യങ്ങൾക്ക വിരുദ്ധമായ ഇത്തരം നടപടികൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശനവും മാതൃകാപരവുമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

(2) കോറിഡോർ വികസനം - നിലവിലുള്ള ഡ്രൈനേജിന്റെ സൈഡ് വാൾ , സ്ലാബ് പൊളിച്ചു നീക്കൽ - 1,14,712 /- രൂപ അധികം നൽകി .

കോറിഡോർ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള ഡ്രൈനേജിന്റെയും മറ്റും സൈഡ്വാൾ, സ്ലാബുകൾ എന്നിവ പൊളിച്ചു നീക്കിയതിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ് അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ആയതിനായി മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതുമാണ്. സിമന്റ് കോൺക്രീറ്റിലുള്ള സൈഡ്വാൾ, സ്ലാബ് എന്നിവ പൊളിച്ചു നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2A പ്രകാരമുള്ള 555.99/$M^3$ നിരക്കും റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിലുള്ള സ്ലാബ്, സൈഡ്വാൾ എന്നിവ പൊളിച്ചു നീക്കുന്നതിന് 2.5.2B പ്രകാരമുള്ള 1035.90/ $M^3$ നിരക്കുമാണ് നൽകേണ്ടിയിരുന്നത്. കോറിഡോർ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പ്രവൃത്തികളും റോഡ്, ഡ്രൈനേജ് അനുബന്ധ പ്രവൃത്തികളാണ്. സിഡ്കോ ആദ്യം സമർപ്പിച്ച എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ റോഡ് നിർമ്മാണത്തിന് അനുവർത്തിച്ചു പോരുന്ന മോർഡ് സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് സമർപ്പിക്കാൻ 29-10-2019 ലെ PW2-1653/19 നമ്പർ കത്ത് പ്രകാരം തിരൂർ നഗരസഭ സിഡ്കോക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ നിന്ന് ഈ പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ തന്നെയാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാണ്. മേൽ കത്തിന്റെയടിസ്ഥാനത്തിൽ 13/11/2019 ലെ കെ.എസ്.സി.ഡി.എൻ/എബി/ജനറൽ നമ്പർ കത്ത് പ്രകാരം സിഡ്കോ പുതുക്കി സമർപ്പിച്ച എസ്റ്റിമേറ്റും പൂർണ്ണമായി മോർഡ് സ്പെസിഫിക്കേഷനിലായില്ല. ഇത് സംബന്ധിച്ച് മേൽ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സിഡ്കോ നൽകിയ മറുപടി നഗരസഭ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. 2016 ഡി.എസ്.ആർ പ്രകാരമാണ് എസ്റ്റിമേറ്റ് സമർപ്പിച്ചത് എന്നും ആയതിന് നഗരസഭ അംഗീകാരം നൽകിയിട്ടുണ്ടെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച മേൽ സൂചിപ്പിച്ച വിവരങ്ങൾക്ക് വിരുദ്ധമായ മറുപടിയാണ് സിഡ്കോ നൽകിയിരിക്കുന്നത്. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

അധിക തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | Appendix – E<br>വെജിറ്റബിൾ മാർക്കറ്റ്യാർഡ് കോൺക്രീറ്റ് | 5.04<br>9.958 $M^3$<br>എം ബുക്ക് നമ്പർ 03/2020<br>പേജ് - 44<br>സിമന്റ് കോൺക്രീറ്റ് | 13555.52<br>(9.958 X 1361.27) | 5536.54<br>(555.99 X 9.958) | 8018.98 |
| 2 | Appendix – A<br>മാർക്കറ്റ് റോഡ് | 1.01<br>12.241 $M^3$ | 16663.31<br>(12.241 X | 6805.87<br>(555.99 X | 9857.44 |

| | | | | | |
|---|---|---|---|---|---|
| | ഡ്രൈനേജ് നിർമ്മാണം | എം ബുക്ക് നമ്പർ 04/2020 പേജ് - 77 സിമന്റ് കോൺക്രീറ്റ് | 1361.27) | 12.241) | |
| 3 | Appendix – A മാർക്കറ്റ് റോഡ് ഡ്രൈനേജ് നിർമ്മാണം | 1.01 11.579 $M^3$ എം ബുക്ക് നമ്പർ 85/2021 പേജ് - 20 സിമന്റ് കോൺക്രീറ്റ് | 15762.145 (11.579 X 1361.27) | 6437.80 (555.99 X 11.579) | 9324.345 |
| 4 | Appendix (B) ഗൾഫ് മാർക്കറ്റ് റോഡ് മെച്ചപ്പെടുത്തൽ, ഡ്രൈനേജ് നിർമ്മാണം | 2.02 7.20 $M^3$ എം ബുക്ക് നമ്പർ 04/2020 പേജ് - 87 R.C.C | 14298.70 (7.20 X 1985.93) | 7458.48 (1035.90 X 7.20) | 6840.22 |
| 5 | Appendix (A) മാർക്കറ്റ് റോഡ് ഡ്രൈനേജ് നിർമ്മാണം | 1.05 2.04 $M^3$ എം ബുക്ക് നമ്പർ 04/2020 പേജ് - 80 R.C.C | 4766.23 (2.40 X 1985.93) | 2113.23 (1035.90 X 2.04) | 2653 |
| 6 | Appendix (A) മാർക്കറ്റ് റോഡ് ഡ്രൈനേജ് നിർമ്മാണം | 1.05 0.624 $M^3$ എം ബുക്ക് നമ്പർ 85/21 പേജ് - 22 R.C.C | 1239.22 (0.624 X 1985.93) | 646.40 (1035.90 X 0.624) | 592.82 |
| 7 | Appendix (G) സെൻട്രൽ ജംഗ്ഷൻ റോഡ് ടു ഫുട്ട് ഓവർ ബ്രിഡ്ജ് റോഡ് ആന്റ് ഡ്രൈൻസ് | Extra 3 77.39 $M^3$ എം ബുക്ക് നമ്പർ 85/202 പേജ് - 52 സിമന്റ് കോൺക്രീറ്റ് | 101127.83 77.39 X 1306.73 | 43028.06 (555.99 X 77.39) | 58099.77 |

ആകെ അധികം നൽകിയ തുക - 95386.57

Rounded To - 95387

GST 12% - 11446

സെന്റേജ് 7% - 6677

സെന്റേജ് ജി.എസ്.ടി 18% - 1202

ആകെ - 114712

അധികം നൽകിയ ആകെ തുക (ടാക്സുകൾ ഉടങ്ങിയവ ഉൾപ്പെടെയുള്ള) 1,14,712/- രൂപ സിഡ്കോയിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

(3) നീക്കം ചെയ്ത സ്ലാബുക ൾ ഉപയോഗപ്പെടുത്തിയില്ല . 83,920/- രൂപ അധികചെലവ്

കോറിഡോർ വികസനം പ്രവൃത്തിയുടെ ഭാഗമായി 92.24 $M^3$ പഴയ സ്ലാബുകൾ സ്റ്റേഡിയത്തിലേക്ക് നീക്കം ചെയ്തതായി പ്രസ്തുത പ്രവൃത്തിയുടെ എം ബുക്ക് പരിശോധനയിൽ കാണുന്നുണ്ട്. ഇതിനായി 1,65,933/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ സ്ലാബുകൾ ഈ പ്രവർത്തിയുടെ തന്നെ ഭാഗമായി ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. അപ്രകാരം ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് 14-02-2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 54/2021-22 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ സിഡ്കോ വ്യക്തമാക്കിയത് പഴയ സ്ലാബുകൾ വീണ്ടും ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു എന്നും അതിനാലാണ് നഗരസഭ നിർദ്ദേശിച്ച സ്ഥലത്ത് നിക്ഷേപിച്ചത് എന്നുമാണ് വ്യക്തമാക്കിയത്. കൂടാതെ 2016 ഡി.എസ്.ആർ പ്രകാരമുള്ള നിരക്കാണ് ഇതിന് കണക്കാക്കിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് എടുക്കേണ്ടിയിരുന്നത്. മാത്രമല്ല വീണ്ടും ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ മാത്രമേ ഉയർന്ന നിരക്ക് ചെലവ് ചെയ്ത് ഇവ നീക്കം ചെയ്യേണ്ട ആവശ്യമുള്ളൂ. അല്ലാത്ത പക്ഷം അവ ഡിമോളിഷ് ചെയ്താൽ മതിയായിരുന്നു. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ 1 $M^3$ ന് 1035.90 രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. (മോർഡ് സ്പെസിഫിക്കേഷൻ 2.5.2B) അപ്രകാരം ചെയ്തിരുന്നുവെങ്കിൽ 165333 രൂപക്ക് പകരം 95551 (92.24 X 1035.90) മാത്രം ചെലവ് ചെയ്താൽ മതിയാകുമായിരുന്നു. 69782/- രൂപ അധിക ചെലവ്. ജി.എസ്.ടി, സെന്റേജ് ചാർജ് 7%, സെന്റേജ് ചാർജിന്റെ 18% ജി.എസ്.ടി എന്നിവ ഉൾപ്പെടെ 83,920/- രൂപ അധിക ചെലവ് വന്നതോടൊപ്പം സ്റ്റേഡിയത്തിൽ സ്റ്റോക്ക് ചെയ്തതിനാൽ സ്റ്റേഡിയത്തിന്റെ ഉപയോഗത്തിന് അത് തടസ്സമാകുകയും ചെയ്യും. ആയതിനാൽ അധികം ചെലവ് ചെയ്ത ടാക്സുകൾ ഉൾപ്പെടെ 83,920/- രൂപ സിഡ്കോയിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നീക്കം ചെയ്ത സ്ലാബുകളുടെ വിവരവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക |
|---|---|---|---|
| 1 | Appendix – E<br>വെജിറ്റബിൾ മാർക്കറ്റ് യാർഡ് കോൺക്രീറ്റ് | 5.02<br>12.64 $M^3$<br>Conveying R.C.C Slab<br>എം ബുക്ക് 03/20<br>പേജ് 42 | 12.64 X 1798.93 = 22738.47 |
| 2 | Appendix – D<br>ഐറിഷ് ഡ്രെയിൻ<br>വെജിറ്റബിൾ മാർക്കറ്റ് മുതൽ മുട്ടക്കാരൻ ഇടവഴി | 4.01<br>13.52 $M^3$<br>Conveying R.C.C Slab<br>എം ബുക്ക് 04/20<br>പേജ് 52 | 13.52 X 1798.93 = 24321.53 |
| 3 | Appendix – B<br>ഗൾഫ് മാർക്കറ്റ് റോഡ് മെച്ചപ്പെടുത്തൽ | 2.03<br>21.60 $M^3$<br>Conveying R.C.C Slab<br>എം ബുക്ക് 04/20, പേജ് 88 | 21.60 X 1798.93 = 38856.89 |

| | | | |
|---|---|---|---|
| 4 | Appendix (G)<br>സെൻട്രൽ ജംഗ്ഷൻ റോഡ് ടു ഫുട്ട് ഓവർ ബ്രിഡ്ജ് | Extra 1<br>Conveying R.C.C Slab<br>30.56 $M^3$<br>എം ബുക്ക് 85/21<br>പേജ് 50 | 30.56 X 1798.93 = 54975.30 |
| 5 | Appendix (A)<br>മാർക്കറ്റ് റോഡ് ഡ്രൈനേജ് നിർമ്മാണം | 1.04<br>13.92 $M^3$<br>Conveying R.C.C Slab<br>എം ബുക്ക് 04/20<br>പേജ് 79 | 13.92 X 1798.93 = 25041.106 |
| | | ആകെ തുക | 1,65,933.296 |

Rounded To = 1,65,333

========

മേൽ പ്രകാരം അധികം ചെലവ് ചെയ്ത തുകകൾ സിഡ്കോയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര്: അങ്കൺവാടി അനുപൂരക പോഷകാഹാരം

പ്രോജക്ട് നമ്പർ 18/2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ - സക്കീന കുന്നത്ത്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക: 75,00,000

ബിൽ നമ്പർ 1/2021-22 തീയതി 29-06-21, ബിൽ തുക – 23,90,394

ബിൽ നമ്പർ 2/2021-22 തീയതി 03-09-21, ബിൽ തുക – 18,35,281

ബിൽ നമ്പർ 4/2021-22 തീയതി 26-10-21, ബിൽ തുക – 6,51,965

ബിൽ നമ്പർ 5/2021-22 തീയതി 20-11-21, ബിൽ തുക – 1,22,360

ചെക്ക് നമ്പർ 79961, 79962 തീയതി 21-12-21, ബിൽ തുക – 6,89,645

ചെക്ക് നമ്പർ 79963, 79964 തീയതി 13-01-22, ബിൽ തുക – 5,41,075

ചെക്ക് നമ്പർ 79965, 79966 തീയതി 02-02-22, ബിൽ തുക – 11,32,790

ചെക്ക് നമ്പർ 79967തീയതി 04-03-22, ബിൽ തുക – 1,36,490

ചെലവ് : 75,00,000/-

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ (പ്രോജക്ട് നമ്പർ 18/2021-22) ആകെ ചെലവ് തുകയാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് (ഇതിൽ ന്യൂട്രിമിക്സ്, അരി, ഗോതമ്പ് തുടങ്ങിയവയുടെ ചെലവ് ഉൾപ്പെടുന്നു). ഇതിൽ ന്യൂട്രിമിക്സ് പർച്ചേസുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തി.

1. പദ്ധതി പ്രകാരം വിജയ് ആൻഡ് ഓജസ്സി (ചേലേമ്പ്ര), അന്നപൂർണ്ണ (കണ്ണമംഗലം), ചൈതന്യം (പെരുമ്പടപ്പ്), സമൃദ്ധം (കുറുവ) എന്നീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്ന് അമൃതം, ഗ്രാവിപ്രോ, ന്യൂട്രിമാം എന്നീ അനുപൂരക പോഷകാഹാരങ്ങൾ 5% ജി.എസ്.ടി അടക്കമുള്ള (2.5%, CGST, 2.5% SGST) തുക നൽകിക്കൊണ്ട് വാങ്ങിയിട്ടുണ്ട്. ഓരോ യൂണിറ്റിൽ നിന്നും കരാർ പ്രകാരം 2.5 ലക്ഷത്തിലധികം വില വരുന്ന പോഷകാഹാരം 5% GST തുക പൂർണ്ണമായും യൂണിറ്റുകൾക്ക് നൽകിക്കൊണ്ട് വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

ചൈതന്യം ന്യൂട്രിമിക്സ് യൂണിറ്റ്

| Sl. No. | Invoice No. & Date | Kg | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Treasury Bill No./ Cheque No. |
|---|---|---|---|---|---|---|---|---|---|
| 1 | 4/2021-22 | 3675 | 70 | 257250 | 1837.5 | 6431.25 | 6431.5 | 271950 | 01/2021-22 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 03/04/21 | | | | | | | | |
| 2 | 6/2021-22<br>05/05/21 | 3300 | 70 | 231000 | 1650 | 5775 | 5775 | 244200 | 01/2021-22 |
| 3 | 23/2021-22<br>17/06/21 | 3630 | 70 | 254100 | 1815 | 6352.5 | 6352.5 | 268620 | 01/2021-22 |
| 4 | 40/2021-22<br>19/07/2021 | 3840 | 70 | 268800 | 1920 | 6720 | 6720 | 284160 | 02/2021-22 |
| 5 | 60/2021-22<br>18/08/2021 | 4554 | 70 | 318780 | 1277 | 7969.5 | 7969.5 | 336996 | 02/2021-22 |
| 6 | 76/2021-22 | 3505 | 70 | 245350 | 1752.5 | 6133.75 | 6133.75 | 259370 | 04/2021-22 |
| 7 | 88/2021-22<br>29/10/2021 | 3400 | 70 | 238000 | 1700 | 5950 | 5950 | 251600 | 79961, 79962 |
| 8 | 104/2021-22 | 3158 | 70 | 221060 | 1579 | 5526.5 | 5526.5 | 233692 | 79963, 79964 |
| 9 | 114/2021-22<br>24/12/2021 | 2955.5 | 70 | 206885 | 1477.75 | 5172.125 | 5172.125 | 218707 | 79965, 79966 |
| 10 | 135/2021-22 | 3467.5 | 70 | 242725 | 1733.75 | 6068.125 | 6068.125 | 136490 | 79967 |
| | Total | | | 2483950 | | | | | |

വിജയ് ആൻഡ് ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ്

| Sl No. | Invoice No. & Date | Kg | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Treasury Bill No./ Cheque No. |
|---|---|---|---|---|---|---|---|---|---|
| 1 | 12<br>20/05/21 | 550 | 325 | 178750 | | 4468.75 | 4468.75 | 187688 | 01/2021-22 |
| 2 | 53<br>23/09/2021 | 332 | 325 | 107900 | | 2697.5 | 2697.5 | 113295 | 04/2021-22 |
| 3 | 60<br>08/10/2021 | 332 | 325 | 107900 | | 2697.5 | 2697.5 | 113295 | 04/2021-22 |
| 4 | 73<br>29/11/2021 | 393 | 250 | 98250 | | 2456.25 | 2456.25 | 103162 | 79963, 79964 |
| | Total | | | 492800 | | | | | |

അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്

| Sl. No. | Invoice No. & Date | Kg | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Treasury Bill No./ Cheque No. |
|---|---|---|---|---|---|---|---|---|---|
| 1 | 17<br>31/05/21 | 520 | 300 | 156000 | | 3900 | 3900 | 163800 | 01/2021-22 |
| 2 | 27<br>23/04/21 | 493 | 300 | 147900 | | 3697 | 3697 | 155294 | 01/2021-22 |
| | Total | | | 303900 | | | | | |

സമൃദ്ധം ന്യൂട്രിമിക്സ് യൂണിറ്റ്

| Sl. No. | Invoice No. & Date | Kg | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Treasury Bill No./ Cheque No. |
|---|---|---|---|---|---|---|---|---|---|
| 1 | 134<br>29/07/21 | 534 | 300 | 160200 | | 4005 | 4005 | 168210 | 02/2021-22 |
| 2 | 129<br>28/06/21 | 498 | 300 | 149400 | | 3735 | 3735 | 156870 | 02/2021-22 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | 187<br>27/08/2021 | 527 | 300 | 158100 | | 3952.5 | 3952.5 | 166005 | 04/2021-22 |
| 4 | 195<br>01/10/2021 | 516 | 300 | 154800 | | 3870 | 3870 | 162540 | 79961, 79962 |
| 5 | 147<br>27/11/2021 | 391 | 250 | 97750 | | 2443.75 | 2443.75 | 102637 | 79963, 79964 |
| 6 | 141<br>30/10/2021 | 338 | 300 | 101400 | | 2535 | 2535 | 106470 | 79963, 79964 |
| 7 | 206<br>27/12/2021 | 359 | 238.10 | 85477.90 | | 2136.9 | 2136.9 | 89751.80 | 79965, 79966 |
| | Total | | | 907127.9 | | | | | |

CGST Act 2017, SGST Act 2017 എന്നീ നിയമങ്ങളിലെ സെക്ഷൻ 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST, SGST TDS ഇനത്തിൽ 1% വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവ് വരുത്താൻ സംസ്ഥാന സർക്കാർ/തദ്ദേശ സ്ഥാപനങ്ങൾ/സർക്കാർ ഏജൻസികൾ തുടങ്ങിയവർ ബാധ്യസ്ഥരാണ്.

എന്നാൽ മേൽപ്പറഞ്ഞ യൂണിറ്റുകൾക്ക് കരാർ പ്രകാരം നൽകിയ മൊത്തം ബിൽ തുകകൾ 2.5 ലക്ഷത്തിൽ അധികരിച്ചിരിക്കെ ഈ യൂണിറ്റുകളുടെ ബിൽ തുകകളിന്മേൽ (കടത്തുകൂലിയും നികുതികളും കുറച്ച തുക) TDS പിടിക്കാത്തതിന്റെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 13/21-22, തീയതി: 03.09.22) നൽകിയിരുന്നു. GST-TDS നെപ്പറ്റിയുള്ള അറിവില്ലായ്മയാണ് CGST, SGST TDS ബില്ലുകളിൽ നിന്ന് കുറവ് വരുത്താത്തതിന്റെ കാരണമെന്നാണ് ICDS സൂപ്പർവൈസർ എൻക്വയറിക്ക് മറുപടി നൽകിയത്.

പ്രസ്തുത ബില്ലുകളിന്മേലുള്ള GST തുകകൾ അതാത് കമ്പനികൾ GST വകുപ്പിൽ അടച്ചതിന്റെ രേഖകളും എൻക്വയറിക്കുള്ള മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ടി രേഖകൾ പരിശോധിച്ചതിൽ നിന്നും GST ഇനത്തിൽ സർക്കാരിന് നഷ്ടം വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പക്ഷെ CGST Act 2017, SGST Act 2017 നിയമങ്ങൾപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ പിടിക്കേണ്ട GST-TDS പിടിച്ചിട്ടില്ല എന്നത് പദ്ധതി നിർവ്വഹിച്ച ഉദ്യോഗസ്ഥയുടെ തികഞ്ഞ അനാസ്ഥയാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08-09-2020 ലെ ഡി.എ.1/87/2019/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും GST-TDS രജിസ്ട്രേഷൻ എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിയമത്തെപ്പറ്റിയുള്ള അറിവില്ലായ്മ എന്നത് തൃപ്തികരമായ വിശദീകരണമല്ല. GST-TDS രജിസ്ട്രേഷൻ എടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-52 വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 1,90,000 രൂപ നിരാകരിക്കുന്നു

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം (പ്രോജക്ട് നമ്പർ 189/2021-22) നഗരസഭാ വിഹിതമായി 38 വാർഡുകൾക്ക് 5000 രൂപ വീതം മൊത്തം 1,90,000 രൂപ വാർഡ് സാനിട്ടേഷൻ കമ്മിറ്റികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ ജോയിന്റ് ബാങ്ക് അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചതിന്റെയോ പൂർത്തീകരിച്ചതിന്റേയോ യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ചെലവ് തുകയായ 1,90,000/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-53 കിഡ്നി രോഗികൾക്ക് മരുന്ന് ലഭ്യമാക്കിയില്ല - 99,992/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കിഡ്നി രോഗികൾക്ക് മരുന്ന് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| അടങ്കൽ തുക | 1,00,000<br>ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് (CFC Basic Grant) |
| ബിൽ/ചെക്ക്/വൌച്ചർ വിവരങ്ങൾ | PFMS നമ്പർ C032244805689 വൌച്ചർ നം. 22101450, തീയതി 19-03-22,<br>ബിൽ തുക - 99,992<br>ആകെ ചെലവ് : 99,992/- |
| പ്രോജക്റ്റ് നമ്പർ | SO 197/2021-22 |

നഗരസഭയിലെ സ്ഥിരതാമസക്കാരായ കിഡ്നി രോഗികൾക്ക് സൌജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്ക് (പ്രോജക്റ്റ് നമ്പർ SO 197/2021-22) 99,992 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (KMSCL) ബാങ്ക് അക്കൌണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തി.

1. മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തി : 16.03.22ലെ H3-19295 ഫയൽ നം. പ്രകാരം KMSCL മാനേജിംഗ് ഡയറക്ടർക്ക് നൽകിയ സപ്ലൈ ഓർഡർ പ്രകാരം സപ്ലൈ ഓർഡർ കൈപ്പറ്റി 7 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കണമെന്ന് KMSCLനെ അറിയിച്ചിരുന്നു. എന്നാൽ മരുന്നുകളുടെ ആദ്യ ബാച്ച് ലഭ്യമാക്കിയത് ആറ് മാസങ്ങൾക്ക് ശേഷം 21.09.22നാണ്.
2. മുൻകൂർ തുക നൽകിയിട്ടും മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല : വൌച്ചർ നം. 22101450/19.03.22 പ്രകാരം മരുന്ന് വാങ്ങാൻ KMSCLന് 99,992/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിൽ കാണുന്ന ഇൻവോയിസുകൾ (ഇൻവോയിസ് നം. 17427 തീയതി: 21.09.22 തുക: 18,749/-, ഇൻവോയിസ് നം. 17430 തീയതി: 21.09.22 തുക: 10,662/-, ഇൻവോയിസ് നം. 18312 തീയതി: 30.09.22 തുക: 4,401/-, ഇൻവോയിസ് നം. 31094 തീയതി: 26.01.23 തുക: 28,694/-) പ്രകാരം ആകെ 62,506 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 37,486/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.
3. സപ്ലൈ ഓർഡർ പ്രകാരമുള്ള മരുന്നുകളല്ല ലഭ്യമാക്കിയത് : 16.03.22ലെ H3-19295 ഫയൽ നം. പ്രകാരം KMSCL മാനേജിംഗ് ഡയറക്ടർക്ക് നൽകിയ സപ്ലൈ ഓർഡർ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള മരുന്നുകൾ മാത്രമല്ല KMSCL വിതരണം ചെയ്തിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു:

| Invoice No. | Item Number | Product's Name | Unit Price (Without Tax) | Qty | Total Price |
|---|---|---|---|---|---|
| 17427 | 14 | Candid Mouth Paint 25 | 107.48 | 3 | 322.44 |
| 17427 | 23 | Human Actrapid 40 IU | 117.78 | 4 | 471.12 |
| 17427 | 24 | Lantus Catridge | 613.6 | 2 | 1227.2 |
| 17427 | 28 | Human Mixtard 30/70 | 117.77 | 4 | 471.12 |
| 17430 | 17 | Mixtard 30 HM Penfil | 262.16 | 2 | 524.32 |

| | | | | | |
|---|---|---|---|---|---|
| 17430 | 21 | Novorapid Penfill | 578.55 | 1 | 578.55 |
| 17430 | 22 | Novorapid Penfill | 578.55 | 4 | 2314.2 |
| | | | Total | | 5909 |

ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ഫാത്തിമത്ത് സജ്ന എന്നവരുടെ നേതൃത്വത്തിൽ 06.06.2022ൽ കിഡ്നി രോഗികളുമായി നടന്ന മീറ്റിംഗിൽ കാരുണ്യയിൽ നിന്നും ലഭിച്ച മരുന്നുകളിൽ പലതും കിഡ്നി രോഗികൾക്ക് കഴിക്കാൻ പറ്റാത്തവയാണെന്ന് പരാതി പറഞ്ഞിട്ടുണ്ട്. നഗരസഭ നൽകിയ സപ്ലൈ ഓർഡറിനും, 17.03.2022 തീയതിയിലെ KMSCLന്റെ പ്രൊഫോർമ ഇൻവോയിസിനും (നം. PRF7032) വിരുദ്ധമായികൊണ്ടാണ് മരുന്നുകൾ നഗരസഭക്ക് വിതരണം ചെയ്തിട്ടുള്ളത്. ആവശ്യപ്പെടാത്ത മരുന്നുകൾ KMSCL നൽകിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചതിനും, എന്ത് ചെയ്തു എന്നതു സംബന്ധിച്ചും ഒരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

4. ഉപയോഗശൂന്യമായ മരുന്നുകൾ മാറ്റിവാങ്ങിയതിന്റെ രേഖകൾ ലഭ്യമല്ല : മേൽ മീറ്റിംഗിലെ തീരുമാനപ്രകാരം ഉപയോഗിക്കാൻ പറ്റാത്ത മരുന്നുകൾ മാറ്റി വാങ്ങുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇത്തരം ഉപയോഗശൂന്യമായ മരുന്നുകൾ മാറ്റിവാങ്ങിയതിന്റെ സപ്ലൈ ഓർഡറോ, ബില്ലുകളോ മറ്റു രേഖകളോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 24/2021-22 തീയതി: 15.11.2022) നൽകിയിരുന്നെങ്കിലും മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. ഇത്രയും ഗൌരവമായ ഒരു പദ്ധതി വളരെ നിരുത്തരവാദപരമായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്തിട്ടുള്ളത്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 99,992/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-54 മുനിസിപ്പൽ ബസ് സ്റ്റാന്റിലെ ട്രാസ്ഫോർമർ മാറ്റി സ്ഥാപിച്ചതിലെ അപാകതകൾ

| | |
|---|---|
| ഫയൽ നമ്പർ | PW1 - 14146/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക | 1,88,435/- |
| ബിൽ/ചെക്ക്/വൌച്ചർ വിവരങ്ങൾ | ചെക്ക് നമ്പർ 326045 തീയതി 10.06.2021 |

നഗരസഭ ബസ് സ്റ്റാന്റിന് സമീപമുള്ള KSEB ട്രാൻസ്ഫോർമർ (മസ്ജിദ് ട്രാൻസ്ഫോർമർ) അപകടാവസ്ഥ കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കുന്നതിനായി KSEB തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയറെ അറിയിച്ചതിനെ തുടർന്ന് 1,88,435/- രൂപയുടെ എസ്റ്റിമേറ്റ് നം. DB/ES/TE/20-21/63, തീ: 02.02.2021 ലഭ്യമാക്കുകയുണ്ടായി. ഈ പ്രവൃത്തി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടായ SO-91/21ൽ (ട്രാൻസ്ഫോമർ മാറ്റിവെയ്ക്കൽ, കേബിളിംഗ്, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയിൽ 1,18,822/- രൂപ പ്രോജക്ട് പ്രകാരവും ബാക്കി 69,613/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ ഇപ്രകാരം വെബ് സാംഖ്യയിൽ പേയ്മെന്റ് നടത്താൻ റിക്വിസിഷൻ നല്കിയപ്പോൾ ഈ പ്രോജക്ട് പ്രകാരമുള്ള തുക മറ്റൊരു പ്രവൃത്തിക്ക് ചെലവഴിച്ചതായി മനസ്സിലാകുകയും, ഇതിനെ തുടർന്ന് മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി നഗരസഭ ചെയർപേഴ്സൺ നോട്ട് ഫയലിൽ എക്സിക്യൂട്ടീവ് ഉത്തരവ് രേഖപ്പെടുത്തുകയും ചെയ്തു. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഈയിനത്തിൽ വകയിരുത്തിയ തുക പ്രോജക്ട് തയ്യാറാക്കി നഗരസഭാ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടണമെന്ന നിബന്ധനയിന്മേലാണ് മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്ന് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനെത്തുടർന്ന് എസ്റ്റിമേറ്റ് തുകയായ 1,88,435/- രൂപ തനത് ഫണ്ടിൽ നിന്നും 10.06.2021 തീയ്യതിയിലെ 326045 നമ്പർ ചെക്ക് മുഖേന കൈമാറിയിട്ടുള്ളതും ഈ വിവരം KSEB അസി. എഞ്ചിനീയറെ 11.06.2021 തീയ്യതിയിലെ പി.ഡബ്ലിയു.1-14146/20 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. നഗരസഭ ചെയർപേഴ്സന്റെ എക്സിക്യൂട്ടീവ് ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തുകയായ 1,88,435/- രൂപ മുഴുവനായും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് കൗൺസിൽ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. 2021-22 വാർഷികപദ്ധതിയിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക പ്രോജക്ട് തയ്യാറാക്കി തനത് ഫണ്ടിലേക്ക്

മുതൽക്കൂട്ടാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിലാണ് അടിയന്തിരസ്വഭാവമുള്ള പ്രവൃത്തിയായതിനാൽ മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നും തൽക്കാലം അടവാക്കിയത് എന്ന് ഫയലിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് പ്ലാനിങ്ങ് സെക്ഷനിലേയ്ക്ക് 09.06.2021ന് PW1-14146/20 നമ്പർ കുറിപ്പ് സെക്രട്ടറി നൽകിയതല്ലാതെ പിന്നീട് യാതൊരു നടപടികളും ഇക്കാര്യത്തിൽ ഉണ്ടായതായോ തനത് ഫണ്ടിലേയ്ക്ക് തുക മുതൽക്കൂട്ടിയിട്ടുള്ളതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 04/2021-22, തീയതി: 13.07.22) നൽകിയിരുന്നു. 15.07.22ൽ ലഭ്യമാക്കിയ മറുപടിപ്രകാരം പദ്ധതിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്താണ് തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭ ചെയർപേഴ്സൺ എക്സിക്യൂട്ടീവ് ഉത്തരവ് നൽകിയിട്ടുള്ളത്. നഗരസഭ ചെയറിന്റെ ടി അനുമതി കൌൺസിൽ തീരുമാനത്തിനായി അജണ്ട തയ്യാറാക്കി സാധൂകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. ടി വിഷയത്തിലെടുക്കുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നാളിതുവരെ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനത്ഫണ്ടിൽ നിന്ന് ചെലവായ തുക ആയതിലേക്ക് മുതൽക്കൂട്ടുന്നതാണ് , ഇതിനു വേണ്ടി പ്ലാനിംഗ് വിഭാഗത്തിന് നിർദേശം രേഖാമൂലം നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നഗരസഭ ലഭ്യമാക്കിയിട്ടുള്ളത്. ഇതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 ഗ്യാസ് ക്രിമറ്റോറിയം - പരിപാലനവും നടത്തിപ്പും അപാകതകൾ-3896/- രൂപ നഷ്ടം

ഫയൽ നമ്പർ. H3-9319/18

വൗച്ചർ നമ്പർ 22100918/18-12-2021 - 1,16,911/- (ചെക്ക് നമ്പർ 559763/18-12-2021)

നഗരസഭ വക ഗ്യാസ് ക്രിമറ്റോറിയത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ഗ്യാസ് സിലിണ്ടറുകൾ വാങ്ങുന്നതിനാണ് മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. മേൽ വൗച്ചർ പ്രകാരം പ്രകാശ് ഗ്യാസ് ഏജൻസിയുടെ വിവധ ഇൻവോയ്സുകൽക്ക് തുക നൽകിയതിൽ ഇൻവോയ്സ് നമ്പർ 2797826/6-11-2021, പ്രകാരം 6 സിലിണ്ടറുകൾക്ക് 11,690/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗ്യാസ് ക്രിമിറ്റോറിയം സൂക്ഷിപ്പുകാരൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ടി ഇൻവോയ്സ് പ്രകാരം 4 സിലിണ്ടറുകൾ ലഭിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഇനത്തിൽ 2 സിലിണ്ടറുകൾക്ക് 3896/- രൂപ അധികം നൽകിയതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചുട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

2. സ്റ്റോക്കുകളുടെ വാർഷിക പരിശോധന നടത്തിയിട്ടില്ല. മാത്രുവുമല്ല സ്റ്റോക്ക് രജിസ്റ്റർ ബന്ധപ്പെട്ട ജെ.എച്ച്.ഐ.കാണുകയോ യാതൊരുവിധ സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്യുന്നില്ല.

3. ഗ്യാസ് ക്രിമിറ്റോറിയം സൂക്ഷിപ്പുകാരൻ പരിപാലിക്കുന്ന സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിൽ മാസാന്ത്യ/വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-56 സാംസ്കാരിക സമുച്ചയത്തിൽ സോളാർ പാനൽ, മൈക്ക് സിസ്റ്റം സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | സാംസ്കാരിക സമുച്ചയത്തിൽ, സോളാർ പാനൽ, മൈക്ക് സിസ്റ്റം സ്ഥാപിക്കൽ(SO29/21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റൻറ് എഞ്ചിനീയർ |
| അടങ്കൽ | 377911/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് (മുൻവർഷത്തെ) | (BRN 19150547004501555411/19.03.2020 Rs. 280851/-<br>(പാർട്ട് ബിൽ) |

| | |
|---|---|
| | BRN 19150547004501662892/31.03.2020 Rs. 97060/-)<br>ആകെ 377911/- |
| ഫയൽ നം. | പി.ഡബ്ല്യു1-20849/18 |

(29.06.2021 തിയ്യതിയിലെ 14-ാം നമ്പർ കൌൺസിൽ തീരുമാ നം)

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രൊജക്റ്റ് ( SO.147/19 ) സ്പിൽ ഓവറായി 2020-21 സാമ്പത്തിക വർഷം മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രൊജക്റ്റ് നം SO29/21) നിർവ്വഹണം നടത്തിയത്. സാംസ്കാരിക സമുച്ചയത്തിൽ, സോളാർ പാനൽ, മൈക്ക് സിസ്റ്റം സ്ഥാപിക്കുന്നതിന് 377911/-രൂപയായിരുന്ന അടങ്കലായി വകയിരുത്തിയിരുന്നത്. 2020-21 സാമ്പത്തിക വർഷം സോളാർ പാനൽ സ്ഥാപിക്കുന്നതിന് 280851/-രൂപയും മൈക്ക് സിസ്റ്റം സ്ഥാപിക്കുന്നതിന് 97060/-രൂപയും ഉൾപ്പെടെ ആകെ 377911/-രൂപ ചെലവഴിക്കുയും ചെയ്തു.

29.06.2021 തിയ്യതിയിലെ 14-ാം നമ്പർ കൌൺസിൽ തീരുമാനത്തിൽ മൈക്ക് സിസ്റ്റം സ്ഥാപിച്ചതിന് ലാൽ സൺസ് ഇലക്ട്രോണിക്സിന് 97060/-രൂപയും സോളാർ പാനൽ സ്ഥാപിച്ചതിന് സൌര എനർജി സൊലൂഷൻസിന് പാർട്ട് ബില്ലായി 280851/-രൂപയും നല്കിയതിനാൽ (ആകെ 377911/-രൂപ) പദ്ധതി പ്രകാരമുള്ള തുക അവശേഷിക്കാത്തതിനാൽ സൌര എനർജി സൊലൂഷൻസിന് നല്കാനുള്ള ബാലൻസ് തുകയായ 70213/-രൂപ ( സോളാർ പാനൽ സ്ഥാപിക്കുന്നതിന് ചെലവായ തുക 351064/-രൂപ, പാർട്ട് ബില്ലായി നല്കിയ തുക 280851/-) തനതു ഫണ്ടിൽ നിന്നും നല്കാൻ കൌൺസിൽ തീരുമാനമെടുത്തായി കാണുന്നു. എന്നാൽ പദ്ധതി സ്പിൽ ഓവർ പ്രൊജക്ടായി അംഗീകരിച്ചിട്ടില്ല.

പ്രൊജക്ടിന്റെ പരിശോധനയിൽ താഴെകൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

01. പി.ഡബ്ല്യു1-20849/18 തിയ്യതി 12.02.2019 പ്രകാരം ചന്ദ്രിക ദിനപത്രം, മലപ്പുറം-ത്തിൽ ടെണ്ടർ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നഗരസഭ കത്ത് നല്കിയിട്ടുണ്ട്. എന്നാൽ പത്രപ്പരസ്യമോ പരസ്യം നല്കിയതിന് ദിനപത്രത്തിന് നല്കിയ പരസ്യ ചാർജ്ജോ സംബന്ധിച്ച വിവരം ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

02. പി.ഡബ്ല്യു1-20849/18 തിയ്യതി 12.02.2019 പ്രകാരം 2018-19ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നഗരസഭാ വക സാസ്കാരിക സമുച്ചയത്തിൽ 5 കെ.വി. സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രവർത്തിക്കായി ടെണ്ടറുകൾ ക്ഷണിച്ചതായയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതായും 26.12.2019ലെ ഓഫീസ് നോട്ട്സിൽ പറയുന്നുണ്ട്. ലഭിച്ച ടെണ്ടറിൽ കുറവ് രേഖപ്പെടുത്തിയ Soura Natural Energy Solutions Pvt.Ltd, Thrissur(ക്വോട്ട് ചെയ്ത തുക 351064/-) പദ്ധതി നിർവ്വഹണത്തിന് തെരഞ്ഞെടുക്കുയും ചെയ്തു. (കൌൺസിൽ തീരുമാനം ഫയലിൽ നിന്നും ലഭ്യമല്ല.)

01. Soura Natural Energy Solutions Pvt.Ltd, Thrissurക്വോട്ട് ചെയ്ത തുക 351064/-

02. Nestro Marketing LLP Tirur ക്വോട്ട് ചെയ്ത തുക 398500/-

03. Solgen Energy Pvt, Ltd. ക്വോട്ട് ചെയ്ത തുക 359500/-

04. Raidco Kerala Ltd,Kannur ക്വോട്ട് ചെയ്ത തുക 381980/-
മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡർ ഡോക്യുമെന്റ് പരിശോധനയ്ക്ക് ലഭ്യമല്ലാത്തതിനാൽ സ്ഥാപനങ്ങൾ ടെണ്ടറിൽ ക്വോട്ട് ചെയ്ത തുകകളുടെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. 05.03.2019തിയ്യതിയിൽ നഗരസഭയെ പ്രതിനിധീകരിച്ച് ശ്രീ. അമൽ കെ സജീവ്, അസി.എഞ്ചിനീയറും, സൌര നാച്ചറൽ എനർജി സൊലൂഷൻസ് കമ്പനിയെ പ്രതിനിധീകരിച്ച് ഡയറക്ടറും തമ്മിലുണ്ടാക്കിയ അഗ്രിമെന്റ് പ്രകാരം(05.03.2019തിയ്യതിയിൽ വച്ച കരാറിൽ 5 വർഷത്തെ വാറന്റിയും 6മാസം കൂടുമ്പോൾ ഉള്ള പിരിയോഡിക്കൽ വിസിറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. ) 351064/-രൂപയുടെ സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിലെ ഒരു ഘടകമായ സാംസ്കാരിക സമുച്ചയത്തിൽ മൈക്ക് സെറ്റ് സ്ഥാപിക്കാൻ ഒരു ലക്ഷത്തിനുള്ളിൽ ക്വട്ടേഷൻ വിളിക്കുകയും ആയതിന് കരാർ ലഭിച്ച ലാൽസൺസ് ഇലക്ട്രോണിക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 97060/-രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും മേൽ തുക മുകളിൽ രേഖപ്പെടുത്തിയ പട്ടിക പ്രകാരം നല്കുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രൊജക്ടു പ്രകാരം അവശേഷിക്കുന്ന തുക 377911-97060=280851/-രൂപ മാത്രമായിരിക്കേ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വേണ്ടി സൌര നാച്ചറൽ ഏജൻസിയുമായി 05.03.2019ന് മുനിസിപ്പൽ അസി.എഞ്ചിനീർ മേൽ രേഖപ്പെടുത്തിയ പ്രകാരം അധികരിച്ച തുകയായ 351064/-രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടത് ക്രമപ്രകാരമല്ലെന്ന് കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ തെറ്റായ

നടപടിയാണ് അധിക തുകയായ 70213/-രൂപ നല്കേണ്ട ബാദ്ധ്യത ഉണ്ടാക്കിയതെന്ന് വ്യക്തമാകുന്നത്.

2020-21ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ പ്രൊജക്ടിൽ വകയിരുത്താത്ത അധികരിച്ച തുക നല്കുന്നതിന് 2021-22 വർഷത്തിൽ യാതൊരു വിധ സ്പിൽ ഓവർ പ്രൊജക്ടും തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ തനത് ഫണ്ടിൽ നിന്നും 70213/-രൂപ അനുവദിച്ച് നല്കാൻ എടുത്ത 14/29.06.2021നമ്പർ മുനിസിപ്പൽ തീരുമാനം ഇതുപ്രകാരം ക്രമത്തിലല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്ടിൽ വകയിരുത്താത്ത തുകയ്ക്ക് എഗ്രിമെന്റ് സ്ഥാപനവുമായി ചമച്ച സാഹചര്യത്തിൽ ബാക്കി തുക നല്കുന്നത് മുനിസിപ്പാലിറ്റിയുടെ നിയമപരമായ ബാദ്ധ്യത ആണ് എന്നതിനാൽ അധികരിച്ച തുക തെറ്റായി കരാർ ചമച്ച അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കി നല്കുകയോ അതിന് സാധിക്കാത്ത സാഹചര്യത്തിൽ മാത്രം സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി (ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി) നല്കുകയോ ചെയ്യേണ്ടതാണ്.

04. സാസ്കാരിക സമുച്ചയത്തിന്റെ കെട്ടിടത്തിന്റെ മുകളിലാണ് 5KWP സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കാൻ ക്വട്ടേഷൻ ക്ഷണിച്ചത് . എന്നാൽ സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കാൻ കരാർ ലഭിച്ച Soura Natural Energy Solutions ന്റെ SNES/TMP/0019/2019-20 തിയ്യതി 24.09.2019 കത്ത് പ്രകാരം മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയറിംഗ് വിഭാഗവും സോളാർ കമ്പനിയെ പ്രതിനിധീകരിച്ച് വന്ന എഞ്ചിനീയറും സംയുക്ത പരിശോധനയിൽ മേൽ കെട്ടിടം കാലപ്പഴക്കവും ബലക്ഷയവും കാരണം സോളാർ പാനൽ സ്ഥാപിക്കാൻ അനുയോജ്യമല്ലെന്നും മുനിസിപ്പാലിറ്റുടെ കീഴിലുള്ള പകൽ വീട് കെട്ടിടത്തിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് അതിൽ നിന്നും ഉദ്പാദിപ്പിക്കുന്ന വൈദ്യുതി മുനിസ്സിപ്പാലിറ്റിയുടെ സാസ്കാരിക സമുച്ചയം കെട്ടിടത്തിൽ വിതരണം ചെയ്യുവാനും അനുമതി നല്കണമെന്ന കമ്പനിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ പി.ഡബ്ലിയു1-20849/18 തിയ്യതി 24.09.2019 കത്ത് പ്രകാരം പകൽ വീട് എന്ന കെട്ടിടത്തിന്റെ മുകളിൽ സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നല്കുകയും ചെയ്തു. പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മുമ്പ് ശരിയായ മുന്നൊരുക്കവും പരിശോധന യും നടത്തിയിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

05. 17.03.2020ലെ ഓഫീസ് നോട്ട്സിൽ ബഹു. കൌൺസലിന്റെ 07.03.2020ലെ 4-ാം നമ്പർ തീരുമാന പ്രകാരം തിരൂർ നഗരസഭ സാംസ്കാരിക സമുച്ചയത്തിൽ സ്ഥാപിച്ച സോളാർ പാനലിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിയിലേക്ക് സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെടുന്നതിന് അംഗീകാരം നല്കാൻ തീരുമാനമെടുത്തിട്ടുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പവർ പ്ലാന്റ് പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാതെ കെ.എസ്.ഇ.ബിയുമായി കരാർ വയ്ക്കാൻ തീരുമാനമെടുത്തതിന് സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

06. ജില്ലാ എഞ്ചിനീയർ ,അനർട്ട് ജില്ലാ കാര്യാലയം, മലപ്പുറത്തിന്റെ 13.03.2020ന് തിരൂർ നഗരസഭയ്ക്ക് അയച്ച കത്തിൽ സൌര എനർജി സൊലൂഷൻസ് സ്ഥാപിച്ചിട്ടുള്ള സൌര നിലയം അനർട്ട് അംഗീകരിച്ച സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റ് പ്രവർത്തന സജ്ജമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. പ്ലാന്റ് പ്രവർത്തന ക്ഷമമാണെന്ന് പരിശോധിക്കാതെ പാർട്ട് ബിൽ നല്കിയത് ശരിയായ നടപടിയല്ല.

07. സൌര എനർജി സൊലൂഷൻസ് 29.09.2020ലെ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിൽ 13.07.2020ന് സോളാർ പവ്വർ പ്ലാന്റ് സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. . ആയതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ബിൽ തുക70213/- അനുവദിക്കാൻ സൂപ്രണ്ട്, എഞ്ചിനീയറിംഗ് വിഭാഗം 02.08.2021 ലെ ഓഫീസ് നോട്ട്സിൽ പറയുന്നുണ്ട്. പ്ലാന്റ് പ്രവർത്തന ക്ഷമമാണെന്ന് പരിശോധിക്കാതെ എഞ്ചനീയറിംഗ് വിഭാഗം ബിൽ തുക നല്കാൻ നിർദ്ദേശിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. എന്നാൽ സോളാർ പാനൽ പ്രവർത്തന ക്ഷമമല്ലെന്നും പ്രശ്ന പരിഹാരത്തിന് ഏജൻസിക്ക് കത്ത് നല്കാൻ 02.08.21 തിയ്യതിയിലെ ഓഫീസ് നോട്ട്സിൽ പറയുന്നുണ്ട്. മേൽ വൈരുദ്ധ്യത്തിന് വിശദീകരണം നല്കേണ്ടതും നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 56/21-22 തിയ്യതി 15.02.2023) മറുപടി ലഭ്യമായിട്ടില്ല. തുടർന്ന് 20.02.2023 തിയതിയിൽ ഈ ഓഫീസിലെ ജീവനക്കാരും നഗരസഭയിലെശ്രീ അമൽ.എ.വി. ഫസ്റ്റ് ഗ്രേഡ് ഓവർസിയറും സംയുക്ത പരിശോധന നടത്തിയതിൽ പ്രവർത്തന രഹിതമായ സോളാർ പാനലും പ്രവർത്തന ക്ഷമമായ മൈക്ക് സിസ്റ്റവും മാത്രമാണ് കണ്ടത് . സോളാർ പാനലുമായി ബന്ധപ്പെട്ട അനുബന്ധ സാമഗ്രികൾ ഒന്നും തന്നെ കാണാൻ സാധിക്കുകയുണ്ടായില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് പദ്ധതിയിൽ വിഭാവനം ചെയ്ത മുഴുവൻ പ്രവർത്തികളും പൂർത്തിയാക്കിയതിനു ശേഷം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിനു ശേഷം മാത്രമേ അവശേഷിക്കുന്ന 70213/-രൂപ സൌര എനർജി സൊലൂഷൻസ്-ന് നല്കാവൂ. തുക നല്കിയ വിവരവും പൂർത്തീകരണ വിവരവും ഈ ഓഫീസിനെ കൂടി അറിയിക്കേണ്ടതാണ്.

## 1-57 ബയോബിൻ വിതരണം - വിതരണത്തിലെ അപാകതകൾ -50,79,800 രൂപയുടെ

ചെലവ് തടസ്സം ചെയ്യുന്നു

പ്രോജക്ടിന്റെ പേര്: സംസ്കരണ ഉപകരണങ്ങൾ ഓരോ വാർഡിലും

പ്രോജക്ട് നമ്പർ: SO 234/2021-22

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ തുക: 1,14,21,078/-

PFMS നമ്പർ: C032290402979 തീയതി 30-03-22, ബിൽ തുക – 50,79,800/-

-Align: Justify;">

Date

Quantity

Unit Rate

Invoice No.

Date

Quantity

Unit Rate

Taxable Value

CGST

SGST

Total

30

04.11.2021

2309

2200

48,37,904.76

1,20,947.62

1,20,947.62

50,79,800

പർച്ചേസ് ചെയ്ത ബയോബിന്നുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് പകരം വാർഡ് കൗൺസിലർമാർ കൈപ്പറ്റിയതായിട്ടാണ് ഫയലിൽ കാണുന്നത്. എന്നാൽ കൈപ്പറ്റിയ ബയോബിന്നുകൾ കൗൺസിലർമാർ വിതരണം ചെയ്തതായുള്ള യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ആയതിനാൽ കൗൺസിലർമാരിൽ നിന്ന് ഗുണഭോക്താക്കൾ ബയോബിന്നുകൾ കൈപ്പറ്റിയതിന്റെ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം. 15/2021-22 തീയതി: 20.10.2022) നൽകിയിരുന്നെങ്കിലും നാളിതുവരെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 50,79,800 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല 55,000/-രൂപയുടെ നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(10) പ്രകാരം കരാറുകാരനിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ തൊഴിൽ നികുതിയായി ഈടാക്കാവുന്നതാണ്. 2021-22 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം നഗരസഭയിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | രണ്ട് അർദ്ധ വർഷത്തെ |
|---|---|---|

| | | നികുതി |
|---|---|---|
| 1 | യൂസഫ്. പി | 2500 |
| 2 | അർജ്ജുനൻ. എം | 2500 |
| 3 | യൂസഫ്. കെ.പി | 2500 |
| 4 | കസീം. പി | 2500 |
| 5 | മോഹനൻ. കെ | 2500 |
| 6 | ഷൈജു. പി | 2500 |
| 7 | അബ്ദുൽ റഷീദ്. കെ.പി | 2500 |
| 8 | ഷാഹിർ. പി.വി | 2500 |
| 9 | മുഹമ്മദ് സിറാജ്. കെ.കെ | 2500 |
| 10 | പുരുഷോത്തമൻ.പി | 2500 |
| 11 | മോഹൻദാസ്. പി | 2500 |
| 12 | ബാലകൃഷ്ണൻ. ടി | 2500 |
| 13 | അബ്ദുൾ സലീം. എൻ | 2500 |
| 14 | മുസ്തഫ ഒറിയോടത്ത് | 2500 |
| 15 | രമേശ്. ഇ | 2500 |
| 16 | യാസിർ അഹമ്മദ്. എൻ | 2500 |
| 17 | കൃഷ്ണൻ കുട്ടി. എൻ | 2500 |
| 18 | കുഞ്ഞിമുഹമ്മദ്. യു | 2500 |
| 19 | സിദ്ദിഖ്. കെ | 2500 |
| 20 | റിജേഷ്. പി. ആർ | 2500 |
| 21 | കൃഷ്ണദാസ്. എം | 2500 |
| 22 | വി.പി. ഹംസ | 2500 |
| ആകെ | | 55000 |

2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കരാറുകാരിൽ ആരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മേൽ കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ നികുതി ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ വസ്തുതകൾ വിശദമാക്കി മറുപടിയും മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 48/2021-22 തീയതി 06-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻവർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ആവർത്തിച്ച് ഈ വിഷയം ഓഡിറ്റ് വകുപ്പ് ഉന്നയിച്ചതിനാൽ 2020-21 വർഷത്തിൽ ചുരുക്കം ചില കാരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ഒരു കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിന് യാതൊരു തുടർനടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. ആയതിനാൽ നികുതി ഇനത്തിലെ 55,000രൂപയുടെ നഷ്ടം യഥാസമയം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പത്രപ്പരസ്യം നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ തുകയും നല്കി -5568/-രൂപ നിരാകരിക്കുന്നു.

പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | പ്ലാൻ രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവുകൾ<br>പ്രൊജക്ട് നം. 5/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,<br>തിരൂർ നഗരസഭ |
| അടങ്കൽ | 300000/- |
| ചെലവ്<br>31792/-<br>(Development Fund(CFC-Basic Grant)<br>58948/-<br>(Development Fund (General)<br>--------<br>90740<br>===== | 31792/-Vr.No.22101708/11.02.2022<br>17520/-Tr.Bill No.27/11.08.2021<br>10584/-Tr.Bill No.28/11.08.2021<br>14440/-Tr.Bill No.39/18.09.2021<br>16404/-Tr.Bill No.49/19.11.2021<br>90740<br>===== |
| ഫയൽ നം. | എ5-11104/21 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയ്ക്ക് വേണ്ടി വിവിധ പത്രങ്ങളിൽ പരസ്യം നല്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ ബിൽ തുകയും പത്രങ്ങൾക്ക് നല്കി. വിശദ വിവരങ്ങൾ താഴെ നല്കുന്നു.

| ക്രമ നം. | പത്രത്തിന്റെ പേര് | വിഷയം | ഇൻവോയ്സ് നം./ തിയ്യതി/തുക |
|---|---|---|---|
| 01 | എക്സ്പ്രസ് പബ്ലിക്കേഷൻ (മധുരൈ) പ്രൈവറ്റ് ലിമിറ്റഡ്,കോഴിക്കോട്<br>(ന്യൂ ഇന്ത്യൻ എക്സ്പ്രസ്) | പാർക്കിംഗ് പ്ലാസകൾ നിർമ്മിക്കൽ, ഡി.പി.ആർ തയ്യാറാക്കൽ എന്ന പദ്ധതിയുടെ ടെണ്ടർ പരസ്യം | KLI4042906/19.06.21<br>Charge Rs.10080<br>SGST 252<br>CGST 252<br>Total 10584 |
| 02 | ജനയുഗം പബ്ലിക്കേഷൻസ്,<br>തിരുവനന്തപുരം | എഞ്ചിനീയറിംഗ് വിഭാഗത്തിലെ ടെണ്ടർ പരസ്യങ്ങൾ പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ചെലവായ തുക | 2021090243/13.09.21<br>Charge Rs. 3360<br>SGST 84<br>CGST 84<br>Total 3528 |
| 03 | ജനയുഗം പബ്ലിക്കേഷൻസ്,<br>തിരുവനന്തപുരം | തെരുവ് വിളക്ക് എ.എം.സി-പത്രപ്പരസ്യം | 2021100468/29.10.21<br>Charge Rs. 2800<br>SGST 70<br>CGST 70<br>Total 2940 |
| 04 | ജനയുഗം പബ്ലിക്കേഷൻസ്,<br>തിരുവനന്തപുരം | വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മരാമത്ത് പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിന് പത്രത്തിൽ പരസ്യം നല്കിയതിന് ചെലവഴിച്ച തുക | 2021100153/09.10.21<br>Charge Rs. 3920<br>SGST 98<br>CGST 98<br>Total 4116 |
| 05 | മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, മലപ്പുറം | വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മരാമത്ത് പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിന് പത്രത്തിൽ പരസ്യം നല്കിയതിന് ചെലവഴിച്ച തുക | 321000089438/4.01.22<br>Charge Rs. 16960<br>SGST 424<br>CGST 424<br>Total 17808 |

ജി.ഒ.(ആർ.ടി)നം.288/14/I&PRD തീയതി, 10-9-14 പ്രകാരം പരസ്യങ്ങൾപി&എ.ആർ.ഡി മുഖേനനൽകിയാലും നേരിട്ട് നല്കിയാലും 15% ഡിസ്കൗണ്ട് നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഡിസ്കൗണ്ട് കുറവ് ചെയ്യാതെ പത്രങ്ങൾ നല്കിയ ബില്ല് പ്രകാരമുള്ള മുഴുവൻ തുകയും നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥന് നല്കിയ ഓഡിറ്റ് അന്വേഷണ ( നം. 22/ 21-22 തിയ്യതി 02.10.2022)ത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പത്രപ്പരസ്യത്തിന് നല്കിയ ബിൽ തുകയിൽ നിന്നും ചരക്ക സേവന നികുതി കുറച്ചുള്ള തുകയായ 37120/-രൂപയുടെ (10080+3360+2800+3920+16960)15%മായ 5568/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - ചെലവ് വിവരങ്ങൾ ലഭ്യമല്ല - 1,90,000 രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര്: വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - സാനിറ്റേഷൻ കമ്മിറ്റിക്ക്
പ്രോജക്ട് നമ്പർ: SO 189/2021-22
നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെൽത്ത് സൂപ്പർവൈസർ, തിരൂർ നഗരസഭ
അടങ്കൽ തുക: 1,90,000 Development Fund (CFC Tied Grant)
ബിൽ/ചെക്ക്/വൌച്ചർ വിവരങ്ങൾ:

1. PFMS നമ്പർ C022259036156, വൌച്ചർ നം. 22101720 തീയതി 02-03-22, ബിൽ തുക – 1,85,000

2. ചെക്ക് നമ്പർ 467254, വൌച്ചർ നം. 22101721, തീയതി 02-03-22, ബിൽ തുക – 5,000

ആകെ ചെലവ് : 1,90,000/-

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി 2021-22 വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്ക് (പ്രോജക്ട് നമ്പർ 189/2021-22) നഗരസഭാ വിഹിതമായി 38 വാർഡുകൾക്ക് 5000 രൂപ വീതം മൊത്തം 1,90,000 രൂപ വാർഡ് സാനിട്ടേഷൻ കമ്മിറ്റികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ ജോയിന്റ് ബാങ്ക് അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തി.

1. പദ്ധതി പ്രകാരം ശുചിത്വ മിഷൻ, NRHM എന്നിവരിൽ നിന്ന് ഓരോ വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്കും ലഭ്യമാകേണ്ട വിഹിതം 10,000 രൂപ വീതമാണ്. ഈ തുകകൾ വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് ലഭ്യമായിട്ടുണ്ടോയെന്ന വിവരം ഫയലിൽ ലഭ്യമല്ല.
2. പദ്ധതിപ്രകാരം ഓരോ വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്കും ലഭ്യമായ തുകകൾ അതാത് കമ്മിറ്റികൾ ചിലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. തുക ചിലവഴിച്ചിട്ടുണ്ടെങ്കിൽ അവയുടെ വൌച്ചറുകൾ, മസ്റ്റർ റോൾ, ധനവിനിയോഗ സാക്ഷ്യപത്രം, കമ്മിറ്റി മിനിറ്റ്സ് കോപ്പി തുടങ്ങിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

   അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 23/2021-22, തീയതി: 11.11.22) നൽകിയെങ്കിലും മറുപടി ഇതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഓഡിറ്റ് എൻക്വയറിയിൽ രേഖകൾ ലഭ്യമാക്കാതിരുന്നാൽ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ -1997, ചട്ടം 12(2) പ്രകാരം അത്തരം രേഖകൾ നിലവിലില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 1,90,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നതല്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും പ്രസ്തുത രേഖകൾ ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരം തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

## 3-3 ഗ്യാസ് ക്രിമറ്റോറിയം - പരിപാലനവും നടത്തിപ്പും അപാകതകൾ-3896/- രൂപ നഷ്ടം

ഫയൽ നമ്പർ. H3-9319/18

വൗച്ചർ നമ്പർ 22100918/18-12-2021 - 1,16,911/- (ചെക്ക് നമ്പർ 559763/18-12-2021)

നഗരസഭ വക ഗ്യാസ് ക്രിമറ്റോറിയത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ഗ്യാസ് സിലിണ്ടറുകൾ വാങ്ങുന്നതിനാണ് മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ചുവടെ കൊടുക്കുന്ന അപാകത കാണുന്നു.

മേൽ വൗച്ചർ പ്രകാരം പ്രകാശ് ഗ്യാസ് ഏജൻസിയുടെ വിവധ ഇൻവോയ്സുകൽക്ക് തുക നൽകിയതിൽ ഇൻവോയ്സ് നമ്പർ 2797826/6-11-2021, പ്രകാരം 6 സിലിണ്ടറുകൾക്ക് 11,690/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിലും ഗ്യാസ് ക്രിമിറ്റോറിയം സൂക്ഷിപ്പുകാരൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിലും ടി ഇൻവോയ്സ്

പ്രകാരം 4 സിലിണ്ടറുകൾ ലഭിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2021-22 തീ.07-07-2022) ലഭ്യമാക്കിയ മറുപടിയിൽ ഇൻവോയ്സ് പ്രകാരമുള്ള 6 സിലിണ്ടറുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സമർപ്പിക്കുന്ന എന്നാണ്. നഗരസഭ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ആയത് പ്രകാരമുള്ള രേഖപ്പെടുത്തൽ നടത്തി സമർപ്പിച്ചെങ്കിലും ഗ്യാസ് ക്രിമിറ്റോറിയം സൂക്ഷിപ്പുകാരൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ടി ഇൻവോയ്സ് പ്രകാരം 4 സിലിണ്ടറുകൾ ലഭിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്യാസ് ക്രിമിറ്റോറിയം സൂക്ഷിപ്പുകാരന്റെ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് നഗരസഭ സെക്ഷൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ 2 സിലിണ്ടറുകൾക്ക് 3896/- രൂപ അധികം നൽകിയതായി കാണുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധിച്ചിട്ടുള്ളത്. ഓഡിറ്റ് സാക്ഷ്യപത്രം ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ (4/21-22) | C022237829968 Dtd 14.02.22 | 871784 | 871784 | |
| | | C022239696118 Dtd 14.02.22 | 170522 | 170522 | |
| | | C022241320724 Dtd 16.02.22 | 137624 | 137624 | |
| | | 2115054700020130000 Dtd 19.03.22 | 430 | 430 | |
| | | C032242700271 Dtd 19.03.22 | 45000 | 45000 | |
| | | 211505470002009000 Dtd. 17.01.22 | 7670 | 7670 | |
| | | 21150547000200795715 Dtd. 16.12.21 | 573420 | 573420 | |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (193/21-22) | C032293326371 Dtd 31.03.2022 | 14000 | 14000 | |
| | | C032270865882 Dtd 27.03.2022 | 800000 | 80000 | |
| | | C032270878328 Dtd 27.03.2022 | 15000 | 15000 | |
| | | C122113927055 Dtd 09.12.2021 | 1345776 | 1345776 | |
| | | C022237815646 Dtd 14.02.22 | 500000 | 500000 | |
| | | C012251580101 Dtd 27.01.2022 | 300000 | 300000 | |
| | | C012254716763 Dtd. 28.01.2022 | 210000 | 210000 | |
| | | C022227489751 Dtd. 11.02.22 | 200000 | 200000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ, പി.എം.എ.വൈ/ലൈഫ് മിഷൻ | | 3,70,00,000 | 3,20,66,666 | 24,66,667 | - | 2,95,99,999 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19394750 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 19394750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19394750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള മർമ്മ ആയുർവേദിക കോ-ഓപ് ഫാർമസി | 100 |
| കെ.യു.ആർ.ഡി.എഫ്.സി | 35000 |

| | |
|---|---|
| എം.ഡി.സി. സ്പിന്നിംഗ് മിൽ | 5000 |
| ഗവ. പ്രസ്സ്, തിരുവനന്തപുരം | 500 |
| ആർട്ടിസാൻ കോർപ്പറേഷൻ | 10000 |
| എം.ഡി.സി. ഹോസ്പിറ്റൽ | 5000 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 15339150 |
| ഇക്യുറ്റി ഷെയർ | 4000000 |
| ആകെ | 19394750 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം-ട്രാക്ടർ ദുരുപയോഗം ചെയ്തു. |
| 2001-2002 | 3(61) | 2006-2007 | 4.23.3 | 3നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത് |
| 2001-2002 | 3(61) | 2006-2007 | 4.23.3 | തെക്കുംമുറി ജി.എൽ.പി.എസ് കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി-മൊബിലൈസേഷൻ അഡ്വാൻസ് |
| 2004-2005 | 3.24 | 2007-2008 | 4.10.1 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| 2009-10 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 2.9.8 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 3.1.9 | കേരകൃഷി |

| | | | | |
|---|---|---|---|---|
| 2010-11 | 3.20 | 2012-2013 | 4.6.3 | കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം-18.94 ലക്ഷം പാഴായി |
| -- | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത് |
| -- | - ടി - | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത് |
| 2011-12 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം-2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികളില്ല. |
| 2011-12 | ,, | 2015-2016 | 4.2.3 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -വ്യത്യസ്ത ചിത്രം |
| 2014-15 | ,, | 2015-2016 | 4.2.4 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 304397202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 331568781 |
| വരവിനങ്ങളിലെ നഷ്ടം | 55000 |
| ചെലവിനങ്ങളിലെ നഷ്ടം | 199464 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,56,34,217 |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 27500 | | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് |
| | 27500 | | ശ്രീ. ഷെറി. ജി,നഗരസഭ സെക്രട്ടറി |
| 3-1 | | 5568 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് |
| 3-2 | | 190000 | ജീവരാജ്.ഇ.കെ. ,ഹെൽത്ത് സൂപ്പർവൈസർ |
| 3-3 | | 3896 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 55000 | 199464 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-23 | 30,00,000 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12 |
| 1-24 | 2,81,132 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12 |
| 1-25 | 3384776 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് & ശ്രീ. ഷെറി. ജി,നഗരസഭ സെക്രട്ടറി | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12<br>&<br>സിന്ദൂരം, ചാലചേരി, വങ്കവിള,<br>ഇരിഞ്ചയം. പി.ഒ.<br>നെടുമങ്ങാട്,തിരുനന്തപുരം,<br>പി.ൻ.695561 |
| 1-26 | 1806450 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് & ശ്രീ. ഷെറി. ജി,നഗരസഭ സെക്രട്ടറി | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12<br>&<br>സിന്ദൂരം, ചാലചേരി, വങ്കവിള,<br>ഇരിഞ്ചയം. പി.ഒ.<br>നെടുമങ്ങാട്,തിരുനന്തപുരം,<br>പി.ൻ.695561 |
| 1-29 | 93621 | ഡോ. ബേബി ലക്ഷ്മി, മെഡിക്കൽ ഓഫീസർ,ജില്ലാ ആശുപത്രി | നടുവിലപറമ്പിൽ, റഹന ഹോംസ്, ദ ഗ്രീൻസ്, പേരാമംഗലം, തൃശ്ശൂർ-680545 |
| 1-32 | 358445 | ശ്രീ. രഞ്ജിത്ത്. എ, പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ |
| 1-33 | 163900 | ശ്രീ. രഞ്ജിത്ത്. എ, പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ |
| 1-34 | 1177101 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12 |
| 1-41 | 189000 | ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12 |
| 1-53 | 99992 | ശ്രീ.ജീവരാജ്.ഇ.കെ. ,ഹെൽത്ത് സൂപ്പർവൈസർ | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ |
| 1-57 | 5079800 | ശ്രീ.ജീവരാജ്.ഇ.കെ. ,ഹെൽത്ത് സൂപ്പർവൈസര് | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂര് |
| ആകെ | 1,56,34,217 | | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റ്റി.വി. ശിവദാസൻ,സെക്രട്ടറി ഇൻ ചാർജ് | ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി, തിരൂർ നഗരസഭ കാര്യാലയം | തട്ടാരു വീട്ടിൽ,<br>ഫാക്ടറി റോഡ്,<br>പച്ചാളം, കൊച്ചി-12 |
| ശ്രീ. ഷെറി. ജി, സെക്രട്ടറി | സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് കാര്യാലയം | സിന്ദൂരം, ചാലചേരി, വങ്കവിള,<br>ഇരിഞ്ചയം. പി.ഒ.<br>നെടുമങ്ങാട്,തിരുനന്തപുരം,<br>പി.ൻ.695561 |
| ശ്രീ.ജീവരാജ്.ഇ.കെ. ,ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, തിരൂർ നഗരസഭ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽഎഫ്.എം4/343/2003/<br>തിയ്യതി 13-08-2004 | 30 |
| 2001-2002 | എൽഎഫ്.എം18/1121/2009<br>തീയതി 18-07-2009/12-08-2009 | 76 |
| 2002-2003 (വരവ്) | എൽഎഫ്.എം14/1313/2006<br>തീയതി 13-11-2003 | 20 |
| 2002-2003 (ചെലവ്) | എൽഎഫ്.എം4/1343/2005<br>തീയതി 02-03-2007 | 27 |
| 2003-2004 | എൽഎഫ്.എം18/273/2007<br>തീയതി 20-03-2007 | 39 |

| | | |
|---|---|---|
| 2004-2005 | എൽഎഫ്.എം18/273/2007<br>തീയതി 20-03-2007 | 29 |
| 2005-2006 | എൽഎഫ്.ടി.എം1/31/2010<br>തീയതി 02-05-2011 | 34 |
| 2006-2007 | എൽഎഫ്.ടി.എം1/32/2010<br>തീയതി 27-06-2011 | 22 |
| 2007-2008 | എൽഎഫ്.ടി.എം1/33/2010<br>തീയതി 18-09-2011 | 20 |
| 2008-2009 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 20 |
| 2009-2010 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 8 |
| 2010-2011 | എൽഎഫ്.ടി.എം2/356/2012<br>തീയതി 19-08-2013 | 48 |
| 2011-2012 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 22 |
| 2012-2013 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 12 |
| 2013-2014 | കെ.എസ്.എ-ടി.ആർ.എം2/230/2016<br>തീയതി 22-10-2018 | 41 |
| 2014-2015 | കെ.എസ്.എ-ടി.ആർ.എം2/171/2016<br>തീയതി 27-06-2016 | 29 |
| 2015-2016 | കെ.എസ്.എ-ടി.ആർ.എം2/20/2017<br>തീയതി 08-02-2017 | 25 |
| 2016-2017 | കെ.എസ്.എ-ടി.ആർ.എം2/326/2017<br>തീയതി 21-06-2018 | 17 |
| 2017-2018 | കെ.എസ്.എ-ടി.ആർ.എം2/76/2018<br>തീയതി 02-02-2019 | 16 |
| 2018-2019 | കെ.എസ്.എ.ടി.ആർ.എം2/57/2020<br>തീയതി 03-07-2020 | 36 |
| 2019-2020 | കെ.എസ്.എ.ടി.ആർ.എം2/370/2021<br>തീയതി 15-12-2021 | 22 |
| 2020-2021 | കെ.എസ്.എ.ടി.ആർ.എം2/230/2022<br>തീയതി 02-06-2022 | 33 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
നഗരസഭ ഓഡിറ്റ് കാര്യാലയം,തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം


മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

# വാർഷിക ധനകാര്യ പത്രികകൾ

## റസീപ്റ്റ് & പെയ്മന്റ്




Thirur Municipality
Receipt And Payment Statement
For the period from 01-April-2021 To 31-March-2022

| | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | **Opening Balance** | | |
| | Bank | RP-40(a) | 144,161,945.28 |
| | Cash | RP-40(a) | 3,873,736.00 |
| | **Receipts** | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 9,043,496.00 |
| 120000000 | Assigned Revenues & Compensation | RP-2 | 207,619.00 |
| 130000000 | Rental Income from Municipal Properties | RP-3 | 530,350.00 |
| 140000000 | Fees & User Charges | RP-4 | 15,336,704.00 |
| 150000000 | Sale & Hire Charges | RP-5 | 211,333.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 107,436,926.00 |
| 171000000 | Interest Earned | RP-8 | 2,430,173.00 |
| 180000000 | Other Income | RP-9 | 49,151.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 87,784,888.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 3,891,455.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 52,717,610.00 |
| 340000000 | Deposits Received | RP-27 | 1,386,062.00 |
| 350000000 | Other Liabilities | RP-29 | 23,258,389.00 |
| 460000000 | Loans, Advances and Deposits | RP-41 | 113,046.00 |
| Grand Total | | | 452,432,883.28 |
| | **Payments** | | |
| Operating | | | |
| 210000000 | Establishment Expenses | RP-10 | 20,103,098.00 |
| 220000000 | Administrative Expenses | RP-11 | 3,825,809.00 |
| 230000000 | Operations & Maintenance | RP-12 | 7,122,164.00 |
| 240000000 | Interest & Finance Charges | RP-13 | 371,172.00 |
| 250000000 | Programme Expenses | RP-14 | 47,538,142.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 34,559,946.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-46 | 17,440,506.00 |
| 253000000 | Decentralised Plan Programme - Projects not included in Secto | RP-47 | 1,925,030.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 61,439.00 |
| 350000000 | Other Liabilities | RP-29 | 34,530,661.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 2,587,504.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 16,703.00 |
| 311000000 | Earmarked Funds | RP-22 | 8,412,043.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 44,160,938.00 |
| 340000000 | Deposits Received | RP-27 | 791,077.00 |
| 350000000 | Other Liabilities | RP-29 | 94,915,597.00 |
| 410000000 | Fixed Assets | RP-31 | 3,707,084.00 |
| 412000000 | Capital Work In Progress | RP-33 | 9,396,720.00 |
| 460000000 | Loans, Advances and Deposits | RP-41 | 103,148.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 117,336,781.28 |
| | Cash | RP-40(b) | 3,527,321.00 |
| Grand Total | | | 452,432,883.28 |

Software Support: Information Kerala Mission Page 1 of 1 Accounts Officer Secretary

## ഇൻകം & എക്സ്പെൻഡീച്ചർ



26/07/2022


Tirur Municipality
Income & Expenditure Statement
For the period from 01-April-2021 to 31-March-2022

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 59,786,926.00 |
| 120000000 | Assigned Revenues & Compensation | I-2 | 207,619.00 |
| 130000000 | Rental Income from Municipal Properties | I-3 | 14,989,868.00 |
| 140000000 | Fees & User Charges | I-4(b) | 19,012,489.00 |
| 150000000 | Sale & Hire Charges | I-5(b) | 231,883.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 237,847,047.00 |
| 170000000 | Income from Investments | I-7 | |
| 171000000 | Interest Earned | I-8 | 856,951.00 |
| 180000000 | Other Income | I-9 | 8,576,543.00 |
| A | **Total-Income** | | 341,509,326.00 |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 99,361,659.00 |
| 220000000 | Administrative Expenses | I-11(b) | 17,631,456.00 |
| 230000000 | Operations & Maintenance | I-12(b) | 8,921,507.00 |
| 240000000 | Interest & Finance Charges | I-13 | 371,172.00 |
| 250000000 | Programme Expenses | I-14 | 146,177,416.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 26,010,433.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 27,272,327.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14 | 1,900,120.00 |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 25,779.00 |
| 272000000 | Depreciation | I-17(a) | 15,143,263.00 |
| B | **Total-Expenditure** | | 342,815,132.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | (1,305,806.00) |
| D= 280000000 | Prior Period Item | I-18 | (27,215,429.00) |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 25,909,623.00 |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Muncipal Fund)* | | 25,909,623.00 |

Software Support: Information Kerala Mission Accounts Officer Secretary

Page 1 of 1

## ബാലൻസ് ഷീറ്റ്



26/07/202

Tirur Municipality
BALANCE SHEET
As on 31-March-2022

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 166359152.78 |
| 311000000 | Earmarked Funds | B-2 | (8802231.00) |
| 312000000 | Reserves | B-3 | 162699687.00 |
| | ***Total Reserve& Surplus*** | | 320256608.78 |
| | **Grants,Contributions for specific purposes** | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 66403334.00 |
| | ***Total Grants,Contributions for specific purposes*** | | 66403334.00 |
| | **Loans** | | |
| 330000000 | Secured Loans | B-5 | 29684503.00 |
| | ***Total Loans*** | | 29684503.00 |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 14383752.00 |
| 350000000 | Other Liabilities | B-9 | 27464797.50 |
| | ***Total Current Liabilities and Provisions*** | | 41848549.50 |
| | **TOTAL LIABILITIES** | | 458192995.28 |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 207522908.00 |
| 411000000 | Accumulated Depreciation | B-11 | (109694725.00) |
| 412000000 | Capital Work In Progress | B-11 | 52194547.00 |
| | ***Total Fixed Assets*** | | 150022730.00 |
| | **Investments** | | |
| 420000000 | Investments - General Fund | B-12 | 19394750.00 |
| 421000000 | Investments - Other Funds | B-13 | 0.00 |
| | ***Total Investments*** | | 19394750.00 |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 1347748.00 |
| 431000000 | Sundry Debtors (Receivables) | B-15 | 156599051.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | (5648330.00) |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 120864102.28 |
| 460000000 | Loans, Advances and Deposits | B-18 | 15612944.00 |
| | ***Total Current Assets,Loans and Advances*** | | 288775515.28 |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | ***Total Miscellaneous Expenditure(To the Extent not written off)*** | | 0.00 |
| | **TOTAL ASSETS** | | 458192995.28 |

Software Support : Information Kerala Mission Accounts Officer Balance Sheet Secretary Page 1 of 1